Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 തുലാം 10—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഒക്ടോബർ 27 | ലക്കം 11



പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം പതിനൊന്നു്

ഒരു വിജനപ്രദേശം

(കാതറൈനെ ഒരു സ്തംഭത്തോടുചേർത്തു ബന്ധിച്ചിരിക്കുന്നു. ദേഹത്തെല്ലാം അടിയുടെ പാടുകൾ രക്തം ഒഴുകുന്നു. വസ്ത്രങ്ങൾ അവിടവിടെ രക്തത്താൽ നനഞ്ഞിരിക്കുന്നു. കൊരടാവു ധരിച്ചിട്ടുള്ള രണ്ടു ഭടന്മാർ അടുത്തു നില്ക്കുന്നു)

കാത:- പിതാവേ, ഇവർ ചെയ്യുന്നതെന്താണെന്നു ഇവർ അറിയുന്നില്ല. ഇവരോടു ക്ഷമിക്കേണമേ.

ഒന്നാമൻ:- വീണ്ടും ആ പല്ലവിതന്നെ. (അടിക്കുവാനോങ്ങുന്നു)

രണ്ടാ:- മതി അടിച്ചതു്. ഇനിയും അടിച്ചാൽ അവൾ ചത്തുപോയെന്നുവരും.

ഒന്നാ:- ചാകുന്നെങ്കിൽ ചാകട്ടെ. ഇവററകൾ എന്തിനു ജീവിക്കുന്നു!

രണ്ടാ:- സ്നേഹിതാ, ഇവൾ നമുക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. പിന്നെ നാമെന്തിനു് ഇവളോടു മനുഷ്യത്വമില്ലാതെ പെരുമാറണം?

ഒന്നാ:- ഇവൾ ചക്രവർത്തി തിരുമേനിയെ ധിക്കരിച്ചില്ലേ?

രണ്ടാ:- എന്നാരുപറഞ്ഞു! എത്രയോ ക്രിസ്ത്യാനികളെയാണു ദൈനംദിനം അതിഭയങ്കരമായി മർദ്ദിക്കുന്നതു്. അവരിൽ ആരെങ്കിലും ആരേയെങ്കിലും ദ്രോഹിച്ചതായി നിങ്ങളറിഞ്ഞിട്ടുണ്ടോ?

ഒന്നാ:- അവർ റോമൻ ദേവന്മാരേയും രാജകീയമതത്തേയും ധിക്കരിച്ചില്ലേ?

രണ്ടാ:- നരബലി പുണ്യമാണെന്നു പഠിപ്പിക്കുന്ന റോമൻ മതത്തേയും അതുകൊണ്ടു പ്രീതിപ്പെടുമെന്നു പറയുന്ന റോമൻ ദേവന്മാരേയും ബഹുമാനിക്കുവാൻ സുബുദ്ധിയുള്ള ആർക്കെങ്കിലും കഴിയുമോ?

ഒന്നാ:- എന്തു്! നിങ്ങളും ഒരു ക്രിസ്ത്യാനിയെപ്പോലെ സംസാരിക്കുന്നല്ലോ!

രണ്ടാ:- എന്നൊന്നുമില്ല. എങ്കിലും കുറേ നാളുകളായി എന്തൊക്കെയോ ചിന്താകുഴപ്പം എന്നെ ബാധിച്ചിട്ടുണ്ടു്.

ഒന്നാ:- എന്നുപറഞ്ഞാൽ!

രണ്ടാ:- ഞാൻ ചോദിക്കട്ടെ, എത്രതന്നെ മർദ്ദിച്ചിട്ടും ഈ ക്രിസ്ത്യാനികൾക്കു് വല്ല ചാഞ്ചല്യവുമുള്ളതായി നിങ്ങൾക്കു തോന്നുന്നുണ്ടോ? മരണത്തെ അവർ തൃണവൽഗണിക്കുകയല്ലേ ചെയ്യുന്നതു്?

ഒന്നാ:- അതുകൊണ്ടു്?

രണ്ടാ:- നിശ്ചയമായും ഒരദൃശ്യശക്തി അവരുടെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടു്. ശത്രുവിനേയും സ്നേഹിക്കണമെന്നു പഠിപ്പിക്കുന്ന ആ മതമാണു യഥാർത്ഥത്തിൽ സത്യമായിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു.

ഒന്നാ:- ഞാൻ ആവക കാര്യങ്ങളേപ്പററിയൊന്നും ആലോചിക്കാറില്ല.

രണ്ടാ:- അതു നിങ്ങളുടെ കുററമല്ല. യജമാനപ്രീതിക്കുവേണ്ടി ചോര നീരാക്കി പണിയെടുക്കുവാനല്ലാതെ ആലോചിക്കുവാനോ പഠിക്കുവാനോ നമുക്കു സമയമില്ലല്ലോ.

ഒന്നാ:- വാസ്തവം. അവരുടെ കല്പനകൾക്കുവേണ്ടി കാത്തുനില്ക്കുക. ഏതു ഹീനകൃത്യവും ചെയ്യുക. അതുമാത്രമാണു നമ്മുടെ തൊഴിൽ. എന്തുചെയ്യാം ജീവിക്കേണ്ടേ?

രണ്ടാ:- സ്നേഹിതാ, ജീവിതം അന്തസ്സുള്ളതാണു്. ആ ബോദ്ധ്യം നമുക്കെപ്പോഴുമുണ്ടായിരിക്കണം.

ഒന്നാ:- ഇപ്പോഴത്തെ സാഹചര്യങ്ങളിൽ നമുക്കെന്തുചെയ്യുവാൻ കഴിയും?

രണ്ടാ:- അതാണാലോചിക്കേണ്ടതു്. വരൂ, ഈ യുവതിയെ നമുക്കു കാരാലയത്തിലേക്കുതന്നെ കൊണ്ടുപോകാം. നാമിനിയും അവളെ ഉപദ്രവിക്കേണ്ടതില്ല. (കാതറൈനിൻെറ കെട്ടുകൾ അഴിക്കുന്നു. പൊടുന്നനവെ റൈററസ് പ്രവേശിക്കുന്നു)

റൈറ:- ദ്രോഹികൾ! എന്തു ചെയ്യുന്നു ഇവിടെ?

ഒന്നാ:- ഞങ്ങൾ കല്പനപോലെ എല്ലാം ചെയ്തു.

റൈറ:- എന്തുചെയ്തു? ഇങ്ങിനെയാണോ കല്പന കേൾക്കുന്നതു്?

രണ്ടാ:- സ്വാമിൻ, ഇതാ, ഇവളുടെ വസ്ത്രങ്ങൾപോലും രക്തത്താൽ നനഞ്ഞിരിക്കുന്നതു് അവിടുന്നു കാണുന്നില്ലേ?

റൈറ:- ഇവൾ ഇനിയും ജീവിക്കുന്നില്ലേ? ഇവൾ സമ്മതിച്ചോ നമ്മുടെ ദേവന്മാരെ ആരാധിച്ചുകൊള്ളാമെന്നു്? (ആരും ഉത്തരം പറയുന്നില്ല) ചോദിച്ചതു കേട്ടില്ലേ? ഇവൾ സമ്മതിച്ചോ ക്രിസ്തുവിനെ ഉപേക്ഷിച്ചുകൊള്ളാമെന്നു്?

ഒന്നാ:- ഇല്ല.

റൈറ:- പിന്നെന്തുപറഞ്ഞു?

ഒന്നാ:- എത്രതന്നെ മർദ്ദിച്ചിട്ടും ക്രിസ്തുമാത്രമാണു ദൈവമെന്നു് ഇവൾ പറയുന്നു.

റൈറ:- ഛായ്. അടിക്കിവളെ ഇനിയും. ചാകുന്നെങ്കിൽ ചാവട്ടെ. ഉം. (ഭടന്മാർ നിശ്ചലരായി നില്ക്കുന്നു) എന്തു്! നമ്മുടെ ആജ്ഞയനുസരിക്കുവാൻ നിങ്ങൾ തയ്യാറില്ലേ?

രണ്ടാ:- ഇനിയും ഇവളെ ഉപദ്രവിക്കുവാൻ ഞാൻ തയ്യാറില്ല.

റൈറ:- എന്തുപറഞ്ഞു!

രണ്ടാ:- ആക്കും, ഒരു ദ്രോഹവും ചെയ്യാത്ത ഈ സാധുയുവതിയെ ഇനിയും പീഡിപ്പിക്കുന്നതു് മഹാ പാപമാണെന്നു ഞാൻ വിചാരിക്കുന്നു.

റൈറ:- എടാ ദ്രോഹി, നമ്മുടെ മുൻപിൽവച്ചു് ഇത്ര ധിക്കാരമായി സംസാരിക്കുവാൻ നിനക്കെങ്ങിനെ ധൈര്യമുണ്ടായി?

രണ്ടാ:- അതേ, ഞാൻ ദ്രോഹിയാണു്. നിർദ്ദോഷിയായ ഈ കന്യകയെ ഈവിധം പീഡിപ്പിക്കുന്നതിൽ പങ്കുകാരനായിത്തീർന്ന ഞാൻ ദ്രോഹിയാണു്. അതിനു പ്രേരിപ്പിച്ച നിങ്ങളും ദ്രോഹിയാണു്.

റൈറ:- ഛായ്. ധിക്കാരം! (അരക്കെട്ടിൽനിന്നും കഠാരയൂരി ഭടൻെറ നെഞ്ചിൽ കുത്തിയിറക്കുന്നു. ഒരു ദീനരോദനത്തോടുകൂടി ഭടൻ നിലംപതിക്കുന്നു) ചാകട്ടെ. അങ്ങിനെ പിടഞ്ഞു പിടഞ്ഞു ചാവട്ടെ. ചക്രവർത്തി തിരുമേനിയേയും നമ്മേയും ധിക്കരിക്കുന്നവർക്കുള്ള അനുഭവം ഇതാണു്.

രണ്ടാ:- (മരണവേദനയോടുകൂടി പിടയുന്നതിനിടയിൽ) "ദുഷ്ടാ! നീ...അ...നു...ഭ...വി...ക്കും. ഞാൻ....ഒ...രു ക്രിസ്ത്യാനിയായി മരിക്കുന്നു.

റൈറ:- എൻെറ ഊഹം ശരിയായിരുന്നു. അതിൻെറ ശിക്ഷ ഇതുതന്നെ. ഹ-ഹ-ഹ! (ഒന്നാമൻെറ നേരേതിരിഞ്ഞു്) എന്തുപറയുന്നു! നീയും നിൻെറ കൂട്ടുകാരനെ അനുഗമിക്കുവാനാണോ ഭാവം?

ഒന്നാ:- പ്രഭോ! കരുണ! അവിടുത്തെ ആജ്ഞ എന്തായിരുന്നാലും ശിരസാ വഹിക്കുന്നവനാണു ഞാൻ. ഉത്തരവായാലും.

റൈറ:- ശരി, ഇവളെ കാരാലയത്തിലേക്കുതന്നെ കൊണ്ടുപോകു, ക്ഷണം.

ഒന്നാ:- ഉത്തരവു്.

(റൈററസ് നിശ്ചയദാർഢ്യത്തോടെ നടന്നുപോകുന്നു)

കാത:- (മരണാസന്നനായ ഭടൻെറ അടുത്തു് നിലത്തു് ഒരു മുട്ടുന്നി ഇരുന്നു, അയാളുടെ ശിരസ്സു് സ്വകരങ്ങളാൽ താങ്ങുന്നു) സഹോദരാ, ശപിക്കാതെ. അയാൾ നിങ്ങളെ ദ്രോഹിക്കുകയല്ല അനുഗ്രഹിക്കുകയാണു ചെയ്തതു്. ഈ ജഡം വെടിയുന്നതോടുകൂടി നിങ്ങളുടെ ആത്മാവു് അനന്തമായ ആനന്ദാനുഭൂതിക്കായി സ്വർഗ്ഗത്തിലേക്കു പറക്കും. സ്നേഹരാജനായ ക്രിസ്തുനാഥൻ നിങ്ങളെ സ്വീകരിക്കുവാൻ കാത്തുനില്ക്കുകയാണു്. സഹോദരാ, വിശ്വസിക്കു. ദൈവം സ്നേഹമാണു്.

രണ്ടാ:- ഞാൻ വി.. ശ്വ... സി... ക്കു...ന്നു.

കാത:- ആ ഘാതകനോടു ക്ഷമിക്കുക.

രണ്ടാ:- ഞാൻ ക്ഷ...മി...ക്കുന്നു.

കാത:- പറയൂ.—ക്രിസ്തു എൻെറ ആശ്രയം.

രണ്ടാ:- (അസ്പഷ്ടമായ സ്വരത്തിൽ) ക്രി—സ്തു എ—ൻെറ ആ—ശ്ര—യം— (ആ ശബ്ദം നിലയ്ക്കുന്നു)

കാത:- കരുണാനിധിയായ ക്രിസ്തുനാഥാ, അവിടുത്തെ അനന്തസ്നേഹത്തിൽ ഈ എളിയ സഹോദരനേയും അവിടുന്നു സ്വീകരിക്കേണമേ. (വികാരാധീനയായി സാവധാനത്തിൽ എഴുന്നേല്ക്കുന്നു).

(കർട്ടൻ)

രംഗം പന്ത്രണ്ടു്

ഒരു വിജനപ്രദേശം.

(പെട്രോണിയസ് ചിന്താഭരിതനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു.)

പെട്രോ:- ഈ നാടകം അവസാനിക്കുവാൻ പോവുകയാണു്. ആവേശകരമായ ആ രംഗങ്ങൾ അടുത്തുവരികയാണു്. ആർക്കും തടഞ്ഞുനിറുത്തുവാനാവാത്ത വിധം ആ പ്രവാഹം അനിയന്ത്രിതമായിപ്പോയി. സ്വപ്നങ്ങൾ മായുന്നു; പ്രതീക്ഷകൾ തകരുന്നു. ഒഴുകാം—വികാരശൂന്യമായി ഒഴുകാം- വിഫലമായ ഈ ജീവിതം ഏതു ചുഴിക്കുത്തിലും ചെന്നടിഞ്ഞു മൺമറഞ്ഞുകൊള്ളട്ടെ.

കാതറൈൻ! ആ മണിദീപം അണയുവാൻ പോവുകയാണു്. ഹതഭാഗ്യനായ ഈയുള്ളവൻെറ സുന്ദരഭാവനകളുടെ ആകെത്തുകയായിരുന്ന ആ പ്രോജ്ജ്വലതാരം പൊലിയുന്നതിനു മുൻപു്, ഒരിക്കൽക്കൂടി ആ കനകവിഗ്രഹത്തെ എനിക്കു കാണണം. അതിനുവേണ്ടി ഈ പെട്രോണിയസ് എന്തും ചെയ്യും. യാതൊരു ഭൗതികശക്തിക്കും എന്നെ തടയുക ഇനി സാദ്ധ്യമല്ല. (വികാരാധീനനായി നില്ക്കുന്നു. വലേരിയസ് പ്രവേശിക്കുന്നു. വലേരിയസ്സിൻെറ സാന്നിദ്ധ്യത്തിൽ പെട്രോണിയസ് തിരിയുന്നു.)

പെട്രോ:- അല്ലാ, അതു ആരാണു്?

വലേ:- ഞാൻ കൊട്ടാരം വിദൂഷകനാണു്.

പെട്രോ:- അപ്പോൾ വലിയ ആളാണല്ലോ. പരിചയപ്പെടാൻ സാധിച്ചതിൽ വലിയ സന്തോഷമുണ്ടു്.

വലേ:- ആകട്ടെ, നിങ്ങളെ വിടത്തുകാരനാ?

പെട്രോ:- ഞാനൊരു വിദേശി. ഇങ്ങിനെ ഒരു ലോകസഞ്ചാരത്തിനിറങ്ങിയിരിക്കയാ.

വലേ:- നിങ്ങൾ ഒരു ഗായകൻകൂടിയാണു് അല്ലേ?

പെട്രോ:- അതേ. അനന്യശരണനായ ഒരേകാന്തഗായകൻ.

വലേ:- എനിക്കു് ഒരു കൊച്ചു സഹോദരിയുണ്ടു്. അവളെ പാട്ടുപഠിപ്പിക്കുവാൻ ഒരാളെ ആവശ്യമുണ്ടു്. സമ്മതമാണെങ്കിൽ എന്നോടൊന്നിച്ചു വരു.

പെട്രോ:- സംഗീതകലയിൽ ഞാനൊരു വിദഗ്ദ്ധനൊന്നുമല്ല.

വലേ:- അതു സാരമില്ല;വരൂ!

പെട്രോ: ഇതു് ഞാൻ പ്രതീക്ഷിക്കാത്ത ഒരു വലിയ ബഹുമതിയാണു്.

വലേ:- എന്നൊന്നും വിചാരിക്കേണമെന്നില്ല. വരൂ, നമുക്കു പോകാം. (ഇരുവരും പോകുന്നു)

(കർട്ടൻ) (തുടരും)




# ക്രിസ്തുരാജസ്തവം

("അവൻ വരുന്നു" എന്ന പടത്തിലെ "വരുന്നു ഞാൻ" എന്ന രീതി)

ജഗൽപതേ! ജഗന്മയാ!
രാജപുംഗവാ! പാപഹരാ!
വനേവർ പാടി വാഴ്ത്തീടും
വാനിലുമെങ്ങും വാണീടും
മാനവരാജനായ് മേവീടും
നിൻജയഗാനം പാടീടാം (ജഗൽ.... ...

മോദമിയന്നീ ഞങ്ങൾ നിൻ-
വിജയപതാകതൻ കീഴിലായ്
അണിയണിയായിച്ചേരുവാൻ
തുണയരുളേണം നായകാ! (ജഗൽ......

അഖിലമഹോന്നത രാജനായ്
നിഖിലചരാചര ലീനനായ്
വിലസിടുമേശുമഹേശ്വരാ!
വാഴ്ക! നീ ജയ! പാഹിമാം! (ജഗൽ.... ...

(വർഗ്ഗീസ പള്ളിപ്പാടൻ, ഇടപ്പള്ളി)

## 4 സ്ഥലങ്ങളിൽ

(ഒരു മണി മുതൽ അഞ്ചുമണിവരെ)

എല്ലാ തിങ്കളാഴ്ചയും ആലപ്പുഴ (നൂബസാർ) ബ്രാഞ്ചിലും, ചൊവ്വ, വെള്ളി ചാലക്കുടി ബ്രാഞ്ചിലും, ബുധൻ, ശനി ഇരിങ്ങാലക്കുട ബ്രാഞ്ചിലും, 21-10-54 വ്യാഴാഴ്ച ചങ്ങനാശ്ശേരി ഒള്ളൂക്കാ ബ്രദേഴ്സിൻെറ കെട്ടിടത്തിലും കെ. കെ. പാവുണ്ണി വൈദ്യൻ ഉണ്ടായിരിക്കുന്നതാകുന്നു. നീരിറക്കം, വാതം, ഏങ്ങൽ, രക്തക്ഷയം, രക്തദൂഷ്യം മുതലായ രോഗങ്ങൾ മൂലം നിരാശരായിത്തീർന്നിട്ടുള്ളവർ മേൽപറയുന്ന സ്ഥലങ്ങളിൽ വൈദ്യനെ സന്ദർശിക്കുക. ഫലപ്രദങ്ങളായിരിക്കുന്ന ആയുർവ്വേദ ഔഷധങ്ങൾക്കും, വൈദ്യോപദേശങ്ങൾക്കും കാളൻ കൊച്ചുവറീയതു് പാവുണ്ണി വൈദ്യൻ, നെല്ലായി, എന്ന വിലാസത്തിൽ മാത്രം എഴുതുക:

മാനേജർ

കാളൻ ആയുർവ്വേദ ഔഷധശാല, നെല്ലായി

## ഉപകാരസ്മരണ

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും മാർ യൗസേപ്പുപിതാവിൻെറ മാദ്ധ്യസ്ഥതാലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും രോഗശാന്തിക്കു് ഉപകാരസ്മരണ.

വറുഗീസ് മാപ്പിള്ള,
കുളത്തൂർ

# ദിവംഗമിച്ചു!

## അസൂന്ത ഗൊരേത്തി

(ഫാദർ ലേത്തൂസ്, സി. ഡി.

1950 ജൂലായ് 25-ാംനു വയോധികയും, സാധാരണക്കാരിയുമായ ഒരു ഗ്രാമീണസ്ത്രീ പരിശുദ്ധ പിതാവ് പന്ത്രണ്ടാംപീയൂസിന്റെ തിരുസന്നിധിയിലേക്ക് ആനയിക്കപ്പെട്ടു. വത്തിക്കാൻ സന്ദർശനശാലയുടെ അററത്തു അവരുടെ തലവെട്ടം കണ്ടപ്പോഴേ പരിശുദ്ധപിതാവ് സിംഹാസനത്തിൽ സാദരം എണീററുനിന്നു. അവർ തന്നെ സമീപിച്ചപ്പോൾ സിംഹാസനത്തിൽനിന്നിറങ്ങിച്ചെന്നു ആ പാവപ്പെട്ട സ്ത്രീയുടെ വേലയെടുത്തു തഴമ്പിച്ച കരങ്ങൾ പിടിച്ചു ചുംബിക്കയാണു പന്ത്രണ്ടാംപീയൂസ് തിരുമേനി ചെയ്തതു്. കർദ്ദിനാളന്മാരും രാജാക്കന്മാരും പാദം ചുംബിക്കുന്ന പോപ്പുരാജൻ കരം ചുംബിച്ച ആ സ്ത്രീ ആരാണെന്നോ. ഒരു ഇററാലിയൻ കൂലിവേലക്കാരന്റെ ഭാര്യമാത്രം. ആ സ്ത്രീകുലോത്തംസം "വിശുദ്ധയുടെ അമ്മ" എന്ന അപരാഭിധാനത്തിൽ വിശ്വവിഖ്യാതയായി വിരാജിക്കയായിരുന്നു. അതേ, വി. മരിയഗൊരേത്തിയുടെ മാതാവായ അസൂന്തഗൊരേത്തിയാണവർ. ആ മഹതി 1954 ഒക്ടോബർ 8-ാംതീയതി വെള്ളിയാഴ്ച ദിവംഗമിച്ചിരിക്കുന്നു. കോടാകോടി ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ച ഒരു മരണം! മരിച്ച അന്നു പ്രഭാതത്തിൽ പരിശുദ്ധപിതാവിന്റെ ഒരു പ്രത്യേക ആശീർവ്വാദം തിരുമേനി അവർക്കു് അയച്ചുകൊടുക്കുകയുണ്ടായി. വി. ഗോരേത്തി തന്നെ പെററുവളർത്തുകയും താരാട്ടുപാടിയുറക്കുകയും, ഘാതകന്റെ കഠാരി നെഞ്ചിലിറങ്ങിയ സമയത്തും കോരിവാരി മടിയിലിരുത്തിപ്പുണർന്നു ചുംബനകുസുമങ്ങൾകൊണ്ടു നിണമണിഞ്ഞമുഖാംബുജിയെ അലങ്കരിക്കയുംചെയ്ത തന്റെ പെററമ്മയുടെ മരണവേളയിൽ, ആ മരണശയ്യക്കു സമീപമുണ്ടായിരുന്നു എന്നു നാം സങ്കല്പിച്ചാൽ അതുപരമാർത്ഥമേ ആകയുള്ളു. ഒരു കുമാരിയെ അൾത്താരയിൽവച്ചുവണങ്ങുന്നതു കാണുവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള ലോകചരിത്രത്തിലെ അസുലഭവ്യക്തികളിൽ ഒരാളത്രെ ദിവംഗത.

"അമ്മമാരുടെ കർത്തവ്യകർമ്മം
സർവ്വത്രപ്രധാനമാം
നന്മതിന്മകൾ കുഞ്ഞുങ്ങൾക്ക
മ്മമാർ കാരണം വരും"

എന്നാണല്ലോ പഴമൊഴി. ഇന്നു രണ്ടാമത്തെ ആഗ്നസ് എന്നു വിശ്വവിഖ്യാതയായിത്തീർന്നിരിക്കുന്ന ധീരധീരയായ ആ ബാലികാകുലതിലകത്തിന്റെ—വി. മരിയഗോരേത്തിയുടെ—സർവ്വ വിശുദ്ധികളും, ആദർശനിഷ്ഠയും ജീവാർപ്പണത്തിനുതന്നെയും കാരണം മരിയയുടെ പിഞ്ചുഹൃദയത്തിലേക്കു അസൂന്ത പകർന്നുവച്ച ക്രൈസ്തവചൈതന്യാമൃതം മാത്രമല്ലേ? ഇന്നത്തെ അധഃപ്പതിച്ച ലോകത്തെ പ്രകാശിപ്പിക്കുന്ന മരിയഗൊരേത്തിയുടെ ചാരിത്രതേജസ്സ് ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു് എത്ര വലിയ ആത്മശക്തിയാണു യുവലോകത്തിനു പ്രദാനം ചെയ്തുകഴിഞ്ഞിരിക്കുന്നതു്! 1902-ൽ നടന്ന മരിയററായുടെ വീരമരണത്തിനുശേഷം ഈ മാതൃകയെ അനുകരിച്ചു ചാരിത്രത്തിനുവേണ്ടി ജീവാർപ്പണം ചെയ്യുവാൻ പല യുവതികളും മുന്നോട്ടുവന്നിട്ടുണ്ടു് എന്ന ചരിത്രസത്യവും ഇവിടെ സ്മർത്തവ്യമാണു്.

തന്റെ ഓമനക്കുഞ്ഞു് ഇരുമ്പു കഠാരികൊണ്ടുള്ള ഭയങ്കരങ്ങളായ 14 മുറിവുകൾ ഏററു മരണവേദന അനുഭവിക്കുന്ന സമയം ഘാതകനോടു ക്ഷമിക്കാനും, ഏക നാഥന്റെ കഷ്ടാനുഭവത്തെ സ്മരിച്ചുകൊണ്ടു് സഹിക്കുവാനും ഉപദേശിച്ച അസൂന്ത ഗൊരേത്തിയുടെ ചൈതന്യവിശേഷമാണു അവരെ ഒരു വിശുദ്ധയുടെ അമ്മ എന്ന മഹനീയ സ്ഥാനത്തേക്കുയർത്തിയതു്.



അസൂന്ത ഗൊരേത്തി

"മകളേ, മരിയററാ, മരിച്ചാലും പാപംചെയ്യരുതു്." ഈ ഉപദേശമാണു അസൂന്ത തന്റെ കുമാരിക്കു് കുട്ടിക്കാലത്തു് സദാ നൽകുമാറായിരുന്ന ആദ്ധ്യാത്മികഭോജനം. സ്വപുത്രിയെ വധിച്ച അലക്സാണ്ടർ ജയിൽവാസത്തിനുശേഷം അസൂന്തയെ കണ്ടു മാപ്പപേക്ഷിക്കുവാൻ വന്ന സന്ദർഭത്തിലും ഈ മഹതിയുടെ ക്രൈസ്തവചൈതന്യം പ്രശോഭിച്ചു ജ്വലിക്കുന്നതായി നാം കാണുന്നു. "മകനേ, എന്റെമകൾ നിന്നോടുക്ഷമിച്ചു. പിന്നെ ഞാൻ നിന്നോടു ക്ഷമിക്കാതിരിക്കുമോ? അവൾതന്നെ നിന്നെ അനുഗ്രഹിക്കട്ടെ. പുണ്യംചെയ്തുകൊണ്ടു ദൈവഭയത്തിൽ ജീവിക്കുക" എന്നാണു അസൂന്ത പറഞ്ഞതു്.

അസൂന്ത ദരിദ്രയായ ഒരു സ്ത്രീരത്നമായിരുന്നു. അവൾ വി മരിയഗൊരേത്തിയുൾപ്പെടെ 6 സന്താനങ്ങളുടെ അമ്മയാണു്. മരിയയുടെ ഘാതകൻ ക്രൂരകൃത്യം നടത്തിയ സന്ദർഭത്തിൽ അടുത്തൊരു മുറിയിൽകിടന്നുറങ്ങിയിരുന്ന വിശുദ്ധയുടെ കൊച്ചനുജത്തിയുടെ നിലവിളികേട്ടാണല്ലോ അസൂന്ത വീട്ടിലേക്കോടിവന്നതു്. ആ പൈതൽ ഇന്നു സിസ്റ്റർ സന്ത് ആൽഫ്രേദോ എന്ന പേരിൽ സർവ്വസംപരിത്യാഗിനിയായ ഒരു സന്യാസിനിയായി ഒരു ഫ്രാൻസിസ്കൻ കന്യകാലയത്തിൽ ജീവിക്കുന്നു. വി. പത്താംപീയൂസാണു് ഇവരെ ആ മഠത്തിലേക്കു പറഞ്ഞയച്ചതു് എന്നുള്ളതും സ്മരണീയമത്രെ. അസൂന്തയുടെ മൂത്ത പുത്രിയായ എർസീലിയായുടെ സംരക്ഷണയിലാണു അവർ വാർദ്ധക്യകാലം കഴിച്ചുകൂട്ടിയതു്. എർസീലിയാ ഒരു കപ്പൽജോലിക്കാരന്റെ ഭാര്യാപദം അലങ്കരിക്കുന്നു. അസൂന്തയുടെ മൂന്നു പുത്രന്മാരും ഉപജീവനാർത്ഥം അമേരിക്കയിലേക്കു പോയി. മൂത്തപുത്രനായ ആഞ്ചലോ ചിക്കാഗോയിൽ താമസമുറപ്പിച്ചു. മരിയഗൊരേത്തിയുടെ തൃതീയസഹോദരനായ അലക്സാണ്ടർ ചരമമടഞ്ഞു. മരിയാനോ എന്ന മറേറ സഹോദരൻ ഇപ്പോൾ നേപ്പിൾസിൽ ഒരു കൃഷിക്കാരനായിജീവിക്കുന്നു.

1944-ൽ അസൂന്ത അവളുടെ വസതിയുടെ വരാന്തയിൽനിന്നു മുററത്തേക്കു് കാലുതെററി വീണു. കാലിനു സാരമായ കേടുപററി. അന്നവർ പറഞ്ഞു: "മരിയയുടെ അടുത്തു എത്താൻ ഇനി എനിക്കു അധികനാൾ വേണ്ടിവരികയില്ല" എന്നു്. വലതുകാലിനു സ്വാധീനമില്ലാതെ 10 വർഷം അവർ കഴിച്ചുകൂട്ടി. മരിക്കുമ്പോൾ 90 വയസ്സു പ്രായമുണ്ടു്. മരിയഗൊരേത്തിയെ വിശുദ്ധയെന്നു നാമകരണം ചെയ്തദിവസം പ്രഭാതത്തിൽ ഒരു വത്തിക്കാൻ സ്റ്റെയിററുകാർ പേപ്പൽപ്പടിവാതിൽ കടക്കുവാൻ ഓടിവരുന്നതുകണ്ടു് വല്ല കർദ്ദിനാളോ പാത്രിയർക്കീസോ ആയിരിക്കുമെന്നു കരുതി തോക്കുതാഴ്ത്തി ഭടന്മാർ അഭിവാദ്യംചെയ്തു ആദരം പ്രകടിപ്പിച്ചു. സ്വിസ്സ്ഭടന്മാർ കർദ്ദിനാളിനെയല്ല, കൂനുപിടിച്ച ഒരു മുത്തശ്ശിയെ മാത്രമാണു ആ കാറിൽ കണ്ടതു്. അസൂന്തഗൊരേത്തിയെ കൊണ്ടുവരുവാൻ വേണ്ടി പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് വത്തിക്കാനിൽനിന്നു 80 മൈൽ ദൂരമുള്ള അവളുടെ ചെറുഭവനത്തിലേക്കു് തന്റെ സ്വന്തം സ്റ്റെയിററുകാർ അയച്ചുകൊടുക്കുകയാണുണ്ടായതു്. അവർ അന്നു പോപ്പുരാജന്റെ അതിഥിയായി കർദ്ദിനാൾ കനാലിയുടെ മന്ദിരത്തിൽ താമസിച്ചു. "അസൂന്താമ്മയ്ക്കു ജെ" എന്നു ഇററാലിയൻഭാഷയിൽ വിളിച്ചുപറഞ്ഞുകൊണ്ടു ജനലക്ഷങ്ങൾ അവരെ റോമാപട്ടണത്തിലേക്കു സ്വീകരിച്ചു. നാമകരണച്ചടങ്ങുകൾ എല്ലാം ഭംഗിയായി കാണത്തക്കവണ്ണം വത്തിക്കാൻ കൊട്ടാരത്തിന്റെ രണ്ടാംനിലയിലെ ഒരു മുറി അവർക്കു കല്പിച്ചനുവദിച്ചിരുന്നു.

നാലുലക്ഷം ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ, അഖിലലോകത്തിന്റെയും ആഹ്ളാദത്തിൽ, തന്റെ കുമാരിയെ അൾത്താരയിലേക്കുയർത്തുന്നതും, തന്റെ കുഞ്ഞിന്റെ പാദങ്ങൾ മിശിഹായുടെ പ്രതിപുരുഷനായ മാർപ്പാപ്പാ ചുംബിക്കുന്നതും, അവളുടെ മുമ്പിൽ മുട്ടുകുത്തി കത്തോലിക്കാ തിരുസഭയുടെ അധീശൻ പ്രാർത്ഥിക്കുന്നതും കണ്ടു അസൂന്ത സന്തോഷാശ്രുക്കൾ പൊഴിക്കതന്നെ ചെയ്തു. ലോകചരിത്രത്തിൽ ഒരമ്മയ്ക്കും സിദ്ധിച്ചിട്ടില്ലാത്ത മഹാഭാഗ്യമാണു അവർക്കു സിദ്ധിച്ചതു്. സ്ത്രീകൾക്കു പ്രവേശനം അനുവദിക്കാറില്ലാത്ത വത്തിക്കാൻ കൊട്ടാരത്തിന്റെ മുകൾനിലയിലെ സന്ദർശനമുറിയിലേക്കു് ആ എൺപത്തേഴുകാരിയെ പോപ്പുരാജൻ ക്ഷണിച്ചു. തിരുമനസ്സിലെ സവിധത്തിൽ അവർക്കു ആസനമരുളിയിരുത്തി. അവരുമൊരുമിച്ചു ഒരു ഫോട്ടോയെടുക്കുന്നതിൽ പോപ്പുരാജൻ അഭിമാനംകൊണ്ടു. "പുണ്യവതിയെ സൃഷ്ടിച്ച കരങ്ങൾ" എന്നു പറഞ്ഞുകൊണ്ടു് തഴമ്പുപിടിച്ച അവരുടെ കരത്തിൽ ചുംബനകുസുമമർപ്പിച്ചു പാപ്പാ നിർവൃതിയടയുന്നു! ഒരു മഹാവിശുദ്ധയെ നിരവധി പ്രാവശ്യം തഴുകിത്തലോടിയ പുണ്യകരങ്ങളല്ലേ അവ!

ലോകത്തിന്റെ നാനാഭാഗത്തുനിന്നുമായി 30 തോളം രാജ്യങ്ങളിൽനിന്നു തീർത്ഥസംഘങ്ങൾ നാമകരണച്ചടങ്ങിൽ സംബന്ധിക്കുവാൻ അന്നു റോമിൽ വന്നിട്ടുണ്ടായിരുന്നു. പ്രഭുക്കന്മാരും മെത്രാന്മാരും, പണ്ഡിതനും പാമരനും ഒരുപോലെ കൊതികൊണ്ടു, അസൂന്തഗൊരേത്തിയെ ഒരുനോക്കു കാണുവാൻ. പുണ്യവതിയെ വഹിച്ച അവരുടെ കരത്തിൽ തങ്ങളുടെ കുഞ്ഞുങ്ങളെവച്ചു സ്വയം ധന്യരാകുവാൻ തള്ളമാർ വെമ്പൽകൊണ്ടു. പിഞ്ചുകുഞ്ഞുങ്ങളെ ആ വൃദ്ധ കരത്തിലെടുത്തു ചുംബിച്ചു, അമ്പതുകൊല്ലംമുമ്പു മരിയയെ എടുത്തു ചുംബിച്ച ആ അധരങ്ങൾകൊണ്ടു്. ഭരണധുരന്ധരന്മാരും വൈദികപ്രമുഖന്മാരും അവരുടെ ഒരു കൈയൊപ്പു വാങ്ങുവാൻ വിശുദ്ധയുടെ ഫോട്ടോകളുമായി ചുററുംകൂടി. എഴുത്തറിയാൻ പാടില്ലാത്ത അവർ എങ്ങനെ ഒപ്പിടും. തന്റെ കുമാരിയുടെ ഫോട്ടോ വാങ്ങി ചുംബനത്തിന്റെ മുദ്രപതിച്ചു അവർക്കു സ്മാരകമായി അവർ നൽകി. പുത്രിയോടു തങ്ങൾക്കായപേക്ഷിക്കണമെന്നു പറഞ്ഞു അസൂന്തയെ സമീപിച്ചവരും അനവധിയായിരുന്നു. "നിങ്ങൾ മരിയററായോടു ചോദിക്കുക; അവൾ നിങ്ങൾക്കു സാധിച്ചുതരും" എന്നു ആ സുകൃതിനിയായ വയോധിക സവിനയം അവരോടു മറുപടിപറഞ്ഞു.

യുവതീസംഘങ്ങൾക്കു് അവർ കൊടുത്ത ഉപദേശം "നിങ്ങൾ എന്റെ മകളെ കണ്ടുപഠിക്കുക" എന്നാണു്. ഏതാനും മാസങ്ങൾക്കുമുമ്പു് അലക്സാണ്ഡ്റിയായിൽ വി. ഗൊരേത്തിയുടെ ബഹുമാനാർത്ഥം നടത്തിയ യുവതികളുടെ ഒരു വലിയ കോൺഫറൻസിലേക്കു് അസൂന്ത ക്ഷണിക്കപ്പെട്ടു. അതിനവർ കൊടുത്ത മറുപടി "വാത്സല്യമക്കളേ, എനിക്കു വാർദ്ധക്യം മൂലം യാത്രചെയ്യുവാൻ നിവൃത്തിയില്ല. നിങ്ങളുടെ സമ്മേളനം വിജയമാകാൻ ഞാൻ എന്റെ പുത്രിയോടു പ്രാർത്ഥിക്കാം. അവളുടെ ഒരു തിരുശേഷിപ്പു് ഞാൻ ഇതാ നിങ്ങൾക്കു സമ്മാനമായി അയക്കുന്നു. യുവതികളേ, നിങ്ങളുടെ ചാരിത്രസംരക്ഷണത്തിൽ വി. മരിയയെ നിങ്ങൾ മാതൃകയാക്കണമെന്നു നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു. മരിയററാ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുമല്ലോ"

സ്വർഗ്ഗത്തുള്ള സകല വിശുദ്ധരുടെയും മാതാപിതാക്കളെ പ്രതിനിധീകരിച്ചുകൊണ്ടു ലോകത്തു ജീവിച്ചിരുന്ന ആ മഹതിയുടെ വിയോഗത്തിൽ ലോകം മുഴുവൻ സങ്കടപ്പെടുന്നുണ്ടു്. ആ മാതൃകാമാതാവു എല്ലാവരോടും, വിശിഷ്യ യുവലോകത്തോടു ഉപദേശിക്കുന്നതു് തീർച്ചയായും "നിങ്ങൾ എന്റെ പുത്രിയെ കണ്ടുപഠിക്ക" എന്നാണെന്നു നമുക്കു കരുതാം. കാരണം അവളുടെ കുമാരിയാണു ഇന്നത്തെ യുവലോകത്തിന്റെ പ്രത്യേകമദ്ധ്യസ്ഥ.



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ററി. വി. ജോസഫ്,
താകുന്നേൽ
മരുതോങ്കര, കുററ്യാടി

Book- Review

## Marian Study Circles

compiled by
Rev. Thomas Marydas
(Vincentian)

In this Marian Jubilee Year, the "Marian Study Circles" is indeed a unique tribute to Bl. V. Mary and to the Church of Christ. It is a dogmatic and devotional treatise about the Mother of God arranged in the form of questions and answers. The practical conclusions and the small prayers at the end of each chapter, as well as the description about the apparitions and feasts of Our Lady and the institutions dedicated to her, are a real treasure to all those who seek to study about Mary and to develop a solid devotion to her. Seeing the various subjects treated in this book, one may rightly call it a small "Encyclopedia" about Mary. The author has put the dogmas in simple style.

The publishing of this booklet has also given rise to a new movement known as "Marian Study Circles" which aims at instructing the people in practical Mariology and thus enabling them to develop a solid devotion to Mary. In this "Marian Age", when Mary is ever growing in the minds of men, the "Marian Study Circles" will go on getting wider propagation.

Pages 214. Price: (Ordinary Paper) Re. 1/10/0
(White paper) Re. 1/14/0

For copies and for the "Directions for conducting the Marian Study Circles", apply to:- G. Secretary, S. H. League, Apostolic Seminary, Alwaye N. P. O., (S. India)

M. J. N.

## ലീമയുടെ ഓമന

(വിശുദ്ധ റോസ ദി ലീമയുടെ ചരിത്രം. ഗ്രന്ഥകർത്താ, ഫാദർ കല്ലിസ്റ്റസ് ടി. ഒ. സി. ഡി പേജ് 66. വില 6ണ. I. S. പ്രസ്സ്, എൽത്തുരുത്തു്. 8ണ സ്റ്റാമ്പയച്ചാൽ പുസ്തകം കിട്ടും. തൃശ്ശിവപേരൂർ മെത്രാനച്ചന്റെ ശ്രദ്ധേയമായ അവതാരികയാൽ അലംകൃതം)


പ്രസ്തുത പുസ്തക പാരായണം കഴിഞ്ഞപ്പോൾ തോന്നി എല്ലാ പെൺകുട്ടിക്കും വേണമെങ്കിൽ ഒരു പുണ്യവതിയാകാമെന്നു്. ലീമയിലെ ഓമന ഒരു വെറും സാധാരണ ബാലികയാണു്. വിദ്യാഭ്യാസമോ പരീക്ഷായോഗ്യതയോ ഒന്നുമില്ല. ഒരു കന്യകാമഠത്തിലെ അംഗം പോലുമല്ല. അവളുടെ പ്രധാന പുണ്യംതന്നെ ഒരു മന്ദസ്മേരമായിരുന്നു. ഗാസ്പാർ അപ്പൻ. മേരി അമ്മയും. മരിയാനാ സഖി, ഫെർഡിനാൻഡ് സഹോദരൻ. ഫാ. അലോൺസോ ആത്മീയപിതാവു്. ഇങ്ങനെ അഞ്ചു കഥാപാത്രങ്ങളുണ്ടു് ഈ പുസ്തകത്തിൽ. ഫെർഡിനാൻഡും റോസും സഹോദരീസഹോദരബന്ധ

ത്തിനു് ഉത്തമമാതൃകകൾ. അവർ പരസ്പരം വിശ്വസിച്ചു; സ്നേഹിച്ചു. ഫെർഡിനാൻഡ് സഹോദരിയുടെ സ്നേഹവും വിശ്വാസവും പരിപൂർണ്ണമായി ആർജ്ജിച്ചു എല്ലാ ആങ്ങളമാർക്കും കാണുവാനും പഠിക്കുവാനും കൊള്ളാവുന്ന ഒരാങ്ങള. ആങ്ങളമാരെ എങ്ങനെ ആശ്രയിക്കണമെന്നും അനുസരിക്കണമെന്നും എല്ലാ പെങ്ങന്മാർക്കും കണ്ടുപഠിക്കാവുന്ന ഒരു പെങ്ങൾ—റോസ്. മക്കളെ എങ്ങനെ വളർത്തണമെന്നു് ഗാസ്റ്റും മേരിയും പഠിപ്പിക്കുന്നു.

ഇങ്ങനെ ചിമയിലെ ഓമനയിൽ മാതൃകാദമ്പതിമാരെ, മാതൃകാ സഹോദരീസഹോദരന്മാരെ നാം ദർശിക്കുന്നു. ഒരങ്കത്തിലെ പല രംഗങ്ങൾ; നടീനടന്മാരും.

ഉണ്ണിക്രിസ്തു നിഷ്കളങ്കഹൃദയമുള്ള റോസിനു് സ്വസഹോദരന്റെ സ്ഥാനത്തു് കൂട്ടുനിന്നു് കളിക്കുന്നതും മററുമായ ഭാഗങ്ങൾ ഹൃദയാവർജ്ജകമായ രീതിയിൽ ഫാദർ കല്ലിസ്റ്റസ് വർണ്ണിച്ചിട്ടുണ്ടു്. കവിഹൃദയമുള്ള ഗ്രന്ഥകർത്താക്കൾക്കുമാത്രം ശക്യമായ ഒരു കല.

ഓമനയുടെ കർത്താവു് ഒരു ബാലസാഹിത്യനിർമ്മാതാവാകുവാൻ അർഹനാണെന്നു് നിർഭയം അഭിപ്രായപ്പെടാവുന്നതാണു്. ബാലസാഹിത്യരചനയ്ക്കു് ഏതാനും യോഗ്യന്മാരെ നാമനിർദ്ദേശം ചെയ്യാൻ ചില സാഹിത്യസംഘടനകൾ എന്നോടാവശ്യപ്പെട്ടിട്ടുണ്ടു്. ഫാദർ കല്ലിസ്റ്റസ്, ഫാദർ സൈമൻ സി. ഡി., ശ്രീ കെ. സി. ചാക്കോ ഇങ്ങനെ ചില വിദഗ്ദ്ധന്മാരെ ചൂണ്ടിക്കാണിക്കാം.




ക്രിസ്തുഭഗവാൻ ലോകൈകോദ്ധാരകനാണെന്നു് സർവ്വരും സമ്മതിക്കുന്നില്ലെങ്കിലും ലോകോദ്ധാരകന്മാരിൽ പ്രമുഖനാണു് എന്നു സാമാന്യേന സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ആ സ്ഥിതിക്കു് ഉണ്ണിക്രിസ്തുവിനോടു്, ജാതിമതഭേദമെന്യേ നമ്മുടെ ബാലികാബാലന്മാരിൽ ഭക്തിയും പ്രേമവും അങ്കുരിക്കുന്നപക്ഷം അവർ ഭാവിയിൽ മാതൃകാപരമായി ജീവിക്കുവാനും സമുദായസേവനസന്നദ്ധത, ജീവകാരുണ്യതൃഷ്ണ, സഹനമനസ്ഥിതി, സ്വയംപരിത്യാഗവാഞ്ഛ എന്നിങ്ങനെയുള്ള സുകൃതങ്ങൾക്കു് അസ്ഥിവാരമിടുവാനും സഹായിക്കും. അതുകൊണ്ടു് ചിമയുടെ ഓമന ക്രിസ്ത്യാനികൾ നടത്തുന്ന വിദ്യാലയങ്ങളിൽ മാത്രമല്ല, എല്ലാ പാഠശാലകളിലേയും വിദ്യാർത്ഥിനീവിദ്യാർത്ഥികൾ വാങ്ങി വായിക്കുന്നതു് ഉത്തമമായിരിക്കുമെന്നു് ശുപാർശചെയ്യുന്നു.

തെക്കേ അമേരിക്കയിൽ ഓശാനാഞായറാഴ്ച "കദ് ക്രെവ് മാറൻ" എന്നും "ആറിം തറ ഏറേശൈദക്കാർ" എന്നുമുള്ള സുറിയാനിഗീതങ്ങൾ പാടി കേൾക്കുന്നതു് എന്റെ ശ്രോത്രങ്ങൾക്കു് ആനന്ദസന്ദായകമാണെങ്കിലും ഗ്രന്ഥത്തിനു് അതൊരൗചിത്യഭംഗമല്ലേ എന്നു് ശങ്കിക്കണം.

ഈ പുസ്തകത്തിലെ കഥാപാത്രങ്ങൾ അനുവാചകരുടെ മൃദുലവും പരിശുദ്ധവുമായ വികാരങ്ങളെ തട്ടിയുണർത്തി രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. വാചയിതാക്കളുടെ ഹൃദയപാളികളിൽ മായാമുദ്രകൾ പതിപ്പിക്കുന്നു. യുവതീയുവാക്കന്മാർക്കും അച്ഛനമ്മമാർക്കും പിഞ്ചുകുഞ്ഞുങ്ങൾക്കും ഒന്നിച്ചിരുന്നു് വായിക്കാം. വീട്ടിനും നാട്ടിനും കൊള്ളാവുന്ന ഉത്തമ പൗരജനങ്ങളെ കരുപ്പിടിപ്പിക്കുവാൻ വേണ്ട ഉപദേശങ്ങളും മാർഗ്ഗങ്ങളും ഹൃദയസ്പൃക്കായി വർണ്ണിച്ചിരിക്കുന്നു. ഒരു മേന്മയും ഒരു നേട്ടവും. ഗ്രന്ഥകർത്താവിനെ അനുമോദിക്കുന്നു.

സാഹിത്യതിലകൻ
സി. കെ. മററം

# മരിയവത്സരമഞ്ജരി

സൂനം 40

ക്രിസ്തുവിനെ സംബന്ധിച്ചുള്ള എല്ലാ പ്രവചനങ്ങളും അവിടുത്തെ അമ്മയായ മറിയത്തേയും സ്പർശിക്കുന്നു. ഐസയാസു് ദീർഘദർശി നമുക്കുവേണ്ടി ജനിക്കാനിരിക്കുന്ന ഒരു സുതനെപ്പററി പറയുമ്പോഴും, നൽകപ്പെടാനിരിക്കുന്ന പുത്രനെപ്പററി പ്രതിപാദിക്കുമ്പോഴും ആ ശിശുവിന്റെ അമ്മയെപ്പററി നമുക്കു സ്മരിക്കാതെ നിവൃത്തിയില്ല. ജനത്തിന്റെ നേതാവായവൻ ആവി



ർഭവിക്കുമെന്നുള്ളതുകൊണ്ടു് യൂദയായിലുള്ള നഗരങ്ങളിൽ ബത്‌ലേഹം ചെറുതല്ലാത്തതായി പരിണമിക്കുമ്പോൾ, അതേ ബത്‌ലേഹം ആ ശിശുവിന്റെ അമ്മയെക്കൂടി ഓർമ്മിപ്പിക്കുന്നില്ലയോ? പ്രതീക്ഷിതനായ മിശിഹായുടെ ശൈശവം ആ കുഞ്ഞിനെ സംരക്ഷിക്കുന്ന ഒരു അമ്മയെ വിഭാവനം ചെയ്യാതെ സങ്കല്പിക്കുക സാദ്ധ്യമല്ലല്ലോ. ഏവംവിധം അസ്പഷ്ടമായ ഒരനുമാനത്തിനു മാത്രമല്ല, മറിയത്തെപ്പററിയുള്ള പ്രത്യക്ഷമായ പ്രതിപാദനത്തിനും പ്രവാചകന്മാർ ശ്രദ്ധിച്ചിട്ടുണ്ടു്.

## മറിയത്തിന്റെ ദർശനം

പ്രവാചകപ്രമുഖരാണല്ലോ ഐസയാസും, ജെറെമിയാസും, എസക്കിയേലും. പഴയനിയമത്തിലെ സുവിശേഷകൻ എന്ന പരനാമമുള്ള ഐസയാസ് ദീർഘദർശി മറിയത്തിന്റെ ദൈവമാതൃത്വത്തെ വിവരിക്കുന്നതു കേട്ടാലും, "അതുകൊണ്ടു ദാവീദിന്റെ ഭവനമേ, നിങ്ങൾ കേട്ടുകൊള്ളുക: ഇതാ, ഒരു കന്യക ഗർഭംധരിച്ചു ഒരു പുത്രനെ സംവഹിക്കും. അവന്റെ നാമം എമ്മാനുവേൽ എന്നു വിളിക്കപ്പെടും" (ഐസയാസു് 7—14). ഇസ്രായേലിന്റെ വീണ്ടെടുപ്പിനേയും പുതിയ നിയമത്തേയുംപററി പ്രതിപാദിക്കുകയിൽ ജെറെമിയാസു് ദീർഘദർശി പറയുകയാണു്: "കർത്താവു ലോകത്തിൽ ഒരു പുതിയ സാധനം സൃഷ്ടിച്ചിരിക്കുന്നു. ഒരു സ്ത്രീ ഒരു മനുഷ്യനെ ആവരണംചെയ്യും" (ജെറെ: 31—22). ദൈവമനുഷ്യനെയാണു് ഇവിടെ ഉദ്ദേശം ചെയ്യുന്നതു്. എസക്കിയേലിന്റെ പ്രശസ്തമായ ദീർഘദർശനത്തിൽ ദൈവമാതാവു ഒരു വിശുദ്ധ സ്ഥലമായിട്ടും, രാജകുമാരന്റെ പ്രവേശനത്തിനും ബഹിർഗമനത്തിനുംമാത്രം തുറക്കപ്പെടുന്ന കവാടമായിട്ടും വർണ്ണിച്ചിരിക്കുകയാണു്: "ഈ വാതിൽ അടയ്ക്കപ്പെട്ടിരിക്കും. അതു തുറക്കപ്പെടുകയില്ല. യാതൊരു മനുഷ്യനും അതിലൂടെ കടന്നുപോവുകയുമില്ല. എന്തുകൊണ്ടെന്നാൽ ഇസ്രായേലിന്റെ ദൈവമായ കർത്താവു അതിലൂടെ പ്രവേശിച്ചിരിക്കുന്നു. അതു രാജകുമാരനുമാത്രമായി അടയ്ക്കപ്പെട്ടിരിക്കുകയും ചെയ്യും" (എസക്കിയേൽ 44—2)

അപ്പസ്തോലന്മാർക്കു മിശിഹായുമായി സഹവസിക്കുന്നതിനും അവിടുത്തെ രക്ഷണീയകൃത്യത്തിന്റെ പ്രവർത്തനരംഗങ്ങളെ കാണുന്നതിനും സാധിച്ചതു ഒരു പ്രത്യേകാനുഗ്രഹമായിരുന്നു എന്നു ക്രിസ്തുതന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ "അനേകം ദീർഘദർശികളും രാജാക്കളും നിങ്ങൾ കാണുന്നവയെ കാണുന്നതിനും, കേൾക്കുന്നവയെ കേൾക്കുന്നതിനും ആഗ്രഹിച്ചു; എന്നാൽ അവർക്കു കാണുന്നതിനോ കേൾക്കുന്നതിനോ സാധിച്ചില്ല." പ്രവാചകന്മാർ നിഴലായി കണ്ടവയെ അപ്പസ്തോലന്മാർ യാഥാർത്ഥ്യത്തിൽ ദർശിച്ചു. പക്ഷെ മിശിഹായെ കാണുകയും, അവിടുത്തെ കേൾക്കുകയും, എല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിക്കുകയും അവയിലേക്കു ആഴമായി ഇറങ്ങി ധ്യാനിക്കുകയും ചെയ്ത മറിയത്തോടു തുലനംചെയ്യുമ്പോൾ അവരുടെ അനുഭവങ്ങൾ എത്ര നിസ്സാരങ്ങളായി ഭവിക്കുന്നു! പരിശുദ്ധ കന്യകമറിയത്തിന്റെ "മാഗ്നിഫിക്കാത്തു്" എന്ന സങ്കീർത്തനം പ്രവചനങ്ങളുടെ സമാഹാരമാണു്. മറിയത്തിന്റെ ജീവിതപരിശുദ്ധിയും പ്രവാചകന്മാരുടെ രാജ്ഞിപദത്തിനു അവിടുത്തെ അർഹയാക്കുന്നു. ഐസയാസിന്റെ ചുണ്ടുകൾ ദൈവവചനം പ്രഭാഷണംചെയ്യുന്നതിനുവേണ്ടി ഒരു മാലാഖായാൽ അഗ്നിജ്വാലകൾകൊണ്ടു സംശുദ്ധമാക്കപ്പെട്ടു. മറിയത്തിന്റെ പരിശുദ്ധി കർമ്മസിദ്ധമല്ല, ജന്മായത്തമാണു്. അമലമനോഹരിയായ മറിയം ഓരോ പ്രവൃത്തിയിലും പുണ്യപൂർണ്ണതയിൽ പുരോഗമിക്കുകമാത്രം ചെയ്തു. മറിയത്തിന്റെ പ്രാർത്ഥനാനിരതവും, സ്നേഹോജ്ജ്വലവും, പ്രശാന്തമനോഹരവും, പ്രേഷിതാത്മകവുമായ ജീവിതം ശാരീരികമായ സ്വർഗ്ഗാരോപണംവരെ ഉയരുകയും മാനവവംശത്തിനു അവരുടെ ഭാവിയെക്കുറിച്ചുള്ള മാതൃകാപ്രവചനമായി പരിലസിക്കുകയും ചെയ്യുന്നു.

കാലത്തിൽ സംഭവിക്കുന്ന ഓരോ കാര്യങ്ങളും അനന്തതയിൽ അറിയുകയും സംവിധാനം ചെയ്യുകയും, സകല പ്രവചനങ്ങളുടെയും പരമാർത്ഥ്യവും പരിശോഭിതലക്ഷ്യവുമായിനിലകൊള്ളുകയും ചെയ്യുന്ന ദൈവത്തിന്റെ ജ്ഞാനത്തേയും സ്നേഹത്തേയും നിത്യകാലം ആസ്വദിക്കുന്നതിനു ദീർഘദർശികളുടെ രാജ്ഞിയോടുകൂടി സ്വർഗ്ഗത്തിലെത്തിച്ചേരുന്നതിനു നമ്മെ നയിക്കുവാൻ ഈ അമ്മയോടു നമുക്കു പ്രാർത്ഥിക്കാം:-

**ദീർഘദർശികളുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

സൂനം 41

തിരുസഭയുടെ കർമ്മക്രമങ്ങളിൽ വിശുദ്ധ ശ്ലീഹന്മാരുടെ അനുസ്മരണയും മഹിമാവർണ്ണനകളും വളരെ മനോഹരങ്ങളാണു്. അവർ ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട സ്നേഹിതന്മാരും, അവിടുത്തെ ജനതയുടെ രാജകുമാരന്മാരും, പഴയ നിയമത്തിലെ പിതാമഹന്മാരുടെയും പ്രവാചകന്മാരുടെയും സ്ഥാനമലങ്കരിക്കുന്നവരുമാണല്ലോ. അവരുടെ സന്ദേശം ലോകം മുഴുവനും പ്രതിധ്വനിച്ചു. ഇസ്രായേലിന്റെ പന്ത്രണ്ടുഗോത്രങ്ങളെ വിധിക്കുന്നതിനു മിശിഹായോടൊത്തു പന്ത്രണ്ടു സിംഹാസനങ്ങളിൽ ഉപവിഷ്ടരാകുന്നതിനുള്ള വാഗ്ദാനവും അവർക്കു ലഭിച്ചിരിക്കുന്നു. ഇത്ര സമുന്നതസ്ഥാനമലങ്കരിക്കുന്ന ശ്ലീഹന്മാരുടെ രാജ്ഞിയാണു് പരിശുദ്ധ കന്യകമറിയം.

## അപ്പസ്തോലിക പൂർണ്ണതകൾ

ശ്ലീഹന്മാർ പുതിയ നിയമത്തിലെ ആദ്യവൈദികരും മെത്രാന്മാരുമായിരുന്നു. അവർ ദൈവത്താൽതന്നെ തിരഞ്ഞെടുക്കപ്പെട്ടവരാണു്. "യാതൊരുത്തനും ഈ ബഹുമതി സ്വയം ഏറെറടുക്കുകയല്ല; ആരോൻ വിളിക്കപ്പെട്ടതുപോലെ ദൈവത്താൽ വിളിക്കപ്പെട്ടവൻമാത്രം അതു സ്വീകരിക്കുന്നു" (ഹെബ്രാ: 5—4) എന്നാണു് വിശുദ്ധ പൗലോസിന്റെ പ്രസ്താവന. ശ്ലീഹാ എന്നുള്ള പദത്തിന്റെ അർത്ഥംതന്നെയും അയക്കപ്പെട്ടവൻ എന്നാണു്. ലോകം മുഴുവനിലും ദൈവരാജ്യം പ്രസംഗിക്കുന്നതിനും വിശ്വസിക്കുന്നവർക്കു മാമ്മോദീസാ നൽകി ക്രിസ്തുവിന്റെ അനുയായികളാക്കുന്നതിനും ക്രിസ്തുരാജന്റെ ദൗത്യം വഹിക്കുകയാണു് അവരുടെ കർത്തവ്യം. ശ്ലീഹന്മാരെ ക്രിസ്തു വിളിക്കുന്നതും, അവരെ ഒരുക്കുന്നതും, അധികാരംനൽകി അവരെ അയക്കുന്നതുമായ സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സുവിശേഷഭാഗങ്ങൾ ഇവയ്ക്കു പ്രകടമായ തെളിവുകൾ പ്രദാനംചെയ്യുന്നുണ്ടു്. ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിലെ ഹൃദയസ്പൃക്കായ സംഭാഷണത്തിലും അവിടുന്നു ഈ ദൈവവിളിയെപ്പററി ഊന്നിപ്പറയുന്നു: "നിങ്ങൾ എന്നെ തിരിഞ്ഞെടുക്കുകയല്ല ചെയ്തിട്ടുള്ളതു്; പ്രത്യുത ഞാൻ നിങ്ങളെ തിരിഞ്ഞെടുക്കുകയും നിങ്ങൾപോയി ഫലം പുറപ്പെടുവിക്കുന്നതിനായി നിയോഗിക്കപ്പെടുകയുമാണു് ചെയ്തിട്ടുള്ളതു്: നിങ്ങളുടെ ഫലം നിലനില്ക്കുകയും വേണം" (യോഹ: 15. 16)

ശ്ലീഹന്മാരുടെ ദൈവവിളി ഇത്ര മഹനീയമെങ്കിൽ മറിയത്തിന്റെ ദൈവവിളി എത്രമേൽ മഹത്തരമായിരിക്കുന്നു! അതു സാദൃശ്യങ്ങളിലും ഉപമകളിലും പഴയനിയമത്തിൽ ഉടനീളം നിഴലിച്ചിരിക്കുകയാണു്. മംഗലവാർത്ത അതിന്റെ പരിണാമഗുപ്തിയുമാണു്. അപ്പസ്തോലികത്വത്തോടു ഏററം ഗാഢമായി ബന്ധപ്പെട്ട ഒരു സ്ഥിതിവിശേഷമാണു് ജീവിതപരിശുദ്ധി. ശ്ലീഹന്മാരിൽ പല പല ദുർബലതകളും വീഴ്ചകളും നാം കാണുന്നുണ്ടെങ്കിലും അവരെ പരിശുദ്ധരാക്കുന്നതിനു മിശിഹാ സദാപി ശ്രദ്ധിച്ചിരുന്നതായും പരിശുദ്ധാരൂപിയുടെ ആഗമനം വഴി അതു പരിപൂർത്തിയാക്കപ്പെടുന്നതായും നാം കാണുന്നു. ഇപ്രകാരം അവരിൽ സജ്ജീകരിക്കപ്പെട്ട പുണ്യപൂർണ്ണതകൾ മറിയത്തിൽ അനുനിമിഷം പ്രവർത്തിച്ചുകൊണ്ടിരുന്നു. പത്രോസിന്റെ വിശ്വാസവും, പൗലോസിന്റെ ശുഷ്കാന്തിയും, അന്ത്രയോസിന്റെ ത്യാഗവും, യോഹന്നാന്റെ സ്നേഹവുമെല്ലാം മറിയത്തിന്റെ പരിപൂർണ്ണതയുടെ മുമ്പിൽ നിഷ്പ്രഭങ്ങളാവുകയാണു്. ക്രിസ്തുവിന്റെ അന്ത്യപ്രഭാഷണത്തിൽ അവിടുന്നു ശ്ലീഹന്മാരുടെ സ്ഥിരതയെ അഭിനന്ദിക്കുകയും സ്വർഗ്ഗീയപിതാവു് അവിടുത്തേക്കു പ്രദാനം ചെയ്യുന്ന അതേ സ്വർഗ്ഗഭാഗ്യം തന്നെ അവർക്കും പ്രതിസമ്മാനമായി വാഗ്ദാനം ചെയ്യുകയുംചെയ്തു. മിശിഹായുടെ ജീവിതത്തിലും ജോലിയിലും പങ്കെടുത്തവരായ ശ്ലീഹന്മാർ അവിടുത്തെ സൗഭാഗ്യത്തിലും പങ്കുകാരാകുന്നു. മിശിഹായുടെ പ്രതിരൂപം അവർ വഴിയായി മനുഷ്യരിൽ സൃഷ്ടിക്കപ്പെടുന്നതുകൊണ്ടു് വിശുദ്ധന്മാരിൽ പ്രതിഫലിക്കുന്ന ഈ സാദൃശ്യം അവർക്കെന്നും ആനന്ദനിദാനമാകുന്നു. എന്നാൽ പരിശുദ്ധ കന്യകമറിയത്തിനോ? ദൈവമാതാവായ മറിയം മററാരേക്കാളും കൂടുതലായി മിശിഹായോടൊന്നിച്ചു പ്രവർത്തിക്കുകയും അവിടുത്തോടുകൂടി സഹിക്കുകയുംചെയ്തു. വിശ്വാസികളിൽ മിശിഹായുടെ പ്രതിരൂപം സൃഷ്ടിക്കുന്നതിൽ മറിയത്തിന്റെ സഹകരണം അനിതരസാധാരണവും മാതൃസഹജവുമാണു്. മാത്രമല്ല വിശുദ്ധാത്മാക്കളിൽ പ്രതിഫലിക്കുന്ന മിശിഹായുടെ സാദൃശ്യം ഒരുവിധത്തിൽ ദൈവജനനിയായ മറിയത്തിന്റെതന്നെ സാദൃശ്യമല്ലേ? തന്മൂലം സ്വർഗ്ഗത്തിലുള്ള ഓരോ വിശുദ്ധനിലും മറിയത്തിന്റെ പ്രതിച്ഛായയെ ദർശിക്കുന്നതു് ഈ അമ്മയുടെ മഹത്വത്തിനു എത്രമാത്രം മാററുകൂട്ടുന്നതാണു്.

അതുകൊണ്ടു് മിശിഹായുടെ ദൈവരാജ്യം വിസ്തൃതമാക്കുന്നതിനു വേണ്ടി ലോകത്തിൽ പ്രവർത്തിക്കുന്ന ഓരോ ക്രിസ്ത്യാനിയും—വൈദികരും, സന്യാസികളും, അൽമായപ്രേഷിതരും — അവരുടെ ദൈവവിളിയെ സംരക്ഷിക്കുന്നതിനും, അപ്പസ്തോലികപുണ്യപൂർണ്ണത സമ്പാദിക്കുന്നതിനും, ആത്മാവുകളിൽ മിശിഹായെ പ്രതിഫലിപ്പിക്കുന്നതിനും അപ്പസ്തോലരാജ്ഞിയായ മറിയത്തെ വിളിച്ചപേക്ഷിക്കട്ടെ:-

**ശ്ലീഹന്മാരുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ!**

സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| | | പ്രതിവർഷം |
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കു് പുറമെ | | 8—12—0 |




പന്തക്കു: 21-ാം ഞായർ

## സഹോദരനോടു
## ക്ഷമിക്കാത്ത മനുഷ്യൻ

സുവിശേഷം. വിശുദ്ധ മത്തായി 18:23-35

"ഇതാ, സ്വർഗ്ഗരാജ്യത്തിന്റെ ഒരു സാദൃശ്യം: തന്റെ ഭൃത്യനോടു കണക്കുചോദിക്കുവാൻ നിശ്ചയിച്ച ഒരു രാജാവുണ്ടായിരുന്നു. അവൻ കണക്കു കേട്ടുതുടങ്ങിയ ഉടനെ, പതിനായിരം താലന്തു കടമുള്ള ഒരുവനെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. കടം വീട്ടുവാൻ അവനു ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ആകയാൽ അവനേയും അവന്റെ ഭാര്യയേയും അവനുണ്ടായിരുന്നവ സകലവും വിററു കാരാഗൃഹത്തിലാക്കി. ഇതു ചെയ്യുന്നതു കണ്ടപ്പോൾ, മററു ഭൃത്യന്മാർക്കു വെറുപ്പുതോന്നി, സംഭവിച്ചതെല്ലാം യജമാനനോടു പറയുവാനായിപ്പോയി. ഉടനെ യജമാൻ ആ ഭൃത്യനെ വിളിച്ചുപറഞ്ഞു: ദുഷ്ടഭൃത്യാ, നീ അപേക്ഷിച്ചപ്പോൾ നിന്റെ കടമെല്ലാം ഞാൻ ഇളച്ചുതന്നില്ലേ? ഞാൻ നിന്നോടു കരുണകാണിച്ചതുപോലെ, നിന്റെ കൂട്ടുഭൃത്യനോടും നീ കരുണകാണിക്കേണ്ടതല്ലേ? യജമാന



ഭൃത്യനു രാജാവു കടം ഇളവു ചെയ്തുവിടുന്നു.



ക്ഷമിക്കാത്ത ഭൃത്യനെ നീതിപാലകൻ പിടിക്കുന്നു.

കടം വീട്ടുവാൻ യജമാനൻ കല്പിച്ചു. അപ്പോൾ ഭൃത്യൻ അവന്റെ കാല്ക്കൽവീണപേക്ഷിച്ചു: എന്നോടു ക്ഷമിക്കേണമേ. ഞാനു കടം മുഴുവനും വീട്ടിക്കൊള്ളാം. യജമാനനു ദയവുതോന്നി ആ ഭൃത്യന്റെ കടം ഇളവുചെയ്തു അവനെ വിട്ടയച്ചു. എന്നാൽ ആ ഭൃത്യൻ പുറത്തിറങ്ങിയപ്പോൾ തനിക്കു നൂറു വെള്ളിനാണയം കടപ്പെട്ടിരുന്ന മററൊരു ഭൃത്യനെക്കണ്ടു, ഉടനെ അവൻ ആ ഭൃത്യ



ഭൃത്യന്റെ കടക്കാരനായ കൂട്ടുഭൃത്യനെ ന്യായാധിപന്റെ അടുക്കലേക്കു വലിച്ചുകൊണ്ടു പോകുന്നു.

നെ പിടിച്ചു തൊണ്ടയ്ക്കു ഞെക്കിക്കൊണ്ടു പറഞ്ഞു: എനിക്കു തരുവാനുള്ളതു് മുഴുവൻ തരിക. ആ കൂട്ടുഭൃത്യൻ ഉടൻ മുട്ടിന്മേൽനിന്നപേക്ഷിച്ചു: എന്നോടു ക്ഷമിക്കേണമെ. ഞാൻ മുഴുവനും വീട്ടിക്കൊള്ളാം. എന്നാൽ മററവൻ സമ്മതിച്ചില്ല. അവൻ പോയി കടം മുഴുവനും വീട്ടുന്നതുവരെ അവനെ ൻ കോപിച്ചു, കടംമുഴുവൻ വീട്ടുന്നതുവരെ പീഡിപ്പിക്കപ്പെടുന്നതിനായി അവനെ ഏല്പിച്ചുകൊടുത്തു. സഹോദരൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ, സ്വർഗ്ഗസ്ഥനായ എന്റെ പിതാവു് നിങ്ങളോടും ഇപ്രകാരംതന്നെ ആയിരിക്കും വർത്തിക്കുക."

ജോണി:- ബലേഭേഷ്, ഒന്നാംതരം കഥ. ആ ദുഷ്ടനായ ഭൃത്യനെ അങ്ങിനെതന്നെ ചെയ്യണം.

പിതാവ്:- ജോണി, നീയങ്ങനെ വിധിക്കാൻ ബദ്ധപ്പാടു കൂട്ടല്ലെ. ചിലപ്പോൾ ആ വിധി നമുക്കെതിരായി വന്നേക്കും, കേട്ടോ.

ജോണി:- അതെങ്ങനെയാ അപ്പച്ചാ, നമ്മളാർക്കും കടംകൊടുക്കാനില്ലല്ലോ. നമുക്കാരും അങ്ങനെ കടം ഇളച്ചുതരേണ്ട ആവശ്യവുമില്ലല്ലോ.

പിതാവു :- ക്ഷമിക്കു, ഞാൻ പറഞ്ഞുതരാം.

മേരി:- ഈ ജോണിക്കു എപ്പോഴും അങ്ങു കയറിപ്പറയലാ. ഒന്നു കേൾക്കുന്നതിനു മുമ്പുതന്നെ വിധി പാസാക്കും.

ജോണി:- നിനക്കെന്താ നഷ്ടം. ഞാനല്ല പറയുന്നതു്. ഒരു പാതിത്തക്കാരി.

പിതാവ്:- ജോണി, ഇതുതന്നെ ഇപ്പോൾ നിന്റെ വാദത്തിനെതിരായ ഒരു തെളിവായല്ലോ. മേരി പറഞ്ഞതു നിനക്കിഷ്ടപ്പെടാതായപ്പോൾ നീ അതു ക്ഷമിച്ചുവോ? ഉടനെ തട്ടുത്തരം പറഞ്ഞില്ലേ? അതു ക്ഷമയുടെ ലക്ഷണമാണോ? ഇതുപോലെതന്നെ ദൈവവും നമ്മോടു പ്രവർത്തിക്കുന്നുവെന്നു വിചാരിക്കുക. എന്തായിരിക്കും നമ്മുടെ സ്ഥിതി. നാം ഓരോ ദിവസവും എത്രയെത്ര കുററങ്ങൾ ദൈവത്തിന്റെ ഹിതത്തിനെതിരായി പ്രവർത്തിക്കുന്നു അതിനോരോന്നിനും ദൈവം നമ്മെ ശിക്ഷിക്കയാണെങ്കിൽ നാം ഇപ്പോൾ ജീവിക്കുമോ? അങ്ങനെ അനുനിമിഷം ദൈവം നമ്മുടെ കുററങ്ങളും കുറവുകളും തെററുകളും പാപങ്ങളും ക്ഷമിക്കുന്നു. ആ നല്ല ദൈവത്തെ—നമ്മുടെ യജമാനനെ—ഓർത്തു നമ്മോടു എന്തെങ്കിലും തെററു പ്രവർത്തിക്കുന്ന ഒരു സഹോദരനോടോ സഹോദരിയോടോ നാം ക്ഷമിക്കുവാൻ സന്നദ്ധരാകുന്നില്ല. ആ ഉപമയിലെ ദുഷ്ടനായ ഭൃത്യനെ കുററമില്ലാത്തവരെപ്പോലെ ഞെളിഞ്ഞുനിന്നു കുററംപറയാനുള്ള അവകാശം നമുക്കുണ്ടോ?

ജോണി:- അതു ശരിയാണപ്പച്ചാ, ഞാൻ പെട്ടെന്നങ്ങിനെ വിചാരിച്ചുപോയതു ശരിയായില്ല.

ലൂസി:- മേരിയോടു കോപിച്ചതും അവളെ കുററം പറഞ്ഞതും ശരിയായോ?

ജോണി:- അതും ശരിയായില്ല ചേച്ചി മേരി, നീ എന്നോടു വഴക്കു വിചാരിക്കരുതു് കേട്ടോ.

മേരി:- ഒന്നുമില്ല ജോണി. ഇങ്ങനെ വരാതിരിക്കാൻ നമുക്കു സൂക്ഷിക്കാം.

പിതാവ്:- ഒരു കാര്യം കൂടി ഈ അവസരത്തിൽ നാം ഓർക്കണം. നമ്മൾ ദിവസവും പല പ്രാവശ്യം ദൈവത്തോടപേക്ഷിക്കുന്നുണ്ട്, നമ്മുടെ പാപങ്ങൾ നമ്മോടു ക്ഷമിക്കണമേ എന്ന്.

മേരി:- ഉവ്വ്. "ആകാശങ്ങളിലിരിക്കുന്ന" എന്ന നമസ്കാരത്തിൽതന്നെ ഒരു പ്രാർത്ഥന അതാണല്ലോ.

പിതാവ്:- അതേ ആ നമസ്കാരത്തിൽ തന്നെ ഒരു പ്രത്യേകകാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

ജോണി:- അതെന്താണപ്പച്ചാ?

പിതാവ്:- ജോണി ആ ഭാഗം ഒന്നു ചൊല്ലിയേ.

ജോണി:- ഞങ്ങളുടെ അന്നന്നത്തെ അപ്പം ഞങ്ങൾക്കു തരിക. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറുക്കുക, എന്നാണ്.

പിതാവ്:- ആ വാചകത്തിൽ ഉള്ളടക്കിയിരിക്കുന്ന ഒരു വ്യവസ്ഥ കണ്ടോ? ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, എന്ന്. സഹോദരനോടു ക്ഷമിക്കാൻ തയ്യാറില്ലാത്ത ഒരാൾ ആ പ്രാർത്ഥന ചൊല്ലുമ്പോൾ അതിന്റെ അർത്ഥം എങ്ങിനെ ആയിരിക്കും എന്നു ലൂസി പറഞ്ഞേ.

ലൂസി:- അതു നേരെ വിപരീതമാകും. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കാത്തതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കരുതേ എന്നാകും.

പിതാവ്:- കണ്ടോ വ്യത്യാസം!

ജോണി:- അപ്പച്ചാ, ഇതു വലിയൊരു പാഠമാണ്. ഞാനിതുവരെ ഇതോർത്തിട്ടില്ല.

പിതാവ്:- അതുകൊണ്ടു നാമെപ്പോഴും ക്ഷമയുള്ളവരാകുക. നമ്മുടെ പാപങ്ങൾ ദൈവവും ക്ഷമിക്കും.



# കൊടുങ്ങല്ലൂർക്കു വരുവാൻ
## നമ്മുടെ പിതാക്കന്മാർക്കു ജ്ഞാനസ്നാനം നൽകിയ
## മാർ തോമ്മാശ്ലീഹായുടെ
## വലതുകരം കേരളക്രൈസ്തവരെ മാടിവിളിക്കുന്നു.

പൊന്തിഫിക്കൽ തീർത്ഥാടനകേന്ദ്രത്തിലെ ഒന്നാമത്തെ തിരുനാൾ അടുത്ത നവമ്പർ 19-ാംനു മുതൽ 21-ാംതിയതിവരെ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നതാണ്. കേരളത്തിലെ എല്ലാ ഇടവകയിൽനിന്നും തീർത്ഥകസംഘങ്ങളെ പ്രതീക്ഷിക്കുന്നുണ്ടു്.

N. B. തീർത്ഥകർക്കുവേണ്ടി ബോട്ടുകളും ബസ്സുകളും കാലേക്കൂട്ടി ഏർപ്പാടുചെയ്യണമെന്നു സംഘടനകളുടെ ഭാരവാഹികളോടു് അഭ്യർത്ഥിക്കുന്നു.

Rector, Pontifical Shrine, Azhikode P. O. Cranganore.


## Thanks




For Fovours Received By Mrs. A. A. A. IRINJALAKUDA

## ചരമവാർത്തകൾ

**ആലുവാ:** സ്ഥലത്തെ ശ്രീ കല്ലുപ്പറമ്പത്തു് കാക്കു അവർകളുടെ ധർമ്മപത്നി ശ്രീമതി മറിയം (കുഞ്ഞെയ്ത്തി) തന്റെ 54-ാമത്തെ വയസ്സിൽ ഒക്ടോബർ 21-ാംനു പകൽ 12-15നു് നിര്യാതയായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം റവ. ഫാദർ സെബാസ്റ്റ്യൻ നാല്പാട്ടു് അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആലുവാപള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു.

**മലപ്പുറം:** ഈ ഇടവക മഠത്തിപ്പറമ്പിൽ തൊമ്മൻ അന്നമ്മ 10-ാംനു പകൽ 3 മണിക്കു വാർദ്ധക്യസഹജമായ രോഗംമൂലം 84-ാമത്തെ വയസ്സിൽ കർത്താവിൽ ചരമം പ്രാപിച്ചു. പിറേറദിവസം 4 മണിക്കു പരേതയുടെ ഭാഗിനേയൻ, മംഗലപ്പുഴ സെമിനാരി സുറിയാനി മല്പാൻ റവ. ഫാദർ ജി. എം. പുത്തൻപുര അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു പല ബ. വൈദികരുടെ സഹകരണത്തിലും മൃതദേഹം സംസ്കരിക്കപ്പെട്ടു. കൊട്ടാരത്തുമ്യാലിൽ ബ. മത്തായിയച്ചൻ ചരമപ്രസംഗം നടത്തി.

**ഉഴവൂർ:** ഈ പള്ളി ഇടവക പാണ്ടിക്കാട്ടു മറിയം 58-ാമത്തെ വയസ്സിൽ ഉദരസംബന്ധമായ രോഗത്താൽ ഒക്ടോബർ 18-ാംതിയതി കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം പെ.ബ. മോൺസിഞ്ഞോർ തെക്കനാട്ടു് അവർകളുടെ പ്രധാന കാർമ്മികത്വത്തിലും ഒട്ടുവളരെ വൈദികരുടെ സാന്നിദ്ധ്യത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**എളങ്കുളം:** ഇവിടെ പള്ളിപ്പറമ്പിൽ വറുതു് വർഗ്ഗീസ് (വാറി ആശാൻ) തന്റെ 60-ാമത്തെ വയസ്സിൽ ഒക്ടോബർ 19-ാംനു നിര്യാതനായി. പിറേറദിവസം റവ. ഫാ. മൈക്കിൾ പനക്കൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു പല വൈദികരുടെ സഹകാർമ്മികത്വത്തിലും ഒട്ടുവളരെ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിലും ശവസംസ്കാരം നടത്തപ്പെട്ടു.

R. I. P.




സത്യദീപം

പത്രാധിപന്മാർ

റൈറ്റ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, OCTOBER, 27 | No. 11

# ക്രിസ്തുവിന്റെ രാജത്വം

ക്രിസ്തുവിന്റെ ദൗത്യത്തേയും ആസ്തിക്യത്തെത്തന്നെയും ചോദ്യം ചെയ്യുന്ന ചുരുക്കം ചിലരുണ്ട്. അവിടുത്തെ ദിവ്യാപദാനങ്ങളേയും അവകാശങ്ങളേയും നിഷേധിക്കുന്നവരുണ്ട്. അവരെല്ലാം ക്രിസ്തുവിന്റെ രാജത്വത്തേയും പുച്ഛമായി വീക്ഷിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. ക്രിസ്തുവിനെ ഒരവതാരപുരുഷനായും ദിവ്യനായും പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പൊതുജനതയ്ക്കും ഈ രാജത്വാവകാശം അസ്ഥാനത്തല്ലേ എന്നു ശങ്കയില്ലാതില്ല. പോരെങ്കിൽ രാജാക്കന്മാർ ബൂർഷ്വാസികളുമായി കൂട്ടുചേർക്കപ്പെടുകയും, ജനാധിപത്യമുന്നേററത്തിൽ രാജകിരീടങ്ങളെല്ലാം തെറിച്ചുവീഴുകയും ചെയ്തിരിക്കുന്ന ആധുനികലോകത്തിൽ രാജശബ്ദത്തിനുതന്നെ എന്തോ ഒരു വിരസത വന്നു ഭവിച്ചതുപോലെ അവർക്കു തോന്നുന്നു. എന്നാൽ ക്രിസ്തുവിന്റെ രാജത്വത്തിൽ ഉറച്ചു വിശ്വസിക്കുകയും, "ക്രിസ്തുരാജൻ ജയിക്കട്ടെ" എന്നു ജയഘോഷം മുഴക്കുകയും, ക്രിസ്തുവിന്റെ രാജ്യവിസ്തൃതിക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവരിൽതന്നെയും ഈ രാജത്വാഭിധാനത്തോടു ഒരു "വല്ലായ്മ" തോന്നുന്നവരില്ലെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. ഇതെല്ലാം ക്രിസ്തുവിന്റെ രാജത്വത്തിന്റെ സ്വഭാവത്തെ അറിയാത്തതുകൊണ്ടോ, അതിനെ തെററിദ്ധരിക്കുന്നതുകൊണ്ടോ സംഭവിക്കുന്നതാണ്.

രാജശബ്ദത്തിനു ഭൂപതി, നരപതി എന്നെല്ലാമാണല്ലോ അർത്ഥം കല്പിച്ചിട്ടുള്ളതു്. അതുകൊണ്ടു രാജാവെന്നുവച്ചാൽ സ്വതന്ത്രമായ ഒരു ഭൂവിഭാഗത്തെ ഭരിക്കുന്ന സർവ്വാധിപതി എന്നും അവിടത്തെ ജനപദത്തെ നയിക്കുന്ന പരമാധികാരി എന്നും സിദ്ധിക്കുന്നു. ചുരുക്കത്തിൽ സർവ്വാദരണീയമായ ഒരധീശത്വമാണ് രാജത്വത്തിന്റെ നിദാനം. ലോകചരിത്രത്തിൽ സംഭവിച്ചിട്ടുള്ള വ്യവസ്ഥിതികളുടെ പരിണാമത്തിൽ ഭൂവിഭാഗങ്ങളുടെയും ജനപദങ്ങളുടേയും അധികാരാധീശത്വം രാജാക്കന്മാരിൽ നിക്ഷിപ്തമായി. ആധുനികപരിണാമത്തിൽ അതു നിമ്മജ്ജനം ചെയ്യപ്പെട്ട് ജനപ്രതിനിധിഭരണരീതിയിലേക്കു രാജ്യങ്ങൾ ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ ചിന്താഗതിയിൽ രാഷ്ട്രീയഭരണസമ്പ്രദായം സംബന്ധിച്ചു സംജാതമായിട്ടുള്ള ഈ വ്യതിയാനമാണ് ക്രിസ്തു അവകാശപ്പെടുന്ന രാജത്വത്തെ സംബന്ധിച്ചും ഉപരിപ്ലവരീത്യാ ചിന്തിക്കുന്ന സാധാരണന്മാരെ ഉദ്ധൃതചിന്താക്കുഴപ്പങ്ങളിലേക്കാനയിക്കുന്നതു്. പരംപൊരുളായ ക്രിസ്തുവിന്റെ രാജത്വമെവിടെ; ലോകവ്യവസ്ഥിതിയിൽ സാന്ദർഭികമായി ആരോപിക്കപ്പെടുന്ന രാജത്വമെവിടെ! ഈ വ്യത്യാസമാണ് ക്രിസ്തുവിന്റെ രാജത്വത്തെ അനുസ്മരിക്കുന്ന ഈ അവസരത്തിൽ നാം ഗ്രഹിക്കേണ്ടതു്. ജനതയിൽ ക്രിസ്തുവിനുള്ള അധീശത്വത്തിന്റേയും പരമാധികാരത്തിന്റേയും അലംഘനീയമായ നിലപാട് സുവിശദമാക്കുന്നതിനുവേണ്ടിയാണ് കത്തോലിക്കാതിരുസഭ, രാജത്വത്തെപ്പററി അവമതി വർദ്ധിച്ചുവശായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആചരിക്കണമെന്നാഹ്വാനം ചെയ്തിരിക്കുന്നതു്. 1925 ഡിസംബർ 11-ാംനു ക്രിസ്തുവിന്റെ രാജത്വത്തെ പ്രഖ്യാപിച്ചു രാജത്വത്തിരുനാൾ ഏർപ്പെടുത്തിയും പരിശുദ്ധപിതാവു് 11-ാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ചിട്ടുള്ള സുദീർഘവും പണ്ഡിതോചിതവുമായ തിരുവെഴുത്തിൽ ഈ ഉദ്ദേശ്യം വിശദമാക്കിയിട്ടുള്ളതാണ്.

## വേദപുസ്തകത്തിലെ ക്രിസ്തു

ക്രിസ്തുമതത്തിന്റെ പ്രാമാണികഗ്രന്ഥവും ചരിത്രപരമായി പണ്ഡിതന്മാരുടെ ഇടയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള വിശ്രുതരേഖയുമായ വേദപുസ്തകങ്ങളുടെ പഴയതും പുതിയതുമായ വിഭാഗങ്ങളെ പരിശോധിച്ചാൽ അവിടെ ക്രിസ്തുവിന്റെ രാജത്വത്തെ സ്ഥാപിക്കുന്നതും അതിന്റെ ശരിയായ സ്വഭാവത്തെ വിശദമാക്കുന്നതുമായ നിരവധി സാക്ഷ്യങ്ങൾ കാണാവുന്നതാണ്. സംഖ്യകളുടെ പുസ്തകത്തിൽ സീയോന്റെ രാജാവും ലോകത്തിന്റെ അതിർത്തികൾവരേയും അധികാരം നടത്തുന്നവനും യാക്കോബിന്റെ വംശജനുമായ രക്ഷകനെ വിഭാവനം ചെയ്തിരിക്കുന്നു. സങ്കീർത്തകൻ ക്രിസ്തുവിന്റെ രാജത്വത്തെപ്പററി പ്രസ്താവിച്ചിട്ടുള്ളതു് അവിടത്തെ സിംഹാസനം നിത്യകാലം നിലനില്ക്കുന്നുവെന്നും, അവിടത്തെ രാജകീയചെങ്കോൽ നീതിയുടെ ചെങ്കോലാകുന്നു എന്നുമത്രെ. അവിടത്തെ ഭരണത്തെപ്പററി ആ രാജകീയ പ്രവാചകൻ പറയുന്നതു് അക്കാലങ്ങളിൽ നീതിയും സമാധാനവും വർദ്ധമാനമാകുമെന്നും, അവിടുന്നു സമുദ്രം മുതൽ സമുദ്രംവരെയും നദീതീരം മുതൽ ഭൂമിയുടെ അതിർത്തികൾവരേയും ഭരണം നടത്തുമെന്നുമാണ്. ഒരു ശിശു നമുക്കു ജാതനായിരിക്കുന്നു; ഒരു പുത്രൻ നമുക്കു നൽകപ്പെട്ടിരിക്കുന്നു. ഭരണം അവന്റെ ചുമലുകളിലാണ്. അവൻ അത്ഭുതാവഹൻ, ഉപദേഷ്ടാവു്, ശക്തനായ ദൈവം, ഭാവിലോകത്തിന്റെ പിതാമഹൻ, സമാധാനത്തിന്റെ രാജാവു് എന്നെല്ലാം വിളിക്കപ്പെടും. അവന്റെ രാജ്യം ഉപര്യുപരി വിസ്തൃതമാകും. സമാധാനത്തിനു പരിധിയുണ്ടാവുകയില്ല. അവൻ ദാവീദിന്റെ രാജ്യത്തിൽ അവന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകും എന്നീ പ്രകാരമാണ് ഐസയാസ് ദീർഘദർശി രക്ഷകനെപ്പററി പ്രവചിച്ചിരിക്കുന്നതു്. പ്രവാചകനായ ദാനിയേൽ ക്രിസ്തുവിനെപ്പററി പറയുന്നതു്, അവൻ ഒരു രാജ്യം സ്ഥാപിക്കും; അതൊരിക്കലും നശിപ്പിക്കപ്പെടുകയില്ല; അതെന്നും നിലനില്ക്കുകതന്നെ ചെയ്യും എന്നത്രെ. ഈ വിധത്തിൽ ക്രിസ്തുവിന്റെ രാജത്വത്തേയും അതിന്റെ സ്ഥിതിവിശേഷങ്ങളേയും ഉദ്ദർശനം ചെയ്യുന്ന പ്രവചനങ്ങൾ പഴയ നിയമഗ്രന്ഥത്തിൽ ആദ്യവസാനം സുലഭങ്ങളാണ്.

പുതിയ നിയമത്തിലേക്കു കടക്കുമ്പോൾ കൂടുതൽ വിശദമായ സാക്ഷ്യങ്ങളും ക്രിസ്തുവിന്റെതന്നെ അവകാശവാദവും പ്രസ്തുതയാഥാർത്ഥ്യങ്ങളെ എടുത്തുകാണിക്കുന്നുണ്ട്. മംഗലവാർത്തയുടെ അവസരത്തിൽ ദൈവദൂതൻ മറിയത്തോടു പറയുന്നു: നീ ഒരു പുത്രനെ ഗർഭംധരിച്ചു പ്രസവിക്കും. ദൈവമായ കർത്താവു് ദാവീദിന്റെ സിംഹാസനത്തെ അവനു പ്രദാനംചെയ്യും. അവൻ എന്നെന്നും യാക്കോബിന്റെ ഭവനത്തിൽ ഭരണം നടത്തും. അവന്റെ രാജ്യത്തിനു അവസാനമുണ്ടാകയില്ല. പഴയ നിയമഗ്രന്ഥങ്ങളിലെ പ്രവചനങ്ങളുടെ വെളിച്ചത്തിലാണ് ഈ വിവരണമെന്നു സ്പഷ്ടമാണല്ലോ. ക്രിസ്തുതന്നെ അവിടത്തെ പരസ്യജീവിതത്തിനിടയിൽ തന്റെ രാജ്യത്തെപ്പററി വിശദമായി പ്രതിപാദിക്കുന്ന അവസരങ്ങൾ പലതുണ്ട്. ശ്ലീഹന്മാർ അതു മനസ്സിലാക്കുകയും ഹ്രസ്വവീക്ഷണപരമായ അവരുടെ ആവേശത്തിൽ ആ രാജ്യത്തിലെ ഉന്നതസ്ഥാനങ്ങൾ ലഭിക്കുന്നതിനു ചില ചില്ലറ മത്സരങ്ങൾ നടത്തുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ഈ അവകാശവാദത്തെ യഹൂദജനങ്ങളും ഗ്രഹിച്ചിരുന്നു. അതുകൊണ്ടാണല്ലോ അവർ അവിടത്തെ രാജാവാക്കുന്നതിനുള്ള ചില ശ്രമങ്ങൾ നടത്തുന്നതായി നാം കാണുന്നതു്. അവസാനം അവിടുത്തോടുള്ള ശത്രുതയിൽ അവിടത്തെമേൽ അവർ കൊണ്ടുവന്ന കുററാരോപണവും അവൻ സ്വയം രാജാവാകുന്നു എന്നാണ്. ന്യായാധിപനായ പീലാത്തോസിന്റെ മുമ്പിൽവച്ചു് ആ റോമൻ ഗവർണ്ണർ അവിടുത്തോടു ചോദിക്കുന്നതും ഈ ആരോപണത്തെക്കുറിച്ചാണ്. നീ രാജാവാകുന്നുവോ എന്നുള്ള ചോദ്യത്തിനു് ക്രിസ്തു യാതൊരു ചാഞ്ചല്യവും കൂടാതെ, ഒരു വധശിക്ഷയെത്തന്നെ മുൻപിൽ കണ്ടുകൊണ്ടു് സധീരം മറുപടിപറയുന്നുണ്ട്, അവിടുന്നു സത്യമായും രാജാവാണെന്നും, ഈ അവകാശസ്ഥാപനത്തിനുവേണ്ടിയാണ് അവിടുന്നു ലോകത്തിൽ വന്നിട്ടുള്ളതെന്നും. ഉത്ഥാനത്തിനുശേഷം ലോകം മുഴുവൻ കീഴടക്കുന്നതിനുള്ള ആജ്ഞ അവിടത്തെ ശിഷ്യന്മാർക്കു നൽകുകയിൽ അവിടുന്നു പറയുന്നതു്, ആകാശത്തിലും ഭൂമിയിലും സർവ്വാധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു; ആകയാൽ നിങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പോയി എല്ലാ ജാതികളോടും എന്റെ സുവിശേഷത്തെ പ്രസംഗിക്കുവിൻ എന്നാണ്. ഏവംവിധം ദൈവൈക്യത്തിൽ സംജാതവും, പരിത്രാണകർമ്മത്താൽ മുദ്രീകൃതവും, മിശിഹായാൽതന്നെ പ്രഖ്യാപിതവുമായ ക്രിസ്തുവിന്റെ അനിഷേധ്യവും അവിച്ഛേദ്യവുമായ രാജത്വത്തിനു പ്രകടമായ സാക്ഷ്യങ്ങൾ വിശുദ്ധ ലിഖിതങ്ങൾ പ്രദാനംചെയ്യുന്നു.

## ക്രിസ്തുവിന്റെ രാജത്വത്തിന്റെ സ്വഭാവം

പ്രവചനങ്ങളെ പരമ്പരയാ പഠിച്ചറിഞ്ഞുകൊണ്ടിരുന്ന യഹൂദജനം ക്രിസ്തുവിന്റെ രാജത്വത്തെപ്പററി സുദൃഢം വിശ്വസിച്ചിരുന്നു. എന്നാൽ അതിന്റെ സ്വഭാവത്തെ ഗ്രഹിക്കുന്നതിനു ലോകോന്മുഖമായിരുന്ന അവരുടെ വീക്ഷണഗതിക്കു സാധിച്ചില്ല. ലൗകികമായ പ്രഭാവധോരണിയാൽ സമലംകൃതമായ ഒരു ഭൗതികരാഷ്ട്രത്തെയാണവർ വിഭാവനം ചെയ്തതു്. ക്രിസ്തുവിൽ അവരുടെ ഈ വ്യാമോഹം പരാജയമടയുന്നതായി കണ്ടപ്പോഴാണ് അവർ നിരാശരും ക്രിസ്തുവിരോധികളുമായി ഭവിച്ചതു്. അവരുടെ ഈ ആബദ്ധ്യത്തെ തിരുത്തുന്നതിനും ആശയക്കുഴപ്പത്തെ പരിഹരിക്കുന്നതിനും ക്രിസ്തു അവിടത്തെ രാജ്യത്തിന്റെ ആദ്ധ്യാത്മികസ്വഭാവത്തെ വെളിപ്പെടുത്തി. പക്ഷെ ഭൗതികത്വത്താൽ അന്ധമായ അവരുടെ ബുദ്ധിയിൽ ആ പ്രകാശം പ്രതിഫലിച്ചില്ല. അനീതിയും കാപട്യവും നിറഞ്ഞ ജീവിതചര്യകൊണ്ടു മരവിച്ചുപോയിരുന്ന ആ സമുദായപ്രമാണികളുടെ മനസ്സാക്ഷിയിൽ അതിനു പ്രസക്തിയില്ലാതെപോയി. ക്രിസ്തു അവിടത്തെ രാജത്വത്തെ സംബന്ധിച്ച അവകാശവാദത്തെ സധീരം സുവ്യക്തം ഏററുപറഞ്ഞ വിധിനിർണ്ണായകമായ ആ അവസരത്തിൽ ന്യായാധിപതിയായ പീലാത്തോസിന്റെ മുമ്പിൽവച്ചും പ്രസ്തുത സത്യത്തെ പ്രകടമാക്കുകയാണ ചെയ്തതു്. അവിടുന്നു സത്യത്തിൽ രാജാവാണെന്നേററുപറഞ്ഞ ഉത്തരക്ഷണത്തിൽ അവിടുന്നു വിശദീകരിച്ചു: എന്റെ രാജ്യം ഈ ലോകത്തിനടുത്തതല്ല എന്നു്. അതുകൊണ്ടു ക്രിസ്തു അവകാശപ്പെടുന്ന രാജത്വം ഭൗതികമായ ഒന്നല്ല. സ്വർണ്ണക്കിരീടവും ചെങ്കോലും പേറുന്ന ലോകത്തിലെ രാജാക്കന്മാരുടെ ഒരു സ്ഥാനമല്ല അതു്. മുൾക്കിരീടവും ഞാങ്കണയും വഹിക്കുന്ന സഹനത്തിന്റെ സാമ്രാജ്യമാണതു്. രാജത്വത്തിരുനാൾ പ്രഖ്യാപനം ചെയ്യുന്ന തിരുവെഴുത്തിൽ പരിശുദ്ധ പിതാവു് 11-ാം പീയൂസ് മാർപ്പാപ്പാ വിശദമാക്കിയിട്ടുള്ളതുപോലെ അതു മനുഷ്യബുദ്ധിയേയും, ഹൃദയത്തേയും, മനസ്സിനേയും അടക്കിഭരിക്കുന്ന ആദർശാത്മകവും ആദ്ധ്യാത്മികവും എന്നാൽ സാക്ഷാത്തുമായ മഹാസാമ്രാജ്യമാണ്. യഥാർത്ഥക്രിസ്ത്വനുയായികൾ ഉൾപ്പെടുന്നതും, ലോകമാസകലം വ്യാപിച്ചുകിടക്കുന്നതും, കത്തോലിക്കാ തിരുസഭയാൽ നയിക്കപ്പെടുന്നതുമായ ഈ ലോകമഹാസാമ്രാജ്യത്തിന്റെ മണിമണ്ഡപത്തിലാണ് മാനവസമ്രാട്ടായ ക്രിസ്തു ഉപവിഷ്ടനായി അഭംഗമായ അവിടത്തെ ഭരണം നടത്തുന്നതു്. സകല പ്രവചനങ്ങളും അതിൽ പൂർത്തീകരിക്കപ്പെടുന്നു. സകല ഹൃദയങ്ങളും ഈ സ്വർഗ്ഗീയഭരണത്തിൽ പ്രശാന്തസുന്ദരമായ സമാധാനസൗഭാഗ്യങ്ങൾ ആസ്വദിച്ചാനന്ദമടയുകയാണ്. നരകശക്തികൾക്കു കടിപ്പെടാത്തതും, മർദ്ദനത്തിൽ ശക്തിപ്രാപിക്കുന്നതും, ലോകശക്തികളെ അമ്പരപ്പിക്കുന്നതും, യുഗങ്ങളെ അതിജീവിച്ചു ഭാസുരം പുരോഗമിക്കുന്നതുമായ ജേതാവായ ക്രിസ്തുരാജന്റെ ലോകൈകസാമ്രാജ്യം അതുമാത്രമാണ്.

## ഒരു പ്രോട്ടസ്റ്റന്റുകാരന്റെ സാക്ഷ്യം

കഴിഞ്ഞ ലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന കാലം. ലോകത്തിന്റെ ഭാവി എങ്ങോട്ടെന്നു നിർണ്ണയിക്കാനാവാത്ത സന്ധി. ഇതിന്റെ അവസാനത്തിൽ ക്രിസ്തുവിന്റെ ധാർമ്മികസാമ്രാജ്യമായ കത്തോലിക്കാ തിരുസഭയുടെ ഭാവി എന്തായിരിക്കുമെന്നുള്ള ഒരു പ്രശ്നം ഉന്നയിക്കപ്പെട്ടു. ഒരു പ്രസിദ്ധപണ്ഡിതനും പ്രോട്ടസ്റ്റന്റുമതാവലംബിയുമായ മി. തോമസ് ലോമാക്സ് ഹണ്ടർ നിർവ്വിശങ്കം ഇങ്ങനെ ഒരു സമാധാനം പ്രസിദ്ധപ്പെടുത്തി:- ദൃഢമായ ബോദ്ധ്യത്തോടുകൂടി ഞാനുത്തരം പറയുന്നു: ഇന്നുള്ള എല്ലാ സ്ഥാപനങ്ങളേയും അതിജീവിക്കുന്നതിനുള്ള പരിപൂർണ്ണസാദ്ധ്യത കത്തോലിക്കാസഭയ്ക്കുണ്ട്. റോമാമഹാസാമ്രാജ്യത്തിന്റെ അധഃപ്പതനത്തെ അതു അതിജീവിച്ചു. ആ വിനാശത്തെ തുടർന്നുണ്ടായ കൂരിരുളിൽ അതാണ് ലോകത്തിനു വെളിച്ചംകാട്ടിയതു്. അതു പ്രസംഗിച്ചു; കുരിശുയുദ്ധങ്ങൾ നടത്തി; കാട്ടാളജാതികളുടെ ആക്രമണങ്ങളെ ചെറുത്തു. അതു പരിചയസമ്പന്നവും ബുദ്ധിമത്തുമാണ്. മാർട്ടിൻ ലൂതർ ഇളക്കിവിട്ട മതവിപ്ലവമഗ്നതത്തെ അതു സഹിച്ചു. വിശുദ്ധ പത്രോസിന്റെ കാലംമുതൽ ഇന്നത്തെ മാർപ്പാപ്പാവരെ നെടുനീളത്തിലുള്ള അതിന്റെ ജീവിതയാത്രയിൽ നിരവധി പാഷണ്ഡതകളെ അതു നേരിട്ടു. അതിനൊരു ജീവചൈതന്യമുണ്ട്; അതു കെടുത്തിക്കളയുവാൻ ആർക്കും സാദ്ധ്യമല്ല. അതിനൊരു നേതൃത്വമുണ്ട്; നീണ്ടുനീണ്ട അനുഭവങ്ങൾ അതിനെ ഉൽബുദ്ധതരമാക്കുകയാണ്. രാജാക്കന്മാരുടേയും ദിഗ്‌വിജയികളുടെയും എത്ര നീണ്ടുനീണ്ട പ്രക്ഷോണങ്ങളാണ് ലോകരംഗത്തു നീങ്ങിക്കൊണ്ടിരിക്കുന്നതായി അതു കണ്ടുകൊണ്ടിരിക്കുന്നതു്!..... ..... നിങ്ങളുടെ വിശ്വാസമോ വിശ്വാസരാഹിത്യമോ എന്തുതന്നെ ആയിരുന്നുകൊള്ളട്ടെ, ഒരു കാര്യം നിങ്ങൾക്കു ദൃഢമായി വിശ്വസിക്കാം: ഈ മഹായുദ്ധത്തിൽ എന്തുതന്നെ സംഭവിച്ചാലും, അതു കത്തോലിക്കാസഭയെ പ്രതിലോമപരമായി സ്പർശിക്കുകയില്ല. സമരമാകുന്ന ഈ പ്രചണ്ഡമായ കൊടുങ്കാററു ശമിച്ചുകഴിയുമ്പോൾ, അലയിളക്കങ്ങളും ചണ്ഡിക്രൂരാരവങ്ങളുംകൊണ്ടു മറയ്ക്കപ്പെട്ടിരിക്കുന്ന ഒരു കരിമ്പാറക്കൂട്ടം വെളിക്കുവരുന്നതുപോലെ അതുയർന്നുനില്ക്കുന്നതു കാണാം.

ഇതാണ് ക്രിസ്തുവിന്റെ അജയ്യമായ സാമ്രാജ്യം. ക്രിസ്തുരാജൻ വിജയിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### മിനിമം കൂലിനിരക്കു നിശ്ചയം സാധുവായ നിയമമാണെന്നു സുപ്രീംകോടതി

ചില തൊഴിലുകളിലെ ജീവനക്കാർക്കു മിനിമം കൂലിനിരക്കു നിശ്ചയിച്ചുകൊണ്ടു് 1948-ൽ പാസ്സാക്കിയ മിനിമം വേയ്ജസ് ആക്ട് സാധുവായ നിയമമാണെന്നു് സുപ്രീംകോടതിയുടെ കൺസ്റ്റിററ്യൂഷൻ ബെഞ്ചു് ഏകാഭിപ്രായമായി വിധിച്ചിരിക്കുന്നു. ഇൻഡ്യൻ ഭരണഘടന 19 (1) (ജി) വകുപ്പിൽ ഉറപ്പുനൽകുന്ന വാണിജ്യസ്വാതന്ത്ര്യത്തിൽ പ്രസ്തുത ആക്ട് ചിലനിയന്ത്രണങ്ങൾ ചുമത്തുന്നുണ്ടെങ്കിലും, അവന്യായാനുസൃതങ്ങളാണെന്നും പൊതുതാല്പര്യത്തെ പുരസ്കരിച്ചു് ഏർപ്പെടുത്തിയിട്ടുള്ളതാണെന്നും വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. മിസ്റ്റർ ജസ്റ്റിസ് വി. കെ. മുക്കർജി ഇപ്രകാരം ആ ന്യായം വിശദീകരിക്കുന്നു:—

തൊഴിലാളികൾക്കു കഷ്ടിച്ചു് ഉപജീവനം കഴിക്കുവാനും ആരോഗ്യവും സദാചാരവും പാലിക്കുവാനും ഉതകിയ രൂപത്തിൽ ഒരു വേതനം സുനിശ്ചിതമാക്കുന്ന ജീവനക്കൂലി കരഗതമാക്കുന്നതു് പൊതുതാല്പര്യങ്ങൾക്കനുകൂലമാണെന്നതു് തർക്കമററ സംഗതിയാണ്. നമ്മുടെ ഭരണഘടന 43-ാംവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതും സ്റ്റേററ്പോ

ളിസിസംബന്ധിച്ചുള്ളതുമായ നിർദ്ദേശവ്യവസ്ഥകളിൽ ഒന്നുമാണത്. മിനിമം ശമ്പളനിരക്ക് തൊഴിലാളികൾക്കു ലഭിക്കുകയും തൊഴിലുടമകളുടെ ചൂഷണത്തിൽനിന്ന് അവരെ പരിരക്ഷിക്കുകയും ചെയ്യുന്നതിന്, തൊഴിലുടമകളുടെ കോൺട്രാക്റ്റിന്മേൽ ചില നിയന്ത്രണങ്ങൾ ചെലുത്തേണ്ടതാവശ്യകമാണ്. അവ യുക്തിഹീനമെന്നു കരുതാവുന്നുമല്ല. നേരെമറിച്ച് തൊഴിലാളികൾ അവരുടെ ദാരിദ്ര്യംകൊണ്ടും നിസ്സഹായതയാലും കുറഞ്ഞ കൂലിക്കു ജോലിചെയ്യുവാൻ തയ്യാറായിരുന്നാലും, തങ്ങളുടെ തൊഴിലാളികൾക്കു മിനിമം കൂലി നൽകണമെന്നു തൊഴിലുടമകൾ നിർബന്ധിക്കപ്പെട്ടാൽ അവർക്കതിൽ പരാതിപ്പെടാൻ കാരണമൊന്നുമുണ്ടായിരിക്കുകയില്ല.

സുപ്രീംകോടതിയുടെ ഈ വിധി എത്രയോ ന്യായയുക്തവും രക്ഷാകരവുമാകുന്നു! കഷ്ടിച്ചു ജീവിക്കുവാൻ ആവശ്യമുള്ള കൂലിയെങ്കിലും ലഭിക്കാത്ത തൊഴിലാളികൾക്ക് മനുഷ്യജീവികളായി കഴിഞ്ഞുകൂടാൻ സാധിക്കുമോ? എന്നിട്ടും തൊഴിലുടമകൾ എല്ലാവരും അത്രയും കൂലിയെങ്കിലും നൽകാഞ്ഞാൽ അവരെ നിർബന്ധിച്ച് അതു നൽകിക്കുന്നതിന് സർക്കാർ ഇടപെട്ട് നിയമമുണ്ടാക്കാതെ ഗത്യന്തരമുണ്ടോ?

* * *

## ഭൂനയബില്ലുകളെ എതിർത്തു 'മലയാളരാജ്യ'ത്തിന്റെ 8 മുഖപ്രസംഗങ്ങൾ

"മലയാളരാജ്യം" എന്ന നായന്മാരുടെ വക പ്രതിദിനപത്രം തിരുകൊച്ചിഗവമ്മെൻറിന്റെ ഭൂനയബില്ലുകളെ ശക്തിയുക്തം വിമർശിച്ചുകൊണ്ടെഴുതിയ എട്ടു മുഖപ്രസംഗങ്ങളിലെ ചില വാക്യങ്ങൾ ഉദ്ധരിക്കാം:-

ഇതിൽ അനുകൂലിക്കാൻ ഞങ്ങളൊന്നും കാണുന്നില്ല. ആർക്കുവേണ്ടിയാണ് അനുകൂലിക്കേണ്ടതെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെ ഒരു പരിധിനിർണ്ണയത്തിന് അത്ര ആവശ്യമുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. അതുകൊണ്ടു പറയത്തക്ക പ്രയോജനമെന്തെങ്കിലുമുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഈ നിയമത്തിൽ അംഗീകരിച്ചിരിക്കുന്ന പരിധിനിർണ്ണയം ഏറ്റവും അനീതിപരമായി പ്രവർത്തിക്കുമെന്നുള്ളതിൽ സംശയമില്ല. അതിനെ വിളിക്കേണ്ടതു് അനീതികരമെന്നോ അസംബന്ധമെന്നോ എന്നു മാത്രമേ സംശയമുള്ളൂ. ഏറ്റവും വിചിത്രമായിത്തോന്നുന്നതു് തെങ്ങിൻപുരയിടത്തിനു ചെയ്തിരിക്കുന്ന പരിധിനിർണ്ണയമാണ്. തെങ്ങിൻതൈ കുഴിച്ചുവച്ച മഹാപാപിയോടു് ഈ പ്രത്യേകവിരോധത്തിനു എന്താണു കാരണമെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കൃഷിചെയ്താൽ അതിനു ശിക്ഷയുണ്ടെന്നു ഇന്നാദ്യമായി കേൾക്കുകയാണ്. സോഷ്യലിസം വന്നാൽ ഇത്ര വരാമോ? ഇതൊന്നും മനസ്സിലാക്കുവാൻ വയ്യാ, അനുകൂലിക്കുവാനും വയ്യാ. എന്തെന്നാൽ പരിധിനിർണ്ണയം അനീതിപരമാണ്, പൂർവ്വാപരവിരുദ്ധമാണ്, സർവ്വാബദ്ധമാണ്. ഈ ബില്ലുകൾ കൃഷിയും വാണിജ്യവും വ്യവസായവും ഉൾപ്പെടെയുള്ള സകല വ്യാപാരങ്ങളുടേയും അടിസ്ഥാനമായ പണമിടപാടുകളിൽ ഗുരുതരമായ അനിശ്ചിതത്വവും അസ്വസ്ഥതയും സൃഷ്ടിക്കുകയും ചെയ്യും.

"ദേശബന്ധു" എന്ന മറ്റൊരു നായർ പ്രതിദിനപത്രത്തിന്റെയും മുഖപ്രസംഗങ്ങളിലെ ചില വാക്യങ്ങൾ ഉദ്ധരിക്കാം:— നീതിപൂർവ്വകമായ. അപകടങ്ങൾ കൂടാതെയും ഭൂപരിഷ്കാരങ്ങളെപ്പറ്റി ചിന്തിക്കുന്നതിനുപകരം വിദഗ്ദ്ധന്മാരുടെയും ഉപദേശങ്ങൾ ധിക്കരിച്ചുകൊണ്ടു് വിപ്ലവകരമായ ഭൂനയഗർത്തത്തിലേക്ക് അന്ധമായി കുതിച്ചുചാടാനാണ് ഒരുക്കങ്ങൾ പൂർത്തിയാക്കുന്നതു്. നായർ സമുദായത്തെ ഒന്നായി ധ്വംസിക്കുന്ന ഭൂനയബില്ലുകളവതരിപ്പിക്കുവാൻ അവതാരമെടുത്തിരിക്കുന്നു താണുപിള്ളസാർ. യഥാർത്ഥത്തിൽ രാജ്യദ്രോഹകരമായ ആത്മഹത്യോദ്യമം.

ഈ ബില്ലുകളെ എതിർത്തു് നമ്മുടെ മററു പല പ്രമുഖദിനപ്പത്രങ്ങളും അനേകം മുഖപ്രസംഗങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. നാട്ടിലുള്ള പല കാർഷികസംഘടനകളും, ബാങ്കേഴ്സ് അസ്സോസിയേഷൻ, ചെമ്പർ ഓഫ് കോമേഴ്സ് തുടങ്ങിയുള്ള വാണിജ്യവ്യവസായ സംഘടനകളും ഗവമ്മെൻറിൽ പ്രതിഷേധനിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എല്ലാ നിലയിലും പ്രാമാണികന്മാരും ഗണനീയന്മാരുമായ പല നേതാക്കന്മാരും ജാതിമതഭേദമെന്യേ ബില്ലുകളെ ശക്തിയായി വിമർശിച്ചിട്ടുണ്ടു്.

* * *

## സോവ്യററ് എൻസൈക്ലോപ്പീഡിയായിൽ ഗാന്ധിജിയുടെ വികൃതമായ ചിത്രീകരണം

"The Great Soviet Encyclopaedia" എന്ന മഹാഗ്രന്ഥസമുച്ചയത്തിൽ 203-4 പേജുകളിൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ ചിത്രീകരിച്ചിരിക്കുന്നതു് ഏററവും വികൃതമായ രൂപത്തിലാണ്:-

"ഗാന്ധിസം എന്ന പിന്തിരിപ്പൻ സിദ്ധാന്തത്തിന്റെ കർത്താവ്... അന്യായപലിശയ്ക്കു പണം കൊടുത്തും മററും വ്യാപാരം നടത്തുന്ന ബനിയാജാതിയിൽപ്പെട്ടയാൾ.... ആഫ്രിക്കയിലെ സുളുപ്രദേശം തീയും വാളുംകൊണ്ടു നശിപ്പിച്ചു കീഴടക്കിയ സമരത്തിൽ ബ്രിട്ടീഷ് സേനയെ സഹായിക്കുന്നതിന് ഒരു ഇൻഡ്യൻ സാനിട്ടറി യൂണിററ് സംഘടിപ്പിച്ചു നയിക്കുകയും, അങ്ങനെ ബ്രിട്ടീഷ് ഇമ്പീരിയലിസത്തിനു സജീവമായി കൂട്ടുനില്ക്കുകയും ചെയ്ത ആൾ—ജനകീയപ്രസ്ഥാനം ഒരു വിപ്ലവപ്രസ്ഥാനമായി പരിണമിക്കുമെന്നു കണ്ടപ്പോൾ, ജനങ്ങളെ വഞ്ചിക്കുകയും അവരെ തങ്ങളുടെ പ്രധാന ശത്രുവായി ഗണിച്ച ഇമ്പീരിയലിസ്ററുകളെ സഹായിക്കുകയും ചെയ്ത ആൾ... സ്വകാര്യജീവിതത്തിൽ ഒരു സന്യാസിയാണെന്നു നടിച്ചയാൾ... ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ പിൻതുണക്കാരനും ബ്രിട്ടീഷുകാരുടെ ശത്രുവുമാണെന്ന് ജനപ്രീതിക്കുവേണ്ടി നടിച്ചയാൾ ... മതപരമായ അന്ധവിശ്വാസങ്ങളെയും, അവർണ്ണരുടെമേൽ സവർണ്ണർക്കുള്ള നിരുപാധികമായ മേൽക്കോയ്മയെക്കുറിച്ചുള്ള. ഹൈന്ദവരുടെ വിശ്വാസപ്രമാണത്തെയും, ഇന്നത്തെ ഉച്ചനീചത്വങ്ങളോടുകൂടിയ ജാതിസമ്പ്രദായം ദൈവം നിശ്ചയിച്ചതാണെന്നു സവർണ്ണർക്കു വാദമുള്ളതിനാൽ അതിനെ മാററുന്നതു പാപമാണെന്നുള്ള ഹൈന്ദവവിശ്വാസപ്രമാണത്തെയും വി[illegible]മായി പൂഷണം ചെയ്യുന്ന സിദ്ധാന്തമാണ് ഗാന്ധിസം."



ക്രിസ്തുരാജൻ പരിശുദ്ധകന്യകമറിയം കൊന്തകൊണ്ടു ലോകത്തെ നേടിക്കൊടുക്കുന്നു. ക്രിസ്തുഭടൻ കൊന്തയെ ആലംബമാക്കി അന്ധകാര ശക്തികളോടു പോരാടുന്നു

## ഈ ചിത്രീകരണം നട്ടുച്ചനേരത്തെ ഇരുട്ടാണെന്നു "ഹിന്ദു"പത്രം

വിലക്ഷണമായ ഈ ചിത്രീകരണത്തെ വിമർശിച്ചുകൊണ്ടു് "നട്ടുച്ചനേരത്തെ ഇരുട്ട്" എന്ന തലക്കെട്ടിൽ "ഹിന്ദു" ഒരു മുഖപ്രസംഗത്തിൽ ഇപ്രകാരം പറയുന്നു:- "...ഗാന്ധിജിയെക്കുറിച്ച് ഇത്ര അബദ്ധജടിലവും വിലക്ഷണവുമായ ഒരു ചിത്രീകരണം, റഷ്യയിലെ ഔദ്യോഗിക റെഫറൻസിനുള്ള ഒരുത്തമഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയതിൽ, കമ്മ്യൂണിസ്റ്റ് മനസ്സിന്റെ വ്യാപാരങ്ങളും സോവിയററു റഷ്യൻ ചിട്ടയിലുള്ള ചരിത്രകാരന്മാർക്കു ശിക്ഷണം നൽകുന്ന ഭ-ന്ദാത്മകവാദവും അറിയാവുന്ന യാതൊരാളിനും അത്ഭുതമുളവാകുന്നതല്ല. വസ്തുനിഷ്ഠമായ സത്യത്തോടുള്ള ബഹുമാനം കമ്മ്യൂണിസ്റ്റ് ഗുണങ്ങളിൽ പെട്ടതല്ല; സ്റ്റാലിനിസ്റ്റ് തത്വത്തോടു പൊരുത്തപ്പെടുന്നതിനുവേണ്ടി വസ്തുതകളെ വളയ്ക്കുകയും ചമയ്ക്കുകയും ചെയ്യുകയെന്നുള്ളതു് കഴിഞ്ഞ 30 വർഷങ്ങളായി പലപ്രകാരത്തിൽ പരിശീലിക്കപ്പെട്ടുവരികയുമാണ്. ഒരു എൻസൈക്ലോപീഡിയാനിർമ്മാണം പോലെയുള്ള തികച്ചും ശാസ്ത്രീയമായ ഒരു സംരംഭത്തിൽപോലും അവിടത്തെ ഗ്രന്ഥകാരന്മാർ ആജ്ഞയ്ക്കും പ്രചരണത്തിനും വളരെക്കാലമായി (ഈ ആജ്ഞയും പ്രചരണവും അവർ ചുമന്നുകൊണ്ടുവരികയാണ്) വിധേയരാണ്.

* * *

## ബെറിയായുടെ ഓർമ്മപോലും പ്രസ്തുത ഗ്രന്ഥത്തിൽ നിന്നു തുടച്ചുനീക്കി

സോവ്യററ് എൻസൈക്ലോപ്പീഡിയായുടെ ഏററവും ഒടുവിലത്തെ പതിപ്പു വാങ്ങിയിട്ടുള്ളവർ, 5-ാം വാല്യത്തിൽനിന്നും 21 മുതൽ 24 വരെയുള്ള പുറങ്ങളും 22-ം 23-ം പുറങ്ങൾക്കിടയിലുള്ള ഛായാപടവും അതിൽനിന്നും നീക്കംചെയ്യണമെന്നും അതിനുപകരമായി പുതിയ ഗ്രന്ഥത്തിൽനിന്നുള്ള പേജുകൾ അവർക്ക് അയച്ചുകൊടുക്കപ്പെടുന്നതാണെന്നും അറിയിച്ചുകൊണ്ടുള്ള ഒരു അച്ചടിച്ച "തിരുത്തൽ സ്ലിപ്പ്" ആ ഗ്രന്ഥത്തിൽ വച്ചിരിക്കുന്നതു കണ്ടുവെന്ന് "ദി എക്കണോമിസ്റ്റ്" എന്ന പത്രം അടുത്തകാലത്തു റിപ്പോർട്ടുചെയ്തിട്ടുണ്ടു്. പതിനേഴുവർഷം സോവ്യററ് ആഭ്യന്തരമന്ത്രിയായി സേവനമനുഷ്ഠിക്കുകയും, യുദ്ധത്തിനുമുൻപും യുദ്ധകാലത്തും സ്റ്റാലിന്റെ വലംകൈയെന്നു ചിത്രീകരിക്കപ്പെടുകയും, അതിനുശേഷം രാജ്യദ്രോഹക്കുററം ചുമത്തപ്പെട്ടു് ഒരു വർഷത്തിനുമുമ്പ് വധിക്കപ്പെടുകയുംചെയ്ത ലവറന്തി ബെറിയായുടെ അപദാനങ്ങളെ വാഴ്ത്തിക്കൊണ്ടുള്ള ജീവചരിത്രമാണ്, ഏററവും ഒടുവിൽ പ്രസിദ്ധീകരിക്കപ്പെട്ട വാല്യത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ള പുറങ്ങൾ. ഔന്നത്യത്തിൽനിന്നും താഴെവീണ ബെറിയായെ കായികമായി തുടച്ചുനീക്കിയെന്നു മാത്രമല്ല, അതോടൊന്നിച്ചുതന്നെ പൊതുജനങ്ങളുടെ ഓർമ്മയിൽനിന്നുകൂടി പറിച്ചുനീക്കുകയുണ്ടായി. ഈ സമ്പ്രദായം കൊണ്ടു് സോവ്യററ് ചരിത്രത്തിൽ അസാധാരണമായ പല വിടവുകളും ഉണ്ടായേക്കുമെന്നുള്ളതു ഒരുപക്ഷേ പ്രാധാന്യമുള്ളതല്ലായിരിക്കാം. എന്നിരുന്നാലും, പ്രവ്ദായുടേയും ഇസ്വസ്റ്റിയായുടേയും പല പുറങ്ങളും സോവ്യററ് യൂണിയനിലെ ഗ്രന്ഥങ്ങളുടേയും ഫയലുകളുടേയും മുഴുവൻ അട്ടികളും നശിപ്പിക്കാതെ ഈ സമ്പ്രദായം അത്രകണ്ടു് സമ്പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിയുമോയെന്നു സംശയമുണ്ടു്. എന്തുകൊണ്ടെന്നാൽ, വളരെ ദീർഘകാലത്തേക്ക് ബെറിയാ മർമ്മപ്രധാനമായ ഒരു സ്ഥാനം വഹിച്ചിട്ടുണ്ടു. ബെറിയായുടെ സ്വന്തം ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തേയും സോവ്യററ് റിക്കാർഡുകളിൽനിന്നു അദ്ദേഹത്തിന്റെ നാമംതന്നെ തുടച്ചു നീക്കംചെയ്യുന്ന സമ്പ്രദായത്തെയും സാധൂകരിക്കുന്നതിനു് കാവ്യപരമായ നീതീകരണമുണ്ടായിരിക്കാം. ബെറിയായുടെ ചരിത്രം നീക്കംചെയ്തുകൊണ്ടു് സോവ്യററ് എൻസൈക്ലോപ്പീഡിയായിൽ ഉണ്ടായ വിടവ് നികത്തുന്നതു ബെക്കിന്റെയും ബിഷപ്പ് ബെക്ക്‌ലേയുടേയും ചരിത്രം കൊണ്ടാണെന്നുള്ളതു വിചിത്രമായിരിക്കുന്നു. ബെക്കിനെ "പിന്തിരിപ്പനായ ഒരു പ്രചരണക്കാരനും പ്രതിലോമകാരിയായ രാജ്യതന്ത്രജ്ഞനുമായി"ട്ടാണു ചിത്രീകരിച്ചിരിക്കുന്നതു്. ബെക്ക്‌ലേയെ, "പിന്തിരിപ്പനായ ഒരു തത്വജ്ഞാനി"യായിട്ടാണു വിവരിച്ചിരിക്കുന്നതു്.

ബെറിയായുടെ ഛായാപടം മാററിയിട്ടു് തൽസ്ഥാനത്തു് ബഹ്റിംഗ്സമുദ്രത്തിലെ ഒരു തിമിംഗലത്തിന്റെ പടം ചേർത്തിരിക്കുന്നതു വേണ്ടത്ര ഉചിതമായിട്ടുണ്ടു്. എൻസൈക്ലോപ്പീഡിയായുടെ 5-ാംവാല്യത്തിലുണ്ടായ ഒരു വിടവടയ്ക്കാൻവേണ്ടി അതിനുള്ളിൽ കുത്തിച്ചെലുത്തിയ തിമിംഗലത്തെപ്പററി സോവ്യററ് വായനക്കാരെ അവരറിയാതെ തന്നെ ഓർമ്മിപ്പിക്കുന്ന ഒരു ചിത്രമാണതു്.

## അടുത്ത ആഴ്ച്ചയിൽ

ഒക്ടോബർ

28 വ്യാ: ശെമയോനും യൂദായും

29 വെ: ഫ്റംസിസ്കോസ് ബോർജിയാ

30 ശ: മർഗ്ഗരീത്താമറിയം അൽക്കോക്ക്

31 ഞാ: പന്തക്കുസ്ത 21-ാം ഞായർ ക്രിസ്തുവിന്റെ രാജത്വം

നവമ്പർ

1 തി: സകല വിശുദ്ധന്മാർ

2 ചൊ: സകല മരിച്ചവരുടെയും ഓർമ്മ

## കൃതജ്ഞത

വിൻസെൻറ് ഡി പോൾ പുണ്യവാന്റെ മദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലു കാണാതെപോയ മോതിരം തിരികെ കിട്ടിയതിനു കൃതജ്ഞത.

പി സി. പി ഔസേപ്പ് കാട്ടൂർ


ശരിയായ സ്ഥാപനത്തിന്റെ പേരു്
കാളൻ
സ്ഥലപ്പേരു്
നെല്ലായി
രോഗവിവരക്കത്തുകളും മററും അയക്കേണ്ടും വിലാസം
കാളൻ, നെല്ലായി
N. B. അനുകരണങ്ങളെ സൂക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്കു എഴുതുക.

(10-ാംപേജ് തുടർച്ച)

ണ്ടറിയായിലേക്കു മടങ്ങിപ്പോകുവാൻ അനുവാദം നൽകി. അടുത്ത പത്തു വർഷക്കാലത്തേക്ക് തനിക്ക് അത്ഭുതകരമായ മനഃശാന്തി അനുഭവിക്കുവാൻ സാധിച്ചു എന്ന് അത്തന്നേഷ്യസ് തന്നെ പറയുന്നു. എന്നാൽ അപ്പോഴും അദ്ദേഹത്തിന്റെ ചുറ്റും കൊടുങ്കാറ്റ് ആഞ്ഞടിച്ചുകൊണ്ടാണിരുന്നത്. ഒരു ഘട്ടത്തിൽ മിക്കവാറും എല്ലാ ക്രൈസ്തവസമൂഹങ്ങളാലും താൻ പരിത്യക്തനായതുപോലെ അദ്ദേഹത്തിനു തോന്നി. (തുടരും)



For favours received

Fr. Antony Kandathil

## ഇടവകവാർത്തകൾ

**ഒല്ലൂർ:** ഒല്ലൂർ കത്തോലിക്കാ കോൺഗ്രസ്സിന്റെ 14-ാം വാർഷികസമ്മേളനവും, ക്രിസ്തുരാജദിനവും, കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ എ. ഡി. ആഗസ്തി അവർകൾക്ക് ഷെവലിയർ സ്ഥാനലബ്ധിയിൽ അനുമോദനവും കൂടി ഈ ഒക്ടോബർ 31-ാംനു ഞായറാഴ്ച തിരുവനന്തപുരം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ റൈറ്റ് റവ. ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഒ. ഐ. സി., എം. എ., ഡി. ഡി. തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു.

**ചിററിലപ്പള്ളി:** സ്ഥലത്തെ കുരിശുപള്ളിയിൽ വിശുദ്ധ റീത്താ പുണ്യവതിയുടെ തിരുനാൾ സാഘോഷം കൊണ്ടാടി. അതുപ്രമാണിച്ച് ശ്രീ ജോസഫ് കൈമാപറമ്പൻ മഗ്ദലേനമറിയത്തെ അധികരിച്ച് ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

**അങ്കമാലി:** സ്ഥലം ചെറുപുഷ്പാസ്പത്രിയിൽ വിഷചികിത്സയിൽ വിദഗ്ദ്ധമായ കുത്തിവയ്പുകൾ നടത്തിവരുന്നതായും അടുത്ത അവസരത്തിൽതന്നെ വിഷബാധയേററ് അവശനിലയിലായ രണ്ടുപേരെ സുഖപ്പെടുത്തി അയച്ചുതായും അറിയുന്നു. പ്രസ്തുത ആസ്പത്രിയിൽ കൂടുതൽ സൗകര്യത്തെ ഉദ്ദേശിച്ച് ഒരു ലേഡിഡോക്ടറെക്കൂടി നിയമിക്കുവാൻ ആലോചനയുണ്ട്.

**പുത്തൂക്കാട്:** ഈ പള്ളിയിടവക തെക്കിനിയത്ത് ബ. ബ. അന്തോണി അച്ചന്റെ ഗുരുപ്പട്ടാഭിഷേകരജതജൂബിലി പ്രമാണിച്ച് 17-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് ടി പള്ളിമുഖമണ്ഡപത്തിൽവെച്ച് തൃശ്ശൂർ സെന്തോമസ്സ് കോളേജ് പ്രിൻസിപ്പാൾ റവ. ഫാ. തോമസ് കല്ലിങ്ങൽ, എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ, ടി പള്ളി ഇടവകക്കാരുടെ ഒരു അനുമോദനയോഗം നടത്തപ്പെട്ടു. ഇടവകക്കാരുടെ മംഗളപത്രസമർപ്പണം ശ്രീ ഒ. എ. കൊച്ചുവറീതു നിർവ്വഹിച്ചു. മെ. പി. ആർ. ആൻറണി ബി. എ. എൽ. ററി., ആൻഡ്രൂസ് തട്ടിൽ, ജോസ് പുളിക്കൽ, ആൻറണി ഇട്ടി, സിസിലി പൊറുത്തൂക്കാരൻ മുതലായവർ വിവിധ ഭക്തസംഘങ്ങളെ പ്രതിനിധീകരിച്ച് പ്രസംഗിക്കുകയും ജ്ഞാനപുഷ്പമഞ്ജരി സമർപ്പിക്കുകയുംചെയ്തു. ജൂബിലേറിയൻ സമുചിതമായ മറുപടിപ്രസംഗം ചെയ്തു.

**ആലങ്ങാട്:** വേദപ്രചാരഞായറാഴ്ച പ്രമാണിച്ച് മരിയാസഖ്യാംഗങ്ങളുടെ ആഭിമുഖ്യത്തിൽ അന്നു ഉച്ചതിരിഞ്ഞ് 3 മണിക്ക് റവ. ബ്ര. ജോസഫ് പാനപ്പിള്ളി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ആരംഭിച്ചു. റവ. ബ്ര. ജോസഫ് കരേഡൻ, മി. എം. ജെ. ജോസ് എന്നിവർ പ്രസംഗിച്ചു. ഇടസ്സ്യുടസ്സ് സഖ്യാംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ചന്തമൈതാനത്തിൽവെച്ച് ഒരു മിഷൻലേലവും നടത്തി.

**തൊടുപുഴ:** മരിയൻജൂബിലിപ്രമാണിച്ച് തെനംകുന്നിൽ നിന്നും നാഗപ്പുഴയ്ക്കു സമീപപ്രദേശങ്ങളിലുള്ള 20-ൽപ്പരം പള്ളികളിലെ ഫ്രാൻസിസ്കൻ മൂന്നാംസഭക്കാരുടെയും സത്യാരാധനാസഖ്യാംഗങ്ങളുടേയും ആഭിമുഖ്യത്തിൽ ഒരു ജപമാലാപ്രദക്ഷിണം ഒക്ടോബർ 31-ാംനു ഞായറാഴ്ച പകൽ 12 മണിക്ക് തെനംകുന്ന് പള്ളിയിൽനിന്നും ആരംഭിച്ച് ടൗണിൽക്കൂടി നാഗപ്പുഴപള്ളിയിൽ ചെന്നുചേരുന്നതിനും തുടർന്ന് പരിശുദ്ധ കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ച് കൊന്തചൊല്ലി വാഴ്വു നടത്തുന്നതിനും നിശ്ചയിച്ചിരിക്കുന്നു. റവ. ഫാദർ എമ്മാനുവൽ പള്ളിക്കുന്നേൽ തദവസരത്തിൽ പ്രസംഗിക്കുന്നതാണ്.

**അറക്കുളം:** സ്ഥലം ചെറുപുഷ്പ മിഷൻലീഗ് ശാഖാപ്രവർത്തനങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇക്കൊല്ലത്തേക്കു പുതിയ പ്രവർത്തകാംഗങ്ങളെ തിരഞ്ഞെടുത്തു. മിഷൻലീഗിൽനിന്നും തലശ്ശേരിരൂപതാ ഫണ്ടിലേക്ക് അമ്പതുരൂപാ അയച്ചുകൊടുക്കുകയും തലശ്ശേരിരൂപതാ അഡ്മിനിസ്ട്രേറ്റർ തിരുമേനിയിൽനിന്നും ലീഗുശാഖാ പ്രവർത്തകരെ അഭിനന്ദിച്ചുകൊണ്ട് ഒരു സന്ദേശം ലഭിക്കുകയുംചെയ്തു. ലീഗംഗങ്ങളുടെ പരിശ്രമഫലമായി ആരംഭിച്ചിരിക്കുന്ന വായനശാലയുടെ ഉൽഘാടനം റവ. ഫാദർ ജോസഫ് തുങ്കുഴി നിർവ്വഹിച്ചിരിക്കുന്നു.

**ചേരാനല്ലൂർ:** ഒക്ടോബർ 17-ാംനു ഇവിടെ കോട്ടപ്പുറമ്പ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിററിയുടെ 8-ാമതു വാർഷികസമ്മേളനം സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ പി. എച്ച്. തളിയത്ത് സ്വാഗതം ആശംസിച്ചു. ശ്രീമതി പൾക്കറിയാ ആലക്സ് പട്ടമന ബി. എ. ബി. ടി., ശ്രീ പി. ചാക്കോ ബി. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും കുമാരി ഒ. കെ. ബേബി കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്തു. സൊഡാലിററിയംഗങ്ങൾ "ഇടവകയോഗം" എന്ന പ്രഹസനം അഭിനയിച്ചു. മാസ്റ്റർ മാരാപറമ്പൻ ആൻറു പാർട്ടിയുടെ "അസ്സിസിയിലെ മഹാസിദ്ധൻ" എന്ന വിഷയത്തെപ്പററിയുള്ള കഥാപ്രസംഗവും, കുമാരി ഗ്രേസ്സിയുടെ കേരളീയനൃത്തങ്ങളും മററും ഉണ്ടായിരുന്നു.

**ചെമ്പംതൊട്ടി:** ഇവിടത്തെ സ്കൂളിന്റെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോട് അനുബന്ധിച്ച്, കുട്ടികളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണവും, സൊഡാലിററി സി. വൈ. എം. എ; മാതൃസംഘം എന്നിവയുടെ ഉൽഘാടനവും ഏററം മംഗളമായി നടത്തിയിരിക്കുന്നു. രാവിലെ വെരി റവ. ഫാദർ ടാഫ്റേൽ എസ്. ജെ. ദിവ്യപൂജ അർപ്പിക്കുകയും ഇടവകാംഗങ്ങൾ എല്ലാവരുംതന്നെ ദിവ്യകാരുണ്യം സ്വീകരിക്കുകയുംചെയ്തു. റവ. ഫാദർ കുടക്കച്ചിറ അവർകൾ പരിശുദ്ധ കുർബാനയെപ്പററിയും വി. കൊച്ചുത്രേസ്യായെക്കുറിച്ചും പ്രസംഗിച്ചു. തദനന്തരം ഇടവകവികാരി ബ. കുന്നപ്പുറമ്പിൽ യാക്കോബച്ചൻ പരിശുദ്ധ കുർബാനയുടെ വാഴ്വു നൽകി. കുട്ടികളുടെ ലഘുഭക്ഷണാനന്തരം സമ്മേളിച്ച പൊതുയോഗത്തിൽ സൊഡാലിററി, സി. വൈ. എം. എ, മാതൃസംഘം, എന്നിവ ഉൽഘാടനം ചെയ്യപ്പെട്ടു. കുട്ടികളുടെ വിവിധവിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു. അദ്ധ്യാപിക മന്ദിരത്തിന്റെ ശിലാസ്ഥാപനവും തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു.

**കൊരട്ടി:** സ്ഥലത്തു പുതിയതായി പണിതീർത്ത പള്ളിയുടെ വെഞ്ചരിപ്പുകർമ്മം നടത്തുന്നതിനായി സമാഗതനായ ചങ്ങനാശേരി മെത്രാൻ ഡോ. മാത്യു കാവുകാട്ട് തിരുമേനിയെ ചെറുപുഷ്പമിഷൻ ലീഗ് പ്രസിഡൻറു ഹാരമണിയിച്ചു സ്വീകരിച്ചു. പള്ളിവെഞ്ചരിപ്പിനുശേഷം തിരുമേനി ലീഗംഗങ്ങളെ പ്രത്യേകമായി അനുഗ്രഹിച്ചു. ലീഗംഗങ്ങൾ മെത്രാനച്ചൻ തിരുമേനി ഒരുമിച്ചുള്ള ഒരു ഫോട്ടൊയെടുത്തു.

**ചങ്ങനാശേരി:** ഇവിടെ ഫാത്തിമാപുരത്തെ ഫാത്തിമാദേവാലയത്തിലെ ഫാത്തിമാനാഥയുടെതിരുനാൾ മുൻപതിവുപോലെ ഒക്ടോബർ 13-ാംനു-ക്കുശേഷമുള്ള ഞായറാഴ്ച ആഘോഷിച്ചിരിക്കുന്നു. അന്നേദിവസം സ്ഥലത്തെ യാചകകേന്ദ്രത്തിലെ യാചകർക്കു ഉച്ചഭക്ഷണം തിരുനാൾപ്രസുദേന്തി ശ്രീ ദേവസ്യാ ചാക്കോ നൽകുകയുണ്ടായി.

**കടനാട്:** ഈ പള്ളിയിൽ സാധാരണ ആഘോഷിച്ചുവരാറുള്ള വി. യോഹന്നാൻ നെപുംസ്യാനോസിന്റെ തിരുനാൾ ഇക്കൊല്ലവും നവമ്പർ 1-ാം തീയതി (തുലാം 15) നടത്തുന്നതാണ്.


# എന്റെ വിലാസത്തിൽ

'പാവുണ്ണി' എന്നു എഴുതുന്നതിനു പകരം മേലാൽ "പി" എന്നുമാത്രം ചേർത്തു താഴെ കാണുംപ്രകാരം എഴുതിയാൽ മതിയെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

എന്ന്,

## കെ. പി. ഔസേപ്പ് വൈദ്യൻ, നെല്ലായി.

### വഞ്ചിതരാകാതിരിപ്പാൻ

താഴെ പറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

'കാളൻ' സ്ഥാപനത്തിന്റെ ഉടമസ്ഥനും,

'കാളൻ'സ് ബുള്ളററി'ന്റെ എഡിററരും,

'അറിയേണ്ടും കാര്യങ്ങൾ' എന്ന വൈദ്യപുസ്തകത്തിന്റെ ഗ്രന്ഥകർത്താവും,

നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങളെ കണ്ടുപിടിച്ചിട്ടുള്ള ഒരു വ്യക്തിയുമായ സുപ്രസിദ്ധങ്ങളായ

## കെ. പി. ഔസേപ്പ് വൈദ്യൻ

ആലപ്പുഴ, ചങ്ങനാശ്ശേരി മുതലായ യാതൊരു സ്ഥലത്തും രോഗികളെ പരിശോധിക്കുന്നതിനുവേണ്ടി ഇപ്പോൾ ക്യാമ്പുചെയ്തുവരുന്നില്ലെന്നും, അനുകരണങ്ങളാൽ വഞ്ചിതരാകാതിരിക്കുന്നതിനുവേണ്ടി രോഗവിവരക്കത്തുകൾ, മണിയോർഡറുകൾ മുതലായവകൾക്കെല്ലാം താഴെ കാണുന്ന രണ്ടു വാക്കുമാത്രമേ വിലാസം എഴുതാവൂ എന്നും, താഴെ കാണുന്ന വിലാസത്തിൽ എഴുതുന്നവർക്കു വിശദവിവരങ്ങളടങ്ങിയ പുസ്തകം സൗജന്യമായി അയച്ചുകൊടുക്കുന്നതാണെന്നും ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

## കാളൻ, നെല്ലായി.

# അരുമസന്താനങ്ങളുടെ ഉന്നതവിദ്യാഭ്യാസത്തിന്

കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനു എല്ലാ മാതാപിതാക്കന്മാർക്കും ആഗ്രഹമുണ്ട്. പക്ഷേ അതിനു വേണ്ടിവരുന്ന ഭാരിച്ച ചെലവു വഹിക്കുവാൻ സാധാരണക്കാർക്കു സാധിക്കുന്നില്ല. കുട്ടി വളർന്നുവരുന്നതോടുകൂടിതന്നെ വളർന്നുവരുന്ന ഒരു വിദ്യാഭ്യാസഫണ്ടു ഉണ്ടാക്കിയാൽ ഇതു നിഷ്പ്രയാസം സാധിക്കും. ഇതിനുവേണ്ടി കൂടിയാണ്

## "ഫെഡറൽ മിച്ചനിക്ഷേപ പദ്ധതി"

ഞങ്ങൾ സംവിധാനം ചെയ്തിരിക്കുന്നത്.

കുട്ടി ജനിക്കുമ്പോൾതന്നെ ഒരു നിശ്ചിതതുക (100ക.) ഈ പദ്ധതിയിൽ നിക്ഷേപിക്കുക. ഓരോ ആറുമാസം കൂടുമ്പോഴും ഈ നിശ്ചിതതുക അടച്ചുകൊണ്ടിരിക്കണം. അങ്ങനെ കുട്ടിക്കു 17 വയസ്സാകുമ്പോൾ 34 തവണകളിലായി 3400ക. ബാങ്കിൽ നിക്ഷേപിച്ചിരിക്കും. ബാങ്കിൽനിന്നും 1600ക. ഈ തുകയുടെകൂടെ കൂട്ടുന്നു. കുട്ടി ഉന്നതവിദ്യാഭ്യാസത്തിനു പ്രാപ്തനാകുന്നതോടുകൂടി അവന്റെ പേരിൽ 5000ക. യുടെ ഒരു ഫണ്ടു ബാങ്കിൽ ഉണ്ടായിരിക്കും. 100 × 34 = 5000.

പെൺകുട്ടികൾക്കുവേണ്ടി സ്ത്രീധനം കരുതുന്നതിനും ഈ പദ്ധതി സൗകര്യപ്രദമാണ്.

5ക. യിൽ കുറയാത്ത ഏതു തുകകൊണ്ടും പദ്ധതി ആരംഭിക്കാം.

50ക. യിൽ കുറയാത്ത തുകകൾക്കു കമ്മീഷൻ കൂടാതെ ചെക്കുകൾ സ്വീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

**H. O. ആലുവാ**

Branches:- Aukamaly, Chalakudy, Ernakulam, Perumbavoor.

# പുനരൈക്യസ്മാരകം

(സി. എം. സെബാസ്റ്റ്യൻ, അതിരമ്പുഴ)

പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷപരിപാടികളും തൽസംബന്ധം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളും പ്രസംഗങ്ങളും പലതും വായിച്ചും കേട്ടും പലതും പഠിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പുനരൈക്യസ്മാരകത്തെക്കുറിച്ചു ചിലതു പ്രസ്താവിക്കേണ്ടതു ഒരു കടമയായി തോന്നുന്നതുമൂലമാണ് ഈ കുറിപ്പു സത്യദീപത്തിനയക്കുന്നതു്. പുനരൈക്യപ്രസ്ഥാനത്തെക്കൂടി ലക്ഷ്യമാക്കി സമാരംഭിച്ച ഒരു പത്രമാണ് സത്യദീപം. ആ ലക്ഷ്യം തെററാതെ നിരന്തരം പ്രവത്തിക്കുന്ന സത്യദീപത്തിനു സ്നേഹപൂർവ്വം നൽകുന്ന ഈ കുറിപ്പു പ്രിയവായനക്കാർക്കു ചിന്തിക്കുവാൻ സൗകര്യം നൽകുമെന്നാണു എന്റെ പ്രതീക്ഷ.

പുനരൈക്യപ്രസ്ഥാനത്തെ ചരിത്രദൃഷ്ടിയോടുകൂടി നോക്കിയിട്ടുള്ളവക്കു പലതും പറയാനും എഴുതാനും കാണും. ഇക്കഴിഞ്ഞ ഒരു ലക്കം സത്യദീപത്തിൽ ദിവ്യശ്രീ സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ അവർകൾ പുനരൈക്യപ്രസ്ഥാനത്തിൽ കരിയാററിൽ മാർ യൗസേപ്പു മെത്രാപ്പോലീത്താ തിരുമനസ്സിലെ പരിശ്രമത്തെക്കുറിച്ചു പ്രസ്താവിച്ചിരുന്നതു വായനക്കാർ ഓമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. കേരളസഭയ്ക്കു സഭയുടെ നിലനില്പിനും ഐക്യത്തിനുംവേണ്ടി അത്യധ്വാനംചെയ്ത ഒരു വീരപുരുഷനാണ് കരിയാററിൽ തിരുമനസ്സുകൊണ്ടു്. അദ്ദേഹത്തിന്റെ വലംകൈയായിനിന്നു പ്രവത്തിച്ചതും സഹകരിച്ചതും സഹഗമിച്ചതും പരേതനായ പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോർ അവർകളായിരുന്നു. ഒല്ലൂക്കാരൻ കുയ്യപ്പൻ മാസ്റ്റർ ഈ രണ്ടു വീരപുരുഷന്മാരുടെയും ഒരു ലഘുജീവചരിത്രം പ്രസിദ്ധപ്പെടുത്തിയതായി ഓക്കുന്നുണ്ടു്. തുടന്നു ശ്രീ പി. എൽ. മാത്യു അവർകൾ അതിരമ്പുഴ സെൻറ് മേരീസ് പ്രസ്സിൽനിന്നും ഗോവർണ്ണദോർ എഴുതിയ റോമ്മായാത്രാവിവരണവും പുനരൈക്യശ്രമങ്ങളും അടങ്ങിയ "വത്തമാനപുസ്തകം" പ്രസിദ്ധംചെയ്തതോടുകൂടി ഈ മഹാപുരുഷന്മാരെക്കുറിച്ചു നമുക്കു കൂടുതൽ അറിയുവാൻ സാധിച്ചു. ഈ വത്തമാനപുസ്തകം കേരളീയരുടെ അഭിമാനമുദ്രയും കൈരളിയുടെ അനർഘസമ്പത്തുമാകുന്നു. സുപ്രസിദ്ധസാഹിത്യകാരനായ ശ്രീ പി. കെ. പരമേശ്വരൻനായർ ബി. എ. തുടങ്ങി പല ഭാഷാഭിമാനികളും ദേശാഭിമാനികളും ഈ ഗ്രന്ഥത്തെ പ്രശംസിക്കുകയും ചരിത്രപുരുഷന്മാരെ അഭിനന്ദനപൂർവ്വം അനുസ്മരിക്കുകയും ചെയ്തിട്ടുണ്ടു്. കേരളക്കരയിൽവച്ചു ദിവംഗതനായ പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോർ അവർകളുടെ ശരീരം സ്വദേശത്തിനടുത്തുള്ള രാമപുരം പള്ളിയിൽ കബറടക്കപ്പെട്ടിട്ടുള്ളതാണു്. അദ്ദേഹത്തിന്റെ പിൻഗാമിയായ പാറേമ്മാക്കൽ പെ. ബ. മത്തായി അച്ചന്റെയും കാനാട്ട്, രാമപുരം, പാലാ മുതലായ സ്ഥലങ്ങളിലെ കത്തോലിക്കാപൗരന്മാരുടെയും വൈദികരുടെയും പരിശ്രമഫലമായി ആ മഹാപുരുഷന്റെ ചരമശതാബ്ദം ആഘോഷിക്കുകയും പൂജ്യാവശിഷ്ടങ്ങൾ രാമപുരം ദേവാലയത്തിൽ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തിട്ടുള്ള വസ്തുത നമുക്കഭിമാനപൂർവ്വം സ്മരിക്കാൻ കഴിയും.

എന്നാൽ മഹാനായ കരിയാററിൽ മല്പാന്റെ—മെത്രാപ്പോലീത്തയുടെ—കബറടക്കം നിവ്വഹിക്കപ്പെട്ടിരിക്കുന്നതു പഴയ ഗോവയിലെ കത്തീഡ്രൽ ദേവാലയത്തിലാണു്. ഒരു കൊല്ലത്തിനുമുമ്പു നടത്തപ്പെട്ട ഗോവാതീത്ഥാടനത്തിൽ അസംഖ്യം കേരളീയർ ഭാഗഭാഗിത്വം വഹിച്ചെങ്കിലും ഈ വന്ദ്യപുരുഷനെക്കുറിച്ചു കാര്യമായി യാതൊന്നും ചെയ്യുവാൻ ആക്കും സാധിച്ചതായി അറിഞ്ഞിട്ടില്ല. പല ബ. വൈദികരും പരേതനുവേണ്ടി ദിവ്യപൂജ അപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുള്ള വസ്തുത വിസ്മരിക്കുന്നില്ല. ഇതൊക്കെ ആദ്ധ്യാത്മികാവശ്യങ്ങളാണ് ഇതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടാൽ മതിയെന്നു ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അവരോടു യോജിക്കുവാൻ നമുക്കു നിവൃത്തിയില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. സംഘത്തിൽ പെടാതെ ഞാനും എന്റെ ഒരു സ്നേഹിതനായ ശ്രീ പി. ജെ. ചെറിയാൻ പണ്ടാരക്കളം അവർകളുംകൂടി വി. ശൗര്യാർ പുണ്യവാന്റെ തിരുശ്ശരീരം സന്ദശിച്ചശേഷം കരിയാററിൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ കബറിടം തെരഞ്ഞു കണ്ടുപിടിക്കുകയുണ്ടായി. സാധാരണഗതിയിൽ കണ്ടുപിടിക്കാൻ വിഷമമായവിധം നിക്ഷിപ്തമായ ആ സങ്കേതം സന്ദശിച്ചപ്പോഴുണ്ടായ ഞങ്ങളുടെ ആശയംതന്നെ ശ്രീ അബ്രാഹം പതിയിൽ അവർകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ ചുരുക്കം, കരിയാററിൽ മല്പാന്റെ പൂജ്യാവശിഷ്ടം കേരളക്കരയിൽ ആഘോഷമായി കൊണ്ടുവന്നു പുനഃസ്ഥാപിക്കണം എന്നതായിരുന്നു. ആ ആശയത്തിന്റെ പ്രായോഗികതയെക്കുറിച്ചു അധികം ചിന്തിച്ചില്ലെങ്കിലും അഭിമാനത്തേയും ചരിത്രത്തേയും കടമയേയുംകുറിച്ചു സ്മരിച്ചപ്പോൾ ഈ പുനസ്ഥാപനം ആവശ്യമെന്നു ഞങ്ങൾക്കു തോന്നിപ്പോയതാണ്. ഇതൊരു വലിയ കാര്യമാണ്. അനേകംപേരുടെ കൈകൾ ഇതിൽ പ്രവത്തിക്കണം പലേ പ്രയാസങ്ങളും തരണംചെയ്യേണ്ടതുമുണ്ടു്. എന്നാൽ ഈ ഘട്ടത്തിൽ നമുക്കു ഏതുവിധമെങ്കിലും അദ്ദേഹത്തിന്റെ ഓമ്മയെ നിലനിറുത്തത്തക്കവിധം ഒരു സ്മാരകം ഏപ്പെടുത്തേണ്ടതു് അത്യാവശ്യമാകുന്നു. 1954 സെപ്റ്റംബർ മുതൽ 1955 സെപ്റ്റംബർ 20-ാം തീയതിവരെ ഒരു കൊല്ലം മുഴുവനും പുനരൈക്യജൂബിലി ആഘോഷിക്കപ്പെടുവാൻ തീരുമാനിക്കപ്പെട്ടിട്ടുള്ള ഈ സന്ദർഭം കരിയാററിൽ മെത്രാപ്പോലീത്തായുടെ ഒരു സ്മാരകം പുനരൈക്യസ്മാരകമായി ഏപ്പെടുത്തുന്നതു് ഏററം നല്ലതല്ലേ എന്നു പ്രിയ വായനക്കാർ ചിന്തിക്കുന്നതു നന്നായിരിക്കും. ഇതുസംബന്ധിച്ചു് മാന്യ വായനക്കാക്കു തോന്നുന്ന ആശയങ്ങളും സ്മാരകത്തെക്കുറിച്ചുള്ള പ്രായോഗികനിർദ്ദേശങ്ങളും പത്രങ്ങൾവഴി പ്രസിദ്ധംചെയ്യുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കും. പുനരൈക്യജൂബിലി പ്രവത്തകരുടെ ശ്രദ്ധ ഇക്കായ്യത്തിൽ കൂടുതൽ പതിയുമെന്നു പ്രതീക്ഷിക്കുന്നു.

1786 സെപ്റ്റംബർ 9-ാം തീയതി മൃതിയടഞ്ഞ തിരുമനസ്സിലെ ചരമദിനം കൊല്ലംതോറും ആഘോഷിക്കപ്പെടത്തക്ക വ്യവസ്ഥയുണ്ടാകുന്നതു സ്മാരകത്തെ സംബന്ധിച്ച ഒരു പ്രധാന സംഗതിയായിരിക്കുമെന്നു തോന്നുന്നു. മറെറാന്നു് കരിയാററിൽ മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെയും ജീവചരിത്രവും മററു രേഖകളുംചേത്തു നല്ല ഒരു ചരിത്രഗ്രന്ഥം പ്രസിദ്ധംചെയ്യുക. മൂന്നാമതായി നമ്മുടെ വൈദികസെമ്മിനാരികളിൽ (മൈനറും മേജറും സെമ്മിനാരികളിൽ) സ്കോളർഷിപ്പുകൾ ഏപ്പെടുത്തുകയും മററുവിധത്തിൽ ഉചിതമായ പാരിതോഷികങ്ങൾ ഏപ്പെടുത്തുകയും ചെയ്യുക. കരിയാററിൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ പൂജ്യാവശിഷ്ടങ്ങൾ കേരളക്കരയിൽ കൊണ്ടുവന്നു സ്ഥാപിക്കാൻ കഴിയുമെങ്കിൽ അതൊരു മഹാകാര്യമായിരിക്കുമെന്നു മേൽസൂചിപ്പിച്ചിട്ടുണ്ടല്ലോ. ഒത്തുശ്രമിച്ചാൽ സാധിക്കാത്ത കാര്യങ്ങൾ വളരെ ചുരുക്കമാണല്ലോ.

പുനരൈക്യപ്രവത്തനം ത്വരിതഗതിയിൽ മുന്നോട്ടുപോകുന്ന ഈ വേളയിൽ മേൽപ്പറഞ്ഞ മഹാപുരുഷന്മാരെയും അവരുടെ പരിശ്രമങ്ങളെയും സ്മരിക്കേണ്ടതു കേരളീയകത്തോലിക്കരുടെ ഒരു കടമയാണെന്നാണ് എനിക്കു തോന്നുന്നതു. ഈ സ്മരണ സത്യനിഷ്ഠരും ചരിത്രപ്രിയരുമായ പലക്കും പുനരൈക്യത്തെക്കുറിച്ചു കാര്യമായി ചിന്തിക്കുവാൻ വക നൽകുന്നതാണ്.

മാർ ഈവാനിയോസ് തിരുമനസ്സിലെ ജീവചരിത്രഗ്രന്ഥം പ്രസിദ്ധംചെയ്യുന്നതിലും ഉചിതമായ സ്മാരകം ഏപ്പെടുത്തുന്നതിലും പുനരൈക്യകമ്മിററിക്കാർ ശ്രദ്ധിക്കാതിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

## കാലംചെയ്തു



കർദ്ദിനാൾ ഡൊമെനിക്കോ ജോറിയോ തിരുമേനി

കർദ്ദിനാൾ ഡൊമെനിക്കോ ജോറിയോ തിരുമേനി 87-ാമത്തെ വയസ്സിൽ ഒക്ടോ: 21-ാം തീയതി കാലംചെയ്തിരിക്കുന്നു

## നാഥാ, ജഗപതി!

(ഹിന്ദി "ആവാര"യിലെ "ആജാ ഓ തടപ്പ്"പോലെ)

നാഥാ ജഗപതി! അകതാരററയിൽ
അധുനാവരങ്ങൾ തൂകാൻ വാ — അധുനാ......
വരനിരൊഴുകും കുളിരാഴിയെ, എൻ
ഗുരുപാപമാൽ നീ നീക്കുക—ഗുരുപാപ......
ഓ......ജീവനാം നിൻ മെയ്യെന്നുടെ
ജീവിതത്തിൻ ആധാരമേ — ആധാരമേ
വാഴാൻ തവസുരഭോസ്സിൽ സതതം
അധുനാ വരങ്ങൾ തൂകാൻ വാ — അധുനാ.......
ഒളിവീശിടും പരലോകാധിപാ,
ജഗദീപികയേ നീ എൻ മാനസേ—എൻ മാനസേ
വന്നാലഘമാമിരുളിൽക്കുഴയാ
അധുനാ വരങ്ങൾ തൂകാൻ വാ — അധുനാ.......
മമനായകാ നീദയ മാഗ്ഗവും
അതിഭാസുര ശാന്തി സൗഭാഗ്യവും
നീയാണഖിലവുമതുലാശ്രയവും
അധുനാ വരങ്ങൾ തൂകാൻ വാ — അധുനാ.......
(നാഥാ ജഗ........

(പുഷ്പനായകം)

## പ്രസിദ്ധീകരണവാരം പ്രോത്സാഹിപ്പിക്കുന്നു

മതപരമായ പ്രസിദ്ധീകരണങ്ങളുടെ സംഘടനയിൽനിന്നു ഉന്നയിച്ചിട്ടുള്ള പ്രസിദ്ധീകരണവാരാചരണപദ്ധതിക്കു് ഇംഗ്ലണ്ടിലെ അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാർ ശക്തിയായ പിൻതുണ വാഗ്ദാനം ചെയ്തിരിക്കുന്നു. ലിവർപ്പൂൾ മെത്രാപ്പോലീത്താ ഗോഡ്ഫ്രേ തിരുമേനിയും, ബർമിംഗ്ഹാം മെത്രാപ്പോലീത്താ ഗ്രിംഷാ തിരുമേനിയും, പോർട്ട്സ്മത്തു് മെത്രാപ്പോലീത്താ കിംഗ് തിരുമേനിയും, ലീഡ്സിലെ മെത്രാൻ ഹീനാൻ തിരുമേനിയും, മെനേവിയായിലെ മെത്രാൻ പെററീറു് തിരുമേനിയും ഈ പദ്ധതിയെ സഹായിക്കുന്നതാണെന്നു പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു്. ഓരോരുത്തരും കുറഞ്ഞപക്ഷം ഒരു കത്തോലിക്കാ പ്രതിവാരപത്രമെങ്കിലും മുടങ്ങാതെ വായിക്കുന്നതിനുള്ള ഉത്തേജനം നൽകുക എന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം.





* 17 Jewels, Glucidor Balance, Antimagnetic, Nivarox hairspring.

| | 5120 | 5311 | 7926 |
| --- | --- | --- | --- |
| Chromium Front Steel Back | Rs. 130/- | Rs. 130/- | – |
| Full Stainless Steel Case | Rs. 155/- | Rs. 155/- | Rs. 158/- |
| 20 Microns Rolled Gold Steel Back | Rs. 160/- | Rs. 160/- | Rs. 160/- |

KANIAMPURAM BROS. WATCH CO.
BROADWAY, ERNAKULAM (T.C.S.)

INSIST ON "Bentex" STRAPS & BRACELETS



For favours received



P. J. Jacob, Pavaratty



തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി പുതിയ കുറികൾ

ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച 9394/54 R. D. നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്ന

| മാസക്കുറി | കൊല്ലക്കുറി |
| --- | --- |
| നറുക്ക് 1ക്ക് 100 ക. | നറുക്ക് 1ക്ക് 1000 ക. |
| 111 നറുക്ക് 11100ക. സല. | 32 നറുക്ക് 32000ക. സല. |
| ആദ്യനറുക്കെടുപ്പ് 1954 ഡിസം. 9-ാംനു- / 1130 വൃശ്ചികം 24-ാംനു- | ആദ്യനറുക്കെടുപ്പ് 1954 ഡിസം. 30-ാംനു- / 1130 ധനു 15-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറുക്ക് (3ക 2ണ.യുടെ വീതം)വരെ ചേരാവുന്നതാണ് | കുറിയിൽ കുറഞ്ഞതു് 1/16 നറുക്ക് (62ക 8ണ.യുടെ വീതം)വരെ ചേരാവുന്നതാണ് |

കൂടുതൽ വിവരങ്ങൾക്കു് കുറിയാഫീസിൽ ആവശ്യപ്പെടുക:—

Trichur, 25—9—1954. The Lourdes Church Kuri Office

ആദ്ധ്യാത്മികവീഥി 34

# ജപമാല

ദൈവത്തിൻെറ വത്സലമക്കളേ,

ബ. നടയ്ക്കലച്ചൻെറ "എൻെറ മിത്രം" ഒരു വിജ്ഞാനഭണ്ഡാകാരമാണെന്നു കാണിക്കുവാൻ ജപമാലയെക്കുറിച്ചു അതിൽ പറയുന്ന ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

### ചരിത്രം

ഇന്നു പ്രചാരത്തിലിരിക്കുന്ന ജപമാലയുടെ ആവിർഭാവത്തിനു മുൻപുതന്നെ വിശുദ്ധന്മാർ ഓരോതരത്തിലുള്ള ജപമാല ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്നത്തെ രീതിയിലുള്ള ജപമാല നടപ്പിലാക്കിയതു് 13-ാം ശതാബ്ദത്തിലാണു്.

അൽബിജേൻസിയൻ പാഷണ്ഡതയിൽനിന്നു തിരുസഭയെ രക്ഷിക്കണമെന്നു വി. ഡൊമ്മനിക്കോസ് പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ 1208-ൽ ദൈവമാതാവു അദ്ദേഹത്തിനു ജപമാലഭക്തി വെളിപ്പെടുത്തി, അതു പ്രചരിപ്പിക്കണമെന്നു ആജ്ഞാപിച്ചു. ജപമാലഭക്തിവഴി തിരുസ്സഭ പ്രസ്തുത പാഷണ്ഡതയിൽനിന്നു രക്ഷപ്രാപിക്കയുംചെയ്തു.

തുക്കികളുമായുണ്ടായ യുദ്ധത്തിൽ 1571-ാമാണ്ടു തുലാമാസം 7-ാം തീയതി ലെപ്പാൻെറാ എന്ന സ്ഥലത്തുവച്ചു ക്രിസ്ത്യാനികൾക്കു ജപമാലഭക്തിവഴി അത്ഭുതകരമായ വിജയം സിദ്ധിച്ചു. ഇതിൻെറ നിത്യസ്മരണയ്ക്കായി ഒക്ടോബർ മാസം ആദ്യത്തെ ഞായറാഴ്ച ജപമാലരാജ്ഞിയുടെ തിരുനാൾ ആഘോഷിക്കണമെന്നു അഞ്ചാംപീയൂസു മാർപ്പാപ്പാ പ്രഖ്യാപിച്ചു. എന്നുതന്നെയുമല്ല ഒക്ടോബർമാസം മുഴുവനും ജപമാലഭക്തി ആചരിക്കണമെന്നും പിന്നീടു തിരുസിംഹാസനത്തിൽനിന്നു നിർദ്ദേശിക്കയും ചെയ്തിട്ടുണ്ടു്.

1717-ൽ ബെൽഗ്രേഡിൽവച്ചു തുക്കികളെ ജപമാലഭക്തിവഴി ക്രിസ്ത്യാനികൾ പരാജിതരാക്കിയിട്ടുണ്ടു്.

### പ്രാധാന്യം

വ്യക്തികളുടെ പുണ്യജീവിതത്തിനും കുടുംബങ്ങളുടെ ഭദ്രതയ്ക്കും സമുദായത്തിൻെറ സുസ്ഥിതിക്കും ജപമാലഭക്തിപോലെ ഇത്ര സഹായകരവും ഫലപ്രദവുമായ മറെറാരു ഭക്തകൃത്യമില്ലെന്നുതന്നെ പറയാം. "പതിവായി കൊന്തനമസ്കാരം ചൊല്ലുന്ന കുടുംബങ്ങളുടെ നിത്യരക്ഷ സുരക്ഷിത"മാണെന്നു വിശുദ്ധ അല്ഫോൻസ് ലിഗോരി പറയുന്നു.

### കൊന്ത

1. കൊന്തമണികൾ പളുങ്കുകൊണ്ടോ, അല്ലെങ്കിൽ ബലമുള്ള മറെറന്തെങ്കിലും സാധനംകൊണ്ടോ ഉണ്ടാക്കാവുന്നതാണു്. ഏതാനും മണികൾ നഷ്ടപ്പെടുന്നതുകൊണ്ടു ദണ്ഡവിമോചനം നഷ്ടപ്പെടുന്നില്ല. പകരം വേറെ മണികൾ ചേത്താൽ മതിയാകും. ഒരിക്കൽ കുറെ മണികൾ നഷ്ടപ്പെടുന്നുവെന്നു സങ്കല്പിക്കുക. അവയ്ക്കു പകരം വേറെ മണികൾ ചേക്കയുംചെയ്യുന്നു. ഇങ്ങനെ പലപ്പോഴായി കൊന്തയുടെ ആദ്യമണികൾ മുഴുവൻ നഷ്ടപ്പെടുകയും അവയ്ക്കുപകരം വേറെ മണികൾ ചേക്കുകയും ചെയ്താലും ദണ്ഡവിമോചനം നഷ്ടപ്പെടുകയില്ല. എന്നാൽ ഭൂരിപക്ഷം മണികൾ ഒരേസമയത്തു നഷ്ടപ്പെട്ടാൽ അവയ്ക്കുപകരം വേറെ മണികൾ ചേത്തു കൊന്ത വീണ്ടും വെഞ്ചരിപ്പിക്കണം. കൊന്തയുടെ കമ്പിക്കോ കുരിശിനോ കാശുരൂപത്തിനോ അല്ല, ആശീവ്വാദം കൊന്തമണികൾക്കാണു്.

2. കൊന്ത ഉപയോഗിച്ചുകൊണ്ടു നമസ്കാരം ചൊല്ലണം.

3. ദണ്ഡവിമോചനം കൊന്തയുടെ ഉടമസ്ഥനല്ല, അതുപയോഗിക്കുന്നയാളിനാണു്. കൊന്ത ആശീവ്വദിച്ചുശേഷം വില്ക്കപ്പെടുമ്പോൾ അതിൻെറ ദ. വി. നഷ്ടപ്പെടുന്നു.

4. ദ. വി. പ്രാപിക്കുന്നതിനു കൊന്തയുടെ രഹസ്യങ്ങളെപ്പററി ധ്യാനിക്കണം.

5. ദ. വി. പ്രാപിക്കുന്നതിനു് അഞ്ചു രഹസ്യങ്ങളും തുടർച്ചയായി ചൊല്ലണമെന്നില്ല. പലപ്പോഴായി ഒരുദിവസംകൊണ്ടു ഒന്നോ രണ്ടോ രഹസ്യംവീതം ചൊല്ലിത്തീത്താലുംമതി......

തുടർന്നു ദണ്ഡവിമോചനങ്ങളെ സംബന്ധിച്ചും കൊന്തസഭയെക്കുറിച്ചും മററും പറയുന്നുണ്ടു്. ജപമാലയെക്കുറിച്ചു പറഞ്ഞിട്ടുള്ളതുപോലെതന്നെ ഉത്തരീയങ്ങളെക്കുറിച്ചും മററും പ്രസ്താവിക്കുന്നു. എല്ലാവരും അവശ്യം അറിഞ്ഞിരിക്കേണ്ട പല സംഗതികളും എൻെറ മിത്രത്തിലുണ്ടെന്നു ഞാൻ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളിൽനിന്നു മനസ്സിലാക്കാമല്ലോ. വെറും 12 ണമാത്രം വിലയുള്ള ഈ പുസ്തകം സകല കത്തോലിക്കാ കുടുംബങ്ങൾക്കും ഒരനർഘസമ്പത്തായിരിക്കും.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

---

(11-ാംപേജു് തുടർച്ച)

ലഭിക്കുന്നുണ്ടെന്നും അവയനുസരിച്ചു് അവർ നയപരിപാടികൾ മാററിക്കൊണ്ടിരിക്കുന്നെന്നും പാർട്ടിയുടെ ഔദ്യോഗികരേഖകൾതന്നെ വെളിവാക്കിയിട്ടുണ്ടു്. സാർവ്വലൗകിക കമ്മ്യൂണിസ്റ്റു് വിപ്ലവസംഘടനയെന്ന നിലയിൽ കൊമിൻഫോമിനു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മേലും നിയന്ത്രണം ചെലുത്താതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടാണല്ലോ അന്തർദ്ദേശീയകാര്യങ്ങളിൽ പ്രത്യേകിച്ചു് കൊമിൻഫോമിൻെറ താളത്തിനൊപ്പിച്ചു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി സദാ സ്വരമുയർത്തിക്കൊണ്ടിരിക്കുന്നതു്.

യഥാർത്ഥ്യമിങ്ങനെയിരിക്കെ, അതിൻെറ പ്രകാശനംമാത്രം പ്രധാനമന്ത്രിയുടെ വാക്കുകളിൽ അടങ്ങിയിരിക്കെ, അവയെ നിഷേധിക്കുവാനുള്ള കമ്മ്യൂണിസ്റ്റു് എം. പി. യുടെ ശ്രമം വൃഥാവിലാണെന്നു മാത്രമല്ല പരിഹാസ്യവുമായിത്തീരുന്നില്ലയോ? കാര്യം കാണാൻ എന്തുമാകാമെന്നുള്ള കമ്മ്യൂണിസ്റ്റു് പ്രമാണത്തിൻെറ ഒരു പ്രയോഗമായിരിക്കാം ഈ നിഷേധശ്രമം! ലെനിൻതന്നെ കമ്മ്യൂണിസ്റ്റുനയായികൾക്കുപദേശിച്ചു കൊടുത്തിട്ടുള്ള പ്രമാണം,

"To resort to various stratagems, artifices, illegal methods, to evasions and subterfuges only so as to get into the trade unions, to remain in them and to carry on Communist work within them at all costs" എന്നാണല്ലോ. "പലതരം തന്ത്രങ്ങളും സൂത്രങ്ങളും നിയമവിരുദ്ധനടപടികളും സ്വീകരിക്കുക, ഒഴിഞ്ഞുമാറലും അടവുകളും പ്രയോഗിക്കുക, അങ്ങനെ ട്രേഡ്യൂണിയനുകളിൽ കയറിപ്പററിയിരിക്കുക, തന്നേന്തരം കമ്മ്യൂണിസ്റ്റു് പ്രവത്തനങ്ങൾ അവയ്ക്കുള്ളിൽ എന്തും സഹിച്ചു നടത്തുക"—എന്നു സാരം!!

---

തിരുസഭാചരിത്രം 49

# ആരിയൻ പാഷണ്ഡതയുടെ വിജയം

(പ്രഫസർ പി. ററി. തോമസ് എം. എ.)

കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ മൂന്നു പുത്രന്മാരിൽ കോൺസ്റ്റൻറയിൻ രണ്ടാമനും (Constantine II) കോൺസ്റ്റൻസും (Constans) കത്തോലിക്കരായിരുന്നു. മൂന്നാമൻ—കോൺസ്റ്റാൻഷ്യസ് (Constantius)—ഒരു തികഞ്ഞ ആരിയൻ പക്ഷക്കാരനുമായിരുന്നു. സാമ്രാജ്യവിഭജനത്തിൽ പൗരസ്ത്യവിഭാഗം കോൺസ്റ്റാൻഷ്യസിനും പാശ്ചാത്യവിഭാഗം കോൺസ്റ്റൻറയിൻ രണ്ടാമനുമാണു് ലഭിച്ചതു്.

സിംഹാസനാരോഹണം കഴിഞ്ഞ ഉടനേതന്നെ കോൺസ്റ്റൻറയിൻ രണ്ടാമൻ അത്തനേഷ്യസിനു് അലക്സാണ്ട്റിയായിലേക്കു മടങ്ങുവാൻ അനുവാദം നൽകി. (337 എ. ഡി.) ജനങ്ങൾ അദ്ദേഹത്തെ അത്യുത്സാഹപൂർവ്വം സ്വീകരിച്ചു. ആരിയൻ പക്ഷക്കാർ ചക്രവത്തിയുടെ നടപടിയെ ശക്തിയായി പ്രതിഷേധിച്ചു. ആയിടയ്ക്കു് ന്യായവിരുദ്ധമായ മാർഗ്ഗങ്ങളിൽക്കൂടി കോൺസ്റ്റാൻറിനോപ്പിളിലെ മെത്രാസനത്തിൽ കയറിപ്പററിയ യൂസേബിയൂസ് അന്ത്യോക്യയിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി അത്തനേഷ്യസിനെ വീണ്ടും സ്ഥാനഭ്രഷ്ടനാക്കുകയും രാജസൈന്യങ്ങളുടെ സഹായത്തോടുകൂടി കപ്പദോച്യയിലെ ഗ്രിഗരി (Gregory of Cappadocia) എന്ന ഒരാളെ അലക്സാണ്ട്റിയായിലെ പാത്രിയാക്കസ്ഥാനത്തു് ഉപവിഷ്ടനാക്കുകയും ചെയ്തു (അന്നു് അലക്സാണ്ട്റിയായിലെ മെത്രാനു് പാത്രിയക്കീസ് സ്ഥാനംകൂടിയുണ്ടായിരുന്നു). അത്തനേഷ്യസ് നേരിട്ടു റോമയിലെത്തി തൻെറ അവകാശവാദം ഒന്നാം ജൂലിയസ് മാർപ്പാപ്പാ മുൻപാകെ സമപ്പിച്ചു. മാർപ്പാപ്പാ റോമായിൽ ഒരു കൗൺസിൽ വിളിച്ചുകൂട്ടണമെന്നു നിശ്ചയിക്കുകയും ആയതിലേക്കു് മെത്രാന്മാരെ ക്ഷണിക്കയുംചെയ്തു. എന്നാൽ യൂസേബിയൂസ് പക്ഷക്കാരായ മെത്രാന്മാരാരുംതന്നെ അവിടെ വന്നുചേരുകയുണ്ടായില്ല. അതേത്തുടന്നു് മാർപ്പാപ്പാ അൻപതു മെത്രാന്മാരുടെ ഒരു കൗൺസിൽ വിളിച്ചുകൂട്ടി അത്തനേഷ്യസിൻെറ മേലുള്ള ആരോപണങ്ങൾ ഓരോന്നായി പരിശോധിച്ചു അത്തനേഷ്യസ് കൗൺസിലിൽ ഹാജരായി തൻെറ നിരപരാധിത്വം തെളിയിക്കുവാൻ ആവശ്യമായ പ്രാമാണികരേഖകൾ അവിടെ സമപ്പിച്ചു. നിഷ്കൃഷ്ടമായ പരിശോധനയ്ക്കുശേഷം അത്തനേഷ്യസിൻെറ പേരിലുള്ള ആരോപണങ്ങൾ എല്ലാം കൃത്രിമങ്ങളാണെന്നും അദ്ദേഹം എല്ലാററിലും നിർദ്ദോഷിയാണെന്നും കൗൺസിൽ ഐകകണ്ഠ്യേന വിധികല്പിച്ചു. എ. ഡി. 341-ൽ അന്ത്യോക്യയിലെ ബസിലിക്കായുടെ കൂദാശകമ്മം നിവ്വഹിച്ച അവസരത്തിൽ കൂടിയ പൗരസ്ത്യമെത്രാന്മാരുടെ സംഘം ഇതിനു് ഒരു പ്രത്യുത്തരമെന്നവണ്ണം കപ്പദോച്യയിലെ ഗ്രിഗരിയെ അലക്സാണ്ട്റിയായിലെ മെത്രാസനത്തിൽ സ്ഥിരപ്പെടുത്തുകയും നിക്യാ വിശ്വാസപ്രമാണത്തെ തിരസ്കരിക്കയുംചെയ്തു. ആയിടയ്ക്കു് പാഷണ്ഡപക്ഷത്തിൻെറ നേതാവായ നിക്കോമീദിയായിലെ യൂസേബിയൂസ് മരണമടഞ്ഞു.


പൗരസ്ത്യമെത്രാന്മാർ ഗൗരവമായ ഒരു ശിശ്മയിൽ നിലയുറപ്പിച്ചിരിക്കുന്നതായി പ്രത്യക്ഷപ്പെട്ടു. ക്രിസ്തുമതം രണ്ടു സഭകളായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നു് ഏതു നിഷ്പക്ഷനിരീക്ഷകനും തോന്നുമായിരുന്നു—അതായതു കോൺസ്റ്റാൻറിനോപ്പിളിലെ ചക്രവത്തിയുടെ അധികാരത്തിനു വിധേയമായ ഒരു സഭയും റോമായിലെ മെത്രാനു കീഴ്പ്പെട്ട മറെറാന്നും. ഈ വൈരുദ്ധ്യത്തിനു പരിഹാരം കണ്ടെത്തുവാൻവേണ്ടി അന്നു് സാമ്രാജ്യത്തിൻെറ പശ്ചിമഭാഗത്തെ ഭരിച്ചിരുന്നയാളും കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ മൂത്ത പുത്രനുമായിരുന്ന കോൺസ്റ്റൻസ് (Constans) സാർഡിക്കായിൽ (Sardica) മെത്രാന്മാരുടെ ഒരു വലിയ സംഘം വിളിച്ചുകൂട്ടി. സാർഡിക്കാ ആധുനിക ബൾഗേറിയായിലെ സോഫിയാ എന്ന നഗരമാണു്. അത്തനേഷ്യസിൻെറ മേലുള്ള വിധിയേയും നിക്യാ വിശ്വാസപ്രമാണത്തെയും സംബന്ധിച്ചുള്ള തക്കത്തിനു് ഒരു തീരുമാനം കണ്ടെത്തുക എന്നുള്ളതായിരുന്നു ഈ കൗൺസിലിൻെറ പ്രധാന ഉദ്ദേശം. പാഷണ്ഡികളായ പൗരസ്ത്യമെത്രാന്മാരും ഇതിൽ സംബന്ധിച്ചിരുന്നു. എന്നാൽ അത്തനേഷ്യസിൻെറ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അവർ തയ്യാറായില്ല. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടു് അവർ നൽകിയ വിധി അലംഘനീയമായി നിലകൊള്ളണമെന്നു അവർ ശഠിച്ചു കൗൺസിലിൽ സംബന്ധിച്ചിരുന്ന പിതാക്കന്മാർ അതിനു വിസമ്മതിച്ചപ്പോൾ യൂസേബിയൂസ് പക്ഷക്കാരായ മെത്രാന്മാർ ത്രേസിലുള്ള (Thrace) ഫിലിപ്പോപോളിസ് (Philippopolis) എന്ന സ്ഥലത്തേക്കു പോവുകയും അവിടെവച്ചു യോഗം ചേരുകയുമുണ്ടായി. ഈ സ്ഥലം സാമ്രാജ്യത്തിൻെറ പൗരസ്ത്യവിഭാഗത്തിൽപ്പെട്ടതായിരുന്നതിനാൽ അവിടത്തെ ചക്രവത്തിയായ കോൺസ്റ്റാൻഷ്യസിൻെറ സംരക്ഷണത്തിൽ അവർ അഭയംതേടുകയാണു ചെയ്തതു്. ഫിലിപ്പോപോളീസിൽ യോഗംചേന്ന മെത്രാന്മാർ അവിടെനിന്നും ഒരു ചാക്രികലേഖനം പ്രസിദ്ധംചെയ്തു. പ്രസ്തുത ലേഖനം അത്തനേഷ്യസിനെയും അദ്ദേഹത്തോടു വിശ്വാസഐക്യം പുലത്തിയിരുന്ന എല്ലാവരെയും അവർ ശപിക്കുന്നതായുള്ള ഒരു പ്രഖ്യാപനമായിരുന്നു. ജൂലിയസ് മാർപ്പാപ്പായെക്കൂടിയും അവർ ശാപത്തിൽ ഉൾപ്പെടുത്തുകയുണ്ടായി.

"എല്ലാം തിന്മകൾക്കും ഹേതുഭൂതനായ റോമായിലെ ജൂലിയസ്" എന്നാണു് അദ്ദേഹത്തെപ്പററി ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. പാഷണ്ഡതയും ശിശ്മയുംകൂടി കെട്ടുമ്പിരികൊണ്ട ഒരവസ്ഥയായിരുന്നു അവരുടേതു്.

ഈ സമയത്തു് സാർഡിക്കായിലെ പിതാക്കന്മാർ അവരുടെ ചർച്ചകൾ നിർവ്വിഘ്നം തുടന്നു നടത്തിക്കൊണ്ടിരുന്നു. സൂക്ഷ്മമായ പരിശോധനയ്ക്കുശേഷം അവർ അത്തനേഷ്യസിൻെറ നിരപരാധിത്വം സ്ഥിരീകരിക്കയും യൂസേബിയൂസ് സംഘത്തിൻെറ നേതാക്കന്മാരെയെല്ലാം തിരുസ്സഭയുടെ ഐക്യത്തിൽനിന്നു ബഹിഷ്കരിച്ചിരിക്കുന്നതായി പ്രഖ്യാപിക്കയുംചെയ്തു. നിക്യാ വിശ്വാസപ്രമാണത്തോടുള്ള പരിപൂർണ്ണമായ വിധേയത്വത്തെ അവർ രേഖപ്പെടുത്തുകയുമുണ്ടായി.

എ. ഡി. 350-ൽ കോൺസ്റ്റൻസ് ചക്രവത്തി മരണമടയുകയും കോൺസ്റ്റാൻഷ്യസ് സാമ്രാജ്യത്തിൻെറ മുഴുവൻ അധിപനായിത്തീരുകയുംചെയ്തു. ആരിയൻ പക്ഷത്തോടു് വളരെ അനുഭാവമുള്ള ആളായിരുന്നു കോൺസ്റ്റൻഷ്യസ്. താനാണു് സഭയുടെ പരമാദ്ധ്യക്ഷനെന്നും സഭാകാര്യങ്ങളെല്ലാം തൻെറ പരമാധികാരത്തിനു വിധേയമായിരിക്കേണ്ടതാണെന്നും അദ്ദേഹം വിളംബരംചെയ്തു. സാമ്രാജ്യത്തിൻെറ പാശ്ചാത്യവിഭാഗത്തും ഈജിപ്തിലും ആരിയൻപാഷണ്ഡതയോടുള്ള എതിർപ്പു് ശക്തിപ്രാപിച്ചുവരുന്നതുകണ്ടു് അസ്വസ്ഥനായിത്തീന്ന ചക്രവത്തി അത്തനേഷ്യസിനു് അലക്സാ

(ശേഷം 8-ാംപേജിൽ)




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

Mrs. P. A. Jacob, Alleppey



ഒല്ലൂർ അക്കര ഷെവലിയർ ദേവസി ആഗസ്തി കെ. എസ്. ജി. അവർകൾക്കു് പരിശുദ്ധ സിംഹാസനത്തിൽനിന്നു മാടമ്പിസ്ഥാനം കല്പിച്ചുനൽകിയതിൻെറ സ്ഥാനചിഹ്നങ്ങൾ തൃശ്ശൂർമെത്രാൻ തിരുമേനി, കോയമ്പത്തൂർ മെത്രാൻ, തിരുവനന്തപുരം അഡ്മിനിസ്ട്രേറർ എന്നീ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ ഔദ്യോഗികമായി നൽകുന്നു.

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് എം. പി. യുടെ നിഷേധം

## വ്യർത്ഥമെന്നു് വേറൊരു എം. പി. തെളിയിച്ചു

**ഓരോ രാജ്യത്തിലുമുള്ള കമ്മ്യൂണിസ്റ്റു പാർട്ടി കൊമിൻഫോമിന്റെ ആജ്ഞാനുവർത്തികളും ഏജൻറന്മാരുമാണെന്നുള്ള നെഹ്റുവിന്റെ പ്രസ്താവം അയഥാർത്ഥമാണെന്ന കമ്മ്യൂണിസ്റ്റ് എം. പി. യായ പി. സുന്ദരയ്യ ഇപ്പോൾ വാദിക്കുന്നതു് വൃഥാവിലാണു്—രണ്ടുകൊല്ലംമുമ്പ് വേറൊരു എം. പി. യായ സത്യനാരായണസിൻഹ പാർലമെൻറിൽവച്ചുതന്നെ രേഖകളുദ്ധരിച്ചുകൊണ്ടു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെമേൽ ഇതേ ആരോപണം ഉന്നയിച്ചിരുന്നു—ഇൻഡ്യാക്കാരുൾപ്പെടെ ഇതരരാജ്യങ്ങളിലുള്ള ചില പൗരന്മാരെ അവിടങ്ങളിൽ വിപ്ലവമുണ്ടാക്കുവാൻവേണ്ടി കൊമിൻഫോമിന്റെ നേതൃത്വത്തിൽ പ്രേഗിൽ പരിശീലനം നൽകുന്ന സ്കൂൾ താൻ കണ്ടിട്ടുണ്ടെന്നുപോലും സിൻഹ പ്രസ്താവിച്ചു.**

അന്തർദേശീയ കമ്മ്യൂണിസത്തിന്റെ കേന്ദ്രസംഘടനയായ കൊമിന്റേൺ നിർത്തലാക്കിയെങ്കിലും അതിന്റെ സ്ഥാനമാണു് ഇപ്പോഴത്തെ കൊമിൻഫോം ഏറ്റെടുത്തിരിക്കുന്നതെന്നും, ഓരോ രാജ്യത്തിലുമുള്ള കമ്മ്യൂണിസ്റ്റു പാർട്ടി കൊമിൻഫോംവഴി വികാരപരമായും ബുദ്ധിപരമായും മററും ഇതര കമ്മ്യൂണിസ്റ്റു രാജ്യങ്ങളുമായി തൊടുത്തുകെട്ടിക്കിടക്കുകയാണെന്നും പ്രധാനമന്ത്രി നെഹ്റു പാർലമെൻറിൽവച്ചു ചെയ്ത ആരോപണത്തെ കമ്മ്യൂണിസ്റ്റു കക്ഷി നേതാവായ ശ്രീ പി സുന്ദരയ്യ ന്യൂഡൽഹിയിൽവച്ചു നടത്തിയ ഒരു പ്രസ്സ്‌കോൺഫറൻസിൽ നിഷേധിക്കുകയുണ്ടായി.

"കമ്മ്യൂണിസ്റ്റു പാർട്ടികൾ സ്വന്തം മേഖലകളിൽ സ്വതന്ത്രമായിട്ടാണു് പ്രവർത്തിച്ചിട്ടുള്ളതു്. ഒരു കമ്മ്യൂണിസ്റ്റു പാർട്ടി മറെറാരു രാജ്യത്തിലെ ഒരു കമ്മ്യൂണിസ്റ്റു പാർട്ടിക്കു് ആജ്ഞകൊടുക്കുകയെന്ന പ്രശ്നമേയില്ല. സോവിയററ്-ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടികളോ മറെറാ മററു കമ്മ്യൂണിസ്റ്റു പാർട്ടികൾക്കു കല്പനകൊടുക്കുന്നുവെന്ന ആരോപണംപോലും വരാതിരിക്കുവാനാണു് കൊമിന്റേൺതന്നെ പിരിച്ചുവിട്ടതു്. കൊമിൻഫോം ഒരു സംഘടനയല്ല. യൂറോപ്പിലെ ഒൻപതു പ്രമുഖ കമ്മ്യൂണിസ്റ്റു പാർട്ടികൾ ചേർന്നു് 1947-ൽ സ്ഥാപിച്ച ഒരു വാർത്താവിനിമയകേന്ദ്രമാണതു്. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയോ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയോ അതിൽ അംഗങ്ങളല്ല."

### കൊമിൻഫോം കൊമിന്റേണിനു പകരം

ലെനിൻ റഷ്യയിൽ വിപ്ലവമുണ്ടാക്കി ആ രാജ്യത്തെ ഭീകരപ്രവർത്തനങ്ങളാൽ പിടിച്ചടക്കിയശേഷം 1919-ൽ "മൂന്നാം ഇൻറർനാഷണൽ" എന്നറിയപ്പെടുന്ന സാർവ്വലൗകികകമ്മ്യൂണിസ്റ്റ് വിപ്ലവസംഘടന സ്ഥാപിച്ചു. ഈ കമ്മ്യൂണിസ്റ്റ് ഇൻറർനാഷണലിന്റെ ചുരുങ്ങിയ പേരാണു് "കൊമിന്റേൺ." അതിന്റെ ഉദ്ദേശമെന്തെന്നു് ഒന്നാമത്തെ പ്രസിഡൻറായിരുന്ന സിനോവീവ് ചെയ്തതും ഔദ്യോഗികമിനിട്ടുകളിൽ കൊള്ളിച്ചിട്ടുള്ളതുമായ ചില പ്രസ്താവനകളിൽനിന്നു കാണാം. അതിലൊന്നാണിതു്. "മൂന്നാം ഇൻറർനാഷണലിന്റെ കൊടിക്കീഴിൽ തൊഴിലാളിവർഗ്ഗം ലോകമാസകലം വിജയംവരിക്കും. യൂറോപ്യൻ വിപ്ലവത്തിൽ മാത്രമല്ല, സാർവ്വലൗകികവിപ്ലവത്തിലും അതു വിജയംവരിക്കുമെന്നു് ഞാൻ ഊന്നിപ്പറയുന്നു. ക്യാപ്പിററലിസ്റ്റ് അമേരിക്കയ്ക്കും കമ്മ്യൂണിസ്റ്റ് യൂറോപ്പിനും ഒരുമിച്ചു ജീവിക്കുവാൻ സാദ്ധ്യമല്ല." കൊമിന്റേണിന്റെ ദ്വിതീയ കോൺഗ്രസ്സ് 1920-ൽ മോസ്ക്കോയിൽ സമ്മേളിച്ചപ്പോളാണു് അതിന്റെ ഭരണഘടനയും നടപടിക്രമങ്ങളും മററും നിശ്ചയിച്ചതു്. അവയിൽ സംഘടനയുടെ സ്വഭാവവും ഉദ്ദേശവും ഇങ്ങനെ വിവരിച്ചിരിക്കുന്നു: "വർഗ്ഗവ്യത്യാസം പാടെ ഇല്ലാതാക്കി സോഷ്യലിസം കൈവരുത്തുവാൻവേണ്ടി, മുതലാളിത്തത്തെ നശിപ്പിക്കുകയും പ്രോലിറേററിയൻ (കൂലിവേലക്കാരുടെ) സ്വേച്ഛാധിപത്യം സ്ഥാപിക്കുകയും അന്തർദേശീയ സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് ഏർപ്പെടുത്തുകയും ചെയ്കയെന്ന ഏക ലക്ഷ്യപ്രാപ്തിക്കുവേണ്ടി പരിശ്രമിക്കുന്ന വിവിധ രാജ്യങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിക്കുവാനായി തൊഴിലാളികളുടെ ഈ അന്തർദേശീയസംഘം സ്ഥാപിതമായിരിക്കുന്നു."

രണ്ടാംലോകമഹായുദ്ധത്തിനിടയ്ക്കു് 1943-ൽ കൊമിന്റേൺ സംഘടന പിരിച്ചുവിടാൻ സ്റ്റാലിൻ ഉത്തരവിട്ടു. യുദ്ധപരിശ്രമങ്ങൾക്കു അമേരിക്കയുടെ സഹായം വേണ്ടിടത്തോളം റഷ്യക്കു ലഭിക്കുവാൻവേണ്ടി പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു ഈ പിരിച്ചുവിടൽ. തന്മൂലം യുദ്ധാനന്തരം, 1947-ൽ, സ്റ്റാലിൻതന്നെ പ്രസ്തുത സംഘടനയെ പുനരുദ്ധരിച്ചു. കൊമിന്റേൺ എന്ന പേരു മാററിപകരംകൊമിൻഫോം എന്നു് അതിനു പേരു കൊടുത്തുവെന്നുമാത്രം ഒരു വ്യത്യാസം. ഈ കൊമിൻഫോം സംഘടനയാണു് യൂറോപ്പിലേയും മററു ഭൂഖണ്ഡങ്ങളിലേയും രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ വഴിയായി ആഭ്യന്തരവിപ്ലവങ്ങളുണ്ടാക്കി സോവ്യററു റഷ്യയുടെ സാമ്രാജ്യത്വം വിപുലീകരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി കൊമിൻഫോമിന്റെ ആജ്ഞയനുസരിച്ചും ഏജൻറായും പ്രവർത്തിക്കുകയാണെന്നുള്ളതു് രഹസ്യമായ ഒരു പരസ്യമാകുന്നു. ഈ വസ്തുത 1952-ൽ ഇൻഡ്യൻ പാർലമെൻറിൽവച്ചുതന്നെ, ബീഹാറിൽനിന്നുള്ള കോൺഗ്രസ്സ് സാമാജികൻ ഡോക്ടർ സത്യനാരായണസിൻഹ വെളിപ്പെടുത്തുകയുണ്ടായി.

### സത്യനാരായണസിൻഹ പാർലമെൻറിൽ വെളിപ്പെടുത്തി

ഡോക്ടർ സിൻഹ പാർലമെൻറിൽ വെളിപ്പെടുത്തിയ വിവരങ്ങളിൽ ചിലതു് താഴെ ചേർക്കുന്നു:- സോവ്യററു് യൂണിയനിലും പല യൂറോപ്യൻ രാജ്യങ്ങളിലും സിൻഹ അനേകവർഷങ്ങൾ ചിലവഴിച്ചിട്ടുണ്ടു്. ജർമ്മനി സോവ്യററു് യൂണിയൻ ആക്രമിക്കുന്നതിനുമുൻപു് ഹിററ്ലറും സ്റ്റാലിനും തമ്മിൽ ചെയ്ത രഹസ്യഉടമ്പടി അദ്ദേഹം കണ്ടിട്ടുണ്ടു്. അതിൽ സ്റ്റാലിൻ പ്രസ്താവിച്ചിരുന്നതു്, സോവ്യററുയൂണിയന്റെ രാജ്യവിപുലീകരണാഭിലാഷങ്ങളുടെ കേന്ദ്രം സോവ്യററുയൂണിയൻ രാജ്യങ്ങളുടെ തെക്കുകിടക്കുന്ന ഇൻഡ്യൻ സമുദ്രത്തിന്റെ വഴിക്കാണെന്നായിരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി കൊമിൻഫോമിന്റെ പ്രവർത്തന സമ്പ്രദായങ്ങൾ താൻ പ്രത്യക്ഷം സൂക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നു സിൻഹ പറഞ്ഞു. യൂറോപ്പിൽ കൊമിൻഫോമിന്റെ അനേകം സ്കൂളുകളുണ്ടു്. പ്രേഗിലേതും ലിപ്സിഗിലേതും അവയിലുൾപ്പെടുന്നു. ഇൻഡ്യ ഉൾപ്പെടെ പല രാജ്യങ്ങളിൽനിന്നുമുള്ള ആളുകൾക്കു് ആ സ്കൂളുകളിൽ പരിശീലനം നൽകുന്നുണ്ടു്. സ്വരാജ്യത്തിന്റെ പ്രതിരോധനപ്രവർത്തനങ്ങളെ തകിടംമറിക്കുവാനും ദുർബലപ്പെടുത്തുവാനും വിപ്ലവങ്ങളുണ്ടാക്കുവാനുമാണു് ആ പരിശീലനം.

### ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയും കൊമിൻഫോമും തമ്മിൽ സമ്പർക്കം

തെലങ്കാനായിലെ വിപ്ലവത്തിനിടയിൽ വിപ്ലവകാരികൾക്കു മദ്ധ്യയൂറോപ്പിലെ അവരുടെ തലസ്ഥാനങ്ങളുമായി നേരിട്ടു റേഡിയോസമ്പർക്കമുണ്ടായിരുന്നെന്നു തെളിയിക്കുവാനുള്ള മതിയായ രേഖകൾ തന്റെ കൈവശമുണ്ടെന്നു് ഡോക്ടർ സിൻഹ പ്രസ്താവിച്ചു: "നമ്മുടെ രാജ്യം കൊമിൻഫോമിന്റെ പ്രവർത്തന സമ്പ്രദായവുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കുകയാണു്. ഇവിടെ ഇൻഡ്യയിൽ ആ സംഘടനയുടെ ഒരു ശാഖയുണ്ടു്. അതു് അവരുടെ തലസ്ഥാനങ്ങളുമായി സമ്പർക്കത്തിലിരിക്കുന്നു. ഈ പാർലമെൻറിൽ സഖാക്കൾ പറഞ്ഞ സമസ്തവും ലിപ്സിഗിലെ ആ സ്കൂളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു്. അവർ കൊമിൻഫോമിന്റെ പ്രചരണവിഭാഗത്തിൽപ്പെട്ടിരിക്കുന്നു. അവരുടെ ഇവിടത്തെ വാദങ്ങൾ ഒരു മാന്യനാൽ നിർദ്ദേശിക്കപ്പെട്ടവയാണു്. അതു തെളിയിക്കുവാൻ എനിക്കൊരു രേഖയുണ്ടു്. ആവശ്യമെങ്കിൽ ഞാനതു മേശപ്പുറത്തു വയ്ക്കാം."

ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും വിപ്ലവങ്ങൾ ഉണ്ടാക്കുവാനായിരുന്നു കൊമിൻഫോമിന്റെ ഉദ്ദേശമെന്നു് ഡോക്ടർ സിൻഹ പറഞ്ഞു. ഇൻഡ്യയിൽ പഞ്ചത്തിന്റെ സാഹചര്യങ്ങൾ ഉണ്ടാകുമെന്നായിരുന്നു കൊമിൻഫോമിന്റെ അഭിപ്രായം. ആ സമയത്താണു് തെലങ്കാനായിലെ വിപ്ലവം ആരംഭിച്ചതു്. തെലങ്കാനാ ഉണ്ടായിരുന്നില്ലെങ്കിൽ രായലസീമയും (അവിടത്തെ പഞ്ഞം) ഉണ്ടാകുമായിരുന്നില്ല. തെലങ്കാനായിലെ സ്ഥിതിഗതികൾ നിയന്ത്രണത്തിൽവരുത്തുവാൻ നമ്മുടെഗവമ്മെൻറ് ചിലവിടേണ്ടിവന്ന പണം മുഴുവനുംകൊണ്ടു് രായലസീമയിലെ ജനങ്ങൾക്കായുള്ള ദുരിതനിവാരണം എളുപ്പത്തിൽ വിജയിപ്പിക്കുവാൻ കഴിയുമായിരുന്നു. "ഇന്നത്തെ ഈ രാജ്യത്തിലെ ദുരിതങ്ങൾക്കു മനുഷ്യരാരെങ്കിലും ഉത്തരവാദികളാണെങ്കിൽ, അതു് ഇൻഡ്യയിലുള്ള ഈ കൊമിൻഫോം ശാഖയാണു്."

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൊമിൻഫോം നിയന്ത്രിക്കുന്നുണ്ടെന്നുള്ള ആരോപണങ്ങൾ തെളിയിക്കുവാൻ തന്റെ കൈവശമുണ്ടെന്നു് ഡോക്ടർ സിൻഹാ പറഞ്ഞ രേഖകൾ ആഗസ്റ്റ് 11-ാംനു- അദ്ദേഹം പാർലമെൻറിന്റെ മേശപ്പുറത്തുവച്ചു.

### ഇൻഡ്യക്കാരെ വിപ്ലവം പരിശീലിപ്പിക്കുന്ന കൊമിൻഫോംസ്കൂൾ സിൻഹ കണ്ടു

ഡോക്ടർ സിൻഹ ആയിടെ ഒരു അഭിമുഖ സംഭാഷണത്തിൽ പ്രസ്തുത വിഷയത്തെപ്പററി കൂടുതൽ വിവരങ്ങൾ നൽകി. യുദ്ധാനന്തരയൂറോപ്പിലെ ഒരു പത്രലേഖകനെന്ന നിലയിലും, പിന്നീടു് സ്വിററ്സർലണ്ടിലെ ഇൻഡ്യൻ സ്ഥാനപതിത്വത്തിന്റെ പ്രഥമസെക്രട്ടറി എന്ന നിലയിലും നടത്തിയ പരിശോധനകളുടെ ഫലമായി പ്രേഗിൽ "ഒററകാക്കായുള്ള ഒരുസ്കൂൾ" അദ്ദേഹം കണ്ടുപിടിച്ചു. അവിടെയാണു് ഇൻഡ്യാക്കാരെയും മററു രാജ്യക്കാരെയും അവരവരുടെ രാജ്യങ്ങളിൽ വിപ്ലവം ഉജ്ജ്വലിപ്പിക്കുവാൻ പരിശീലിപ്പിക്കുന്നതു്. വിദ്യാർത്ഥികൾക്കു് ആദ്യം നൽകുന്നതു് ചെമ്പടയിലെ ഘടകങ്ങളൊരുമിച്ചുള്ള അടിസ്ഥാനസൈനികപരിശീലനമാകുന്നു. ആയുധങ്ങൾ പിടിച്ചെടുക്കുക, വിപ്ലവകാരികളായ ജനങ്ങളെ ആയുധീകരിക്കുക, ഗതാഗതങ്ങൾ മൈനിട്ടു നശിപ്പിക്കുക, പോലീസുകാരെയും പട്ടാളക്കാരെയും നാമാവശേഷമാക്കുക എന്നീ സമ്പ്രദായങ്ങൾ അവർ പഠിപ്പിക്കുന്നു. ഇപ്രകാരം പരിശീലിപ്പിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റ് നശീകരണപ്രവർത്തകരിൽ 30 മുതൽ 40വരെ കൊല്ലംതോറും ഇൻഡ്യയിൽ നുഴഞ്ഞുകയറുന്നുണ്ടെന്നാണു് ഡോക്ടർ സിൻഹായുടെ വിശ്വാസം. ഡോക്ടർ സിൻഹ 1930മുതലുള്ള ദശവർഷത്തിൽ ചെമ്പടയിൽ ചേർന്നു സേവനമനുഷ്ഠിക്കുകയും, റഷ്യയിൽവച്ചു രണ്ടുവർഷം ക്യാപ്ററൻസ്ഥാനത്തേക്കു് ഉയർത്തപ്പെടുകയും ചെയ്തിട്ടുള്ള ആളാണെന്നുള്ള വസ്തുത പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു.

ഡോക്ടർ സിൻഹായുടെ ഈ ആരോപണം തെളിവുസഹിതം നിഷേധിക്കുവാൻ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു സാധിച്ചിട്ടില്ല. നേരേമറിച്ചു് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് കൊമിൻഫോമിന്റെ നിർദ്ദേശങ്ങൾ

(ശേഷം 10-ാംപേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

**ഹെഡാഫീസ്: ചങ്ങനാശേരി**

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)

Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, October, 27, 1954 No. 11

## — വിവിധവൃത്താന്തങ്ങൾ —

### "ഫോണി"ലൂടെ സമാധാനം പകരുന്നു

ജർമ്മനിയിൽ ന്യൂറംബെർഗ്ഗ് എന്ന സ്ഥലത്തു ഈശോസഭവകയായി ദുഃഖിതരേയും ക്ലേശിതരേയും അശരണരേയും സമാശ്വസിപ്പിക്കുന്നതിനുള്ള ഒരു ടെലഫോൺ പദ്ധതി സമാരംഭിച്ചിരിക്കുന്നു. ഫോൺ വെടിപ്പിച്ചിട്ടുള്ള ഒരു മുറി അതിനായി ഒഴിച്ചിട്ടിരിക്കുകയാണു്. മനക്ലേശം അനുഭവിക്കുന്ന ആർക്കും അവിടെ വിളിക്കാവുന്നതും ഉടനെ ഒരു വൈദികൻ അയാളുടെ ക്ലേശകാരണങ്ങളെ ശ്രവിച്ചു സാന്ത്വനപരമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണു്. വ്യക്തികൾ പേരു വെളിപ്പെടുത്തേണ്ട ആവശ്യമില്ല. സെപ്റ്റംബർ 11-ാം തീയതിയാണു് ഈ പ്രസ്ഥാനം സമാരംഭിക്കപ്പെട്ടതു്. ഇതിന്റെ ഉപജ്ഞാതാവായ ഫാദർ ജൊവാന്നസ് ലെപ്പിച്ച് എസ്. ജെ. 20,000 പേർ സംബന്ധിച്ച ഒരു സമ്മേളനത്തിൽവച്ചാണു് ഈ പദ്ധതി വിശദീകരിക്കുകയും ഫോൺനമ്പർ പ്രഖ്യാപിക്കുകയും ചെയ്തതു്. പലരും ഈ മാർഗ്ഗത്തെ അവരുടെ മനസ്സാക്ഷിയുടെ സാന്ത്വനത്തിനുവേണ്ടി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ടു്. ഇതിനിടയിൽ, ആത്മഹത്യ ചെയ്യുന്നതിനു നിശ്ചയിച്ചിരുന്ന ഒരു യുവാവിന്റെ മാനസാന്തരം സാധിച്ചതായി ആ യുവാവു ഏറ്റുപറഞ്ഞിരിക്കുന്നു. നിരാശനായി ആത്മഹത്യക്കൊരുങ്ങിയിരുന്ന അദ്ദേഹം ഫോണിൽ സംസാരിക്കുകയും അദ്ദേഹത്തെ ശ്രവിച്ച വൈദികൻ സദുപദേശങ്ങളും സാന്ത്വനങ്ങളുംവഴി ധൈര്യമായി ജീവിതത്തെ നേരിടുന്നതിനു അദ്ദേഹത്തിനു ആത്മധൈര്യം പകർന്നുകൊടുക്കുകയുംചെയ്തു. രണ്ടു ദിവസത്തിനുശേഷം ആ യുവാവു് വീണ്ടും വിളിച്ചു വൈദികനെ അറിയിച്ചു, അദ്ദേഹം ജീവിതായോധനത്തെ ധീരമായി നേരിടുന്നതിനു തീരുമാനിച്ചുവെന്നു്.

### കർദ്ദിനാളിനുവേണ്ടി വനിതകൾ വീണ്ടും സ്വരമുയർത്തുന്നു

പോളണ്ടിലെ പ്രൈമേറ്റായ കർദ്ദിനാൾ വിഷിൻസ്കി തിരുമേനിയെ ഒരുകൊല്ലംമുമ്പു അറസ്റ്റുചെയ്തു തടവിലാക്കിയ അവസരത്തിൽതന്നെ കത്തോലിക്കാ വനിതാസംഘടനകളുടെ സാർവ്വലൗകിക യൂണിയൻ അതിനെ പ്രതിഷേധിച്ചു ഐക്യരാജ്യസംഘടനയിലേക്കു ഒരു കത്തയച്ചിരുന്നു. ഇപ്പോൾ ആ പ്രതിഷേധത്തെ വീണ്ടും ആവർത്തിച്ചുകൊണ്ടും ആദ്യത്തെ കത്തിനെ സംബന്ധിച്ച എന്തു നടപടി സ്വീകരിച്ചുവെന്നാരാഞ്ഞുകൊണ്ടും രണ്ടാമതൊരു കത്തയച്ചിരിക്കുന്നു. "ആക്ഷേപാർഹമായ ഈ നടപടിയെ അവസാനിപ്പിക്കുന്നതിനു ഒരു കൊല്ലത്തിനിടയിൽ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നറിയുന്നതിനു പൊതുജനങ്ങളുടെ ഉൽക്കണ്ഠ വർദ്ധിച്ചിരിക്കുകയാണു്" എന്നത്രെ ഈ കുറിപ്പിൽ പ്രസ്താവിച്ചിട്ടുള്ളതു്.

### ഏ. ബി. സി. സമരം അധാർമ്മികമെന്നു മാർപ്പാപ്പാ

സാർവ്വലൗകികഭിഷഗ്വരസംഘടനയുടെ പ്രതിനിധികൾ അവരുടെ കോൺഗ്രസ് സമ്മേളനം കഴിഞ്ഞു പരിശുദ്ധപിതാവിനെ സന്ദർശിച്ച അവസരത്തിൽ അവിടുന്നു നടത്തിയ പ്രഭാഷണത്തിനിടയിൽ, അവരുടെ അഭ്യർത്ഥനയനുസരിച്ചു അണുശക്തിപരവും (Atomic) ജീവാണുസംബന്ധകവും (Bacteriological) രസതന്ത്രസ്പർശിയും (Chemical) ആയ (ഏ. ബി. സി.) പ്രശ്നങ്ങളുടെ ധർമ്മാധർമ്മവിവേചനയെപ്പറ്റി പ്രതിപാദിക്കുകയുണ്ടായി. ഈ ഏ. ബി. സി. സമരപ്രശ്നം മനുഷ്യന്റെ നിയന്ത്രണങ്ങൾക്കു അതീതമായ വിപത്തുകളെ ഉൾക്കൊള്ളുന്നതുകൊണ്ടു് ആക്രമണത്തിലെന്നല്ല, പ്രതിരോധനത്തിൽപോലും അതു അധാർമ്മികമായി പരിഗണിക്കപ്പെടണമെന്നാണു് തിരുമേനി പ്രസ്താവിച്ചതു്. "ഇപ്രകാരമുള്ള ഒരു പ്രശ്നത്തിൽ അനീതിയെ പ്രതിരോധിക്കുന്നു എന്നോ നീതിപൂർവ്വകമായ അവകാശങ്ങളെ സംരക്ഷിക്കുന്നു എന്നോ പറയുന്നതിനർത്ഥമില്ല. സമരപരമായ പ്രവർത്തനം നടക്കുന്ന ഒരു മണ്ഡലത്തിലെ മനുഷ്യജീവികളെ മുഴുവൻ നശിപ്പിക്കുന്ന പ്രത്യക്ഷവും വിശദവുമായ ഒരു കാര്യമാണതു്. ഇതിനെ സാധൂകരിക്കുന്ന യാതൊരു ന്യായവും ഉന്നയിക്കുവാൻ സാദ്ധ്യമല്ല" എന്നു തിരുമനസ്സുകൊണ്ടു പ്രഖ്യാപിച്ചു. വൈദ്യസംബന്ധമായ ഗവേഷണത്തിന്റേയും പരീക്ഷണത്തിന്റേയും പേരിൽ മനുഷ്യജീവനെതിരായി നടത്തപ്പെടുന്ന പ്രവർത്തനങ്ങളുടെ അധാർമ്മികത്വത്തേയും വ്യക്തികളുടെ അവകാശലംഘനത്തേയും വിശദമാക്കിയശേഷം പരിശുദ്ധപിതാവു് ആധുനികവൈദ്യശാസ്ത്രത്തെ നിയന്ത്രിക്കേണ്ട മൂന്നു അടിസ്ഥാനനിയമങ്ങളെ ഉന്നയിച്ചു:- "1. വൈദ്യശാസ്ത്രത്തിലെ ധാർമ്മികത്വം പ്രകൃതിയെ അടിസ്ഥാനപ്പെടുത്തിയല്ല മനുഷ്യവ്യക്തിയെ ആധാരമാക്കിയുള്ളതായിരിക്കണം. അതായതു്, മനുഷ്യസ്വഭാവത്തോടും, മാനുഷിക നിയമങ്ങളോടും, തജ്ജന്യമായ പരസ്പരബന്ധങ്ങളോടും അതു യോജിച്ചിരിക്കണം. 2. അതു മനുഷ്യബുദ്ധിക്കും സൃഷ്ടിയുടെ ഉദ്ദേശ്യത്തിനും അനുയോജ്യമായിരിക്കുകയും, ഇവയിൽനിന്നുളവാകുന്ന ധാർമ്മികമൂല്യങ്ങളോടു സാധർമ്മ്യം വഹിക്കുന്നവയുമായിരിക്കണം. കാരണം, അതു വെറും സാധനങ്ങളെയല്ല സ്പർശിക്കുന്നതു്, പ്രത്യുത, മനുഷ്യരേയും, വ്യക്തികളേയും, ഡോക്ടറന്മാരേയും, തീരുമാനങ്ങളേയും, ആശയങ്ങളേയും, ബന്ധങ്ങളേയും . സംബന്ധിക്കുന്ന മനസ്സാക്ഷിയുടെ പ്രശ്നങ്ങളാണു് അതു സ്പർശിക്കുന്നതു്. 3. വൈദ്യശാസ്ത്രത്തിന്റെ ധാർമ്മികത്വം സമുന്നതവും ആദ്ധ്യാത്മികവുമായ ഒരു ക്രമത്തിൽ അടിയുറച്ചതായിരിക്കണം. ആത്യന്തികമായ ഒരു കാര്യത്തിൽ മനുഷ്യൻ സമാരംഭിച്ച ഒരു പ്രവർത്തനം അവന്റെ ഇഷ്ടാനുസരണം സമാപിപ്പിക്കാവുന്നതാണെന്നുള്ള വാദം മനുഷ്യസ്വഭാവത്തേയും അതിന്റെ ലക്ഷ്യത്തിന്റേയും ഉദ്ദേശ്യത്തിന്റേയും അഭേദ്യതയേയും സംബന്ധിക്കുമ്പോൾ ഒരു വിരോധാഭാസമായിത്തീരുന്നു. മാത്രമല്ല അതിന്റെ ആന്തരികമായ ആവശ്യങ്ങളുടെ പരമവും അഭേദ്യവുമായ സ്വഭാവത്തിനും അതു കടകവിരുദ്ധമാണു്." വൈദ്യശാസ്ത്രത്തിൽ ആദരിക്കപ്പെടേണ്ട ധാർമ്മികത്വം അചഞ്ചലമാണെന്നും അതു മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ അവകാശങ്ങളിൽ അടിയുറച്ചതാണെന്നും പരിശുദ്ധപിതാവു വിശദമാക്കി.

### കർദ്ദിനാൾ ഡൂക്കാ നിര്യാതനായി

പരിശുദ്ധ സിംഹാസനത്തിനുവേണ്ടി ലാറ്ററൻ ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ഇറ്റാലിയൻ ഗവമ്മെൻറിന്റെ അടുത്തു വത്തിക്കാന്റെ ആദ്യത്തെ പേപ്പൽ നുൺഷിയോയായി നിയമിക്കപ്പെടുകയുംചെയ്തു ചരിത്രം സൃഷ്ടിച്ച അത്യുന്നത കർദ്ദിനാൾ ഫ്രാൻസിസ്കോ ബൊർഗൊഞ്ഞിനി ഡൂക്കാ തിരുമനസ്സുകൊണ്ടു് ഒക്ടോബർ 4-ാംനു റോമിൽവച്ചു നിര്യാതനായിരിക്കുന്നു. 1953-ൽ പരിശുദ്ധ പിതാവു് കർദ്ദിനാൾ സംഘത്തിലെ അംഗങ്ങളുടെ ഒഴിവുകൾ പൂർത്തിയാക്കിയതിനുശേഷം മരിക്കുന്ന മൂന്നാമത്തെ കർദ്ദിനാളാണു് തിരുമനസ്സുകൊണ്ടു്. മാർച്ചുമാസത്തിൽ കർദ്ദിനാൾ മസ്സിമി തിരുമനസ്സുകൊണ്ടും, കഴിഞ്ഞമാസത്തിൽ കർദ്ദിനാൾ ഷൂസ്റ്റർ തിരുമനസ്സുകൊണ്ടും ദിവംഗതരായി. റോമൻ പ്രശ്നം സംബന്ധിച്ചു് ഇറ്റാലിയൻ ഗവമ്മെൻറുമായി ആദ്യന്തം കൂടിയാലോചനകൾ നടത്തിക്കൊണ്ടിരുന്നതു സ്റ്റേറ്റു് സിക്രട്ടറിയേറ്റിൽ അക്കാലത്തു ഒരുദ്യോഗസ്ഥനായിരുന്ന മോൺസിഞ്ഞോർ ബൊർഗൊഞ്ഞിനി ഡൂക്കായായിരുന്നു. ഉടമ്പടി പൂർത്തിയായ കാലത്തു അദ്ദേഹം അസാധാരണ തിരുസഭാകാര്യങ്ങളുടെ തിരുസംഘത്തിന്റെ സിക്രട്ടറിയായിരുന്നു. ഉടമ്പടി പൂർത്തിയായപ്പോൾ അദ്ദേഹം കർദ്ദിനാൾ ഗസ്പാരി തിരുമേനിയാൽ ഹെരാക്ലിയാ എന്ന സ്ഥലത്തിന്റെ സ്ഥാനിക മെത്രാപ്പോലീത്തായായി അഭിഷേചിക്കപ്പെടുകയും ഇറ്റലിയിലെ നുൺഷിയോയായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 1953-ൽ തിരുമേനി കർദ്ദിനാളായി നാമകരണം ചെയ്യപ്പെടുന്നതുവരെ പ്രസ്തുത ഉദ്യോഗത്തിൽ തുടന്നു. 50 കൊല്ലക്കാലം തിരുമനസ്സുകൊണ്ടു് റോമൻ കൂരിയായിലെ ഉത്തരവാദിത്വമുള്ള ജോലികൾ നിർവ്വഹിച്ചിട്ടുണ്ടു്. തിരുമേനി ഒരു തികഞ്ഞ വേദശാസ്ത്രപണ്ഡിതനും, വാഗ്മിയായ പ്രസംഗകനുമായിരുന്നു. വൈദികജീവിതത്തിന്റെ ആദ്യഘട്ടത്തിൽ പ്രൊപ്പഗാന്താ കോളേജിലെ ഒരു അദ്ധ്യാപകനായിട്ടാണു് അദ്ദേഹം പ്രശോഭിച്ചിരുന്നതു്.

### ഇംഗ്ലണ്ടു പഴയ തെറ്റിനു പരിഹാരം ചെയ്തു

ഇംഗ്ലണ്ടിൽ വില്ലെസ്ഡനിലുള്ള "ബ്ലാക്കമഡോനാ" എന്നറിയപ്പെടുന്ന മാതൃസ്വരൂപത്തെ സംബന്ധിച്ച മ്ലാനമായ ഒരു ചരിത്രമുണ്ടു്. 400 കൊല്ലങ്ങൾക്കു മുമ്പു ഈ മാതൃസ്വരൂപം ശത്രുക്കളാൽ അപഹരിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തു. സ്വരൂപത്തിൽ അണിയിച്ചിരുന്ന വിലപിടിച്ച ആഭരണങ്ങളെല്ലാം അവർ ഊരിയെടുക്കുകയും സ്വരൂപത്തെ ലണ്ടനടുത്തുള്ള ചെൽസെയാ എന്ന സ്ഥലത്തുവച്ചു അഗ്നിക്കിരയാക്കുകയും ചെയ്തു. ദൈവദ്രോഹപരമായ ഈ നീചകൃത്യത്തിനു പരിഹാരമായി കഴിഞ്ഞ

### അന്ധന്മാർ മതാന്ധന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നു

ഇറ്റലിയിലെ അന്ധന്മാരുടെ അപ്പസ്തോലിക ക്രൂസേഡ് സംഘടനയുടെ അംഗങ്ങളായ കുരുടന്മാർ ഈയിടെ ലൊറേറ്റോ മാതാവിന്റെ തീർത്ഥത്തിലേക്കു അവരുടെ പ്രഥമ തീർത്ഥാടനം നടത്തി. പരിശുദ്ധ കന്യകയുടെ പാദാന്തികത്തിൽ അവർ നടത്തിയ പ്രാർത്ഥന ഹൃദയസ്പൃക്കായിരുന്നു. ലോകത്തിൽ വിശ്വാസവെളിച്ചം നഷ്ടപ്പെട്ട മതാന്ധന്മാർക്കു പ്രകാശംനൽകി അവരെ സത്യപ്രകാശത്തിലേക്കാനയിക്കണമെ എന്നായിരുന്നു അവരുടെ പ്രാർത്ഥന. ഈ തീർത്ഥകസംഘത്തിനു പരിശുദ്ധ പിതാവു് ഒരു പ്രത്യേകാശീർവ്വാദസന്ദേശം അയച്ചുകൊടുക്കുകയുണ്ടായി.

---

ആഴ്ചയിൽ ഇംഗ്ലണ്ടിന്റെ നാനാഭാഗത്തുനിന്നുമായി 94,000-ൽ പരം ജനങ്ങൾ വെംബ്ലിസ്റ്റേഡിയത്തിൽ സമ്മേളിക്കുകയും കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു് ആഡംബരമായ പരിപാടികൾക്കിടയിൽ മാതൃസ്വരൂപത്തിനും ഉണ്ണീശോയുടെ പ്രതിമയ്ക്കും രത്നങ്ങൾ പതിച്ച ഓരോ സ്വർണ്ണക്കിരീടങ്ങൾ ചാർത്തുകയും ചെയ്തു. വെല്ലെസ്ഡൻ തീർത്ഥസ്ഥലത്തിന്റെ ചരിത്രത്തെ സമൃക്കായി ചിത്രീകരിക്കുന്ന ഒരഭിനയവും, ജപമാലയുടെ ചരിത്രത്തെ വിശദമാക്കുന്ന വേറൊരഭിനയവും സരസമായി കൂട്ടിയിണക്കി രണ്ടു അഭിനയവേദികളിൽനിന്നു പ്രദർശിപ്പിക്കപ്പെട്ടുകൊണ്ടിരുന്നതു് പ്രത്യേകം ശ്രദ്ധാർഹമായ ഒരു പരിപാടിയായിരുന്നു. പരിശുദ്ധപിതാവു് ഈ അവസരം പ്രമാണിച്ചു കർദ്ദിനാൾ ഗ്രിഫിൻ തിരുമേനിക്കയച്ചിരുന്ന സന്ദേശം അപ്പസ്തോലിക്ക് ഡലഗേറ്റു് ആർച്ചുബിഷപ്പ് ഓഹാറാ തിരുമേനി സദസ്സിൽ വായിച്ചു. ചടങ്ങുകളുടെ അവസാനത്തിൽ തിരുസ്വരൂപം ഒരു വാഹനത്തിൽ പ്രതിഷ്ഠിച്ചു ലണ്ടൻ തെരുവുകളിലൂടെ മൂന്നു മൈൽ നീളത്തിൽ ഒരു പ്രദക്ഷിണമായി കൊണ്ടുവന്നു അതിന്റെ തീർത്ഥത്തിൽ സ്ഥാപിച്ചു. 200 വൈദികവിദ്യാർത്ഥികളാണു് പ്രദക്ഷിണത്തിൽ രഥം വലിച്ചതു്. ഏവംവിധം 400 കൊല്ലം മുമ്പു പരിശുദ്ധ കന്യകമറിയത്തിന്റെ തിരുസ്വരൂപത്തോടു ചെയ്ത നിന്ദനത്തിനു സമുചിതമായ പരിഹാരകൃത്യം നിർവ്വഹിച്ചിരിക്കുന്നു.

---

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

